KOTTAYAM PUBLIC LIBRARY

Call No. 894.53 Acc. No. 77902
KRFK

Author.

Title.

936

X

Presented by the Author to the Kottayam Public Library

ശ്രീ.

എടമനഗ്രന്ഥാവലി.] [പുസ്തകനമ്പ്ര് ൧.

# ക്രിയാസംഗ്രഹം.

ഗ്രന്ഥകത്താ:

വാകത്താനത്ത് എടമന.

ഏ. എം. കൃഷ്ണശമ്മാ.

പരിശോധകൻ.

കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്.

KOTTAYAM PUBLIC LIBRARY, KOTTAYAM. 7190[illegible]

൧-ാം പതിപ്പ് കോപ്പി ൧൦൦൦.

പഞ്ചാംഗം പ്രസ്സ്, കുന്നംകുളം.

൧൧൦൯.

പന്ത്രണ്ടണ മാത്രം) (വില ൧൨ണ.

(പകപ്പവകാശം ഗ്രന്ഥകത്താവിന്.)

294.53

പഞ്ചാംഗം പ്രസ്സ്, & പുസ്തകശാല, കുന്നംകുളം.

# മുഖവുര.

---

എടമന ഗ്രന്ഥാവലിയുടേ രണ്ടാംപുസ്തകമായി ആയിരത്തിയൊരുനൂററിമൂന്നിൽ പ്രസിദ്ധീകരണം ചെയ്തിട്ടുള്ള "ക്രിയാരത്നമാല"യുടേ റൈററിലിൻെറ നാലാം പേജിൽ "അച്ചടിപ്പാൻ തയാറു ചെയ്തിട്ടുള്ളവ" എന്ന ഹെഡ്ഡിംഗിൽ വിവരിച്ചിട്ടുള്ളവയില് ഒന്നാണല്ലോ ഇന്നു പ്രസിദ്ധീകരിക്കുന്നതായ ഈ "ക്രിയാസംഗ്രഹം".

"ക്രിയാരത്നമാല"യുടേ പൂർവ്വഭാഗത്തു നിന്നും സമാഹരിച്ചിട്ടുള്ള "ജാതകർമ്മക്രിയ"യും, ഉത്തരഭാഗത്തു നിന്നും ഉദ്ധരിച്ചിട്ടുള്ള ആദ്യംമുതൽ ശാന്തിഹോമപര്യ്യന്തവും, ഇവയ്ക്കുള്ള ഭാഷയും, ഈ ക്രിയാവിഭാഗങ്ങൾക്കു തന്നേ വന്നുകൂടാവുന്ന സ്ഖാലിത്യ വിഷയങ്ങൾക്ക് ഗദ്യത്തിൽ വിവർത്തനം ചെയ്തിട്ടുള്ള ഏതാനും ചില പ്രായശ്ചിത്തങ്ങളും ആകുന്നു ഈ ചെറിയ സംഗ്രഹത്തിലേ പ്രതിപാദ്യവിഷയം.

ഒരുകാലത്തു ബൌധായനന്മാരുടേ മന്ത്രതന്ത്രങ്ങൾക്കു കഴിയുന്നത്ര ഗ്രന്ഥസൌകര്യ്യവും, സംശയരാഹിത്യവും, ഉണ്ടാക്കിതീർക്കേണമെന്നുകരുതി ചെയ്ത ശ്രമംപോലേ ഇക്കാലത്തു മന്ത്രങ്ങൾക്കു സ്വരചിഹ്നം കൂടി കൊടുത്ത് ക്രിയാരത്നമാലയുടേ രണ്ടാംപതിപ്പിനാവശ്യ

പ്പെടുന്നാപക്ഷം ഇന്നേതന്നേ സുമാറുചെയ്തുവച്ചിട്ടുള്ള പ്രകാരം, ഈ സംഗ്രഹത്തിൽ വിവരിച്ചിട്ടുള്ള ക്രിയാമന്ത്രങ്ങൾക്കും, കൂടുതൽ പ്രയോജനത്തേ കരുതി "സ്വര"ക്കുത്തു കൂടി ഇട്ടിട്ടുള്ളതാകുന്നു. ഈ ഘട്ടത്തിൽ മന്ത്രങ്ങൾക്കുള്ള "സ്വര" വിഭാഗത്തേ ആസ്പദമാക്കി ഏതാനും ചില വിവരങ്ങൾ കൂടി പ്രസ്ഥാപിക്കുന്നത് അപ്രകൃതമായി വരികയില്ലെന്നു കരുതുന്നു.

ശാസ്ത്രങ്ങൾ നാനാമുഖങ്ങളും ലോകം ഭിന്നരുചിപരങ്ങളും ആണെന്നുള്ളത് അതതുകളുടേ ആവിർഭാവകാലം മുതൽക്കുതന്നേ സുസ്ഥാപിതമായ സംഗതിയാകുന്നുവത്രേ. വിജ്ഞേയങ്ങളുടേ വിഗതവിചികിത്സമായ പാരംഗതത്വം അമാനുഷന്മാരായ വിശേഷമുഷിവിഭാവന്മാർക്കല്ലാതെ ഉണ്ടോ? എന്നതും സംശയഗ്രസ്ഥമായ സംഗതി ആകുന്നു. "സർവ്വധർമ്മങ്ങളിലും മദ്ധ്യമമായ പദ്ധതിയേ അനുയാനം ചെയ്കയാണ് ഗത്യന്തര"മെന്നുള്ള വാഗ്ഭടമതത്തേ ആദരിച്ചുള്ള ഈ പ്രസ്ഥാവന പ്രയോജനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഋക്സംഹിത; കൃഷ്ണയജുർവ്വേദം; തൈത്തരീയശാഖ; ശുക്ലയജുർവ്വേദം; അഥർവ്വണവേദം; സാമസംഹിത; എന്നീ ശ്രുതിഗ്രന്ഥങ്ങളേ വരുത്തി ഞാൻ മുറജപിച്ചിട്ടുള്ളത്, ചടങ്ങിലുള്ള മന്ത്രങ്ങളുടേ മൂലഗ്രന്ഥങ്ങളേ കണ്ടറിയുന്നതിനും, തൽസ്വരങ്ങളുടേ നാനാത്വത്തേയും ആഗമാപഗമങ്ങളേയും മനസ്സിലാക്കുന്നതിനും മററുംകൂടി ആയിരുന്നു.

ശ്രുതികളിലുള്ള മന്ത്രങ്ങളേ രൂപത്തിലും സ്വരത്തിലും പ്രായേണ ഭേദഗതികൾ വരുത്തി ചടങ്ങിലുള്ള ഭൂരിഭാഗവും നിറയ്ക്കപ്പെട്ടിട്ടുള്ളതാണെന്നും വേദാന്യങ്ങളായ ഇതരമന്ത്രങ്ങൾ ചടങ്ങുകളിൽ ഉള്ളതായിട്ടും വേദങ്ങൾക്കു തന്നേ തമ്മിൽ പള്ളയും, കവലയും, ധാരാളമുണ്ടെന്നും ഉപരിഗവേഷണം മൂലം തന്ത്രമന്ത്രങ്ങൾ ആർഷപ്രോക്തങ്ങളാണെന്നും, മന്ത്രങ്ങൾക്കു പൊതുവേതന്നേ ശ്രൌതം; സ്മാർത്തം; ആർഷം; ഗ്രഹ്യം; എന്നിങ്ങനേ നാലു വിഭാഗങ്ങളുണ്ടെന്നും, ഇവയിൽ സ്വതവേ ശ്രൌതമന്ത്രങ്ങൾക്കേ സ്വരമുള്ളൂവെന്നും; ആർഷം; ഗ്രഹ്യം; എന്നിവയും സ്വരത്തിൽപ്പെടുത്തി ചൊല്ലുന്നുണ്ടെന്നും, സ്മാർത്തത്തിനും ചിലപക്ഷം സ്വരം നടപ്പുണ്ടെന്നും, ഇപ്രകാരം മന്ത്രങ്ങൾക്കു രൂപാന്തരവും, സ്വരഭേദവും, ദിവ്യന്മാരായ ഋഷീശ്വരന്മാരാൽ ദിവ്യചക്ഷുസ്സുകളേക്കൊണ്ടു തത്വദർശനം ചെയ്തു കല്പിച്ചിട്ടുള്ളതാണെന്നാണ് ആചാര്യമതമെന്നും ഗ്രഹിയ്ക്കുന്നതിനിടവന്നു.

അഷ്ടകം; പാർവ്വണം; സപിണ്ഡി; ദശമേഹനി; മുതലായ ക്രിയകളിൽ വിശേഷദേവാദികളേ തൊഴുതു യാത്രപറയുന്നഘട്ടത്തിൽ, മനുസ്മൃതിയിൽ; ശ്രാദ്ധവിഭാഗാവസരത്തിൽ പറയുന്ന "ദാതാരോനോ" എന്നുള്ള അനുഷ്ടുപ്പ് ശ്ലോകം സ്വരിച്ചു ചൊല്ലുന്നതും, ചൊല്ലിയ്ക്കുന്നതും, ഉപദേശപരമായ ഒരനുവർത്തനഫലമാകുന്നു. സ്വരമില്ലാതേയും ചടങ്ങുകളിൽ പലവാക്യങ്ങളു മുണ്ടെങ്കി

ല്ലം ചിലർ അവശ്യം സ്വരം കല്പിച്ചു കാണുന്നില്ലെ ന്നില്ല. ഋക്സാമവേദികൾ ചില മന്ത്രങ്ങൾ മാത്രമേ സ്വരിച്ചുചൊല്ലി ക്രിയകൾ നടത്തിക്കാണാറൊള്ളൂവെ ന്നതിനാൽ ശ്രൌതമന്ത്രങ്ങൾ മാത്രമേ അവർ സ്വരി ക്കാറൊള്ളു വെന്നനുമാനിക്കേണ്ടിയിരിക്കുന്നു. വേദങ്ങളിൽ നിന്നും സ്വരത്തിനും, ലിപിക്കും, രൂപാന്തരം ചെയ്തു ചടങ്ങിൽ ചേൎത്തിട്ടുള്ള മന്ത്രങ്ങൾക്കു ഉദാഹരണാൎത്ഥം ചിലതു ചുവടേ ചേൎക്കുന്നു.

### പുംസവനം.

കൃഷ്ണയജുസ്സംഹിത: ഷഷ്ഠം പ്രശ്ന: ഓത്ത് ൨.

"ആശീൎമ്മ ഊൎജ്ജമുത സുപ്രജാസ്ത്വമിഷം ദധാ
തു ദ്രവിണം സവൎച്ചസം: സംജയൻ ക്ഷേത്രാണി സ
ഹസാഹമിന്ദ്രകൃണ്വാനോ അന്യാം അധരാൻ സപ
ത്നാൻ."

അഥൎവ്വവേദസംഹിത: ദ്വിതീയം കാണ്ഡം: പഞ്ചമോനുവാകം ൩൯-ാമതു ഖണ്ഡിക.

"ആശീൎണ്ണ ഊൎജ്ജമുത സൌപ്രജസ്ത്വം ദക്ഷം ധ
ത്തം ദ്രവിണം സചേതസൌ: ജയം ക്ഷേത്രാണി സഹ

സായമിന്ദ്രശ്ശണ്ണ്പനോ അന്ന്യാനധരാൻ സപത്നാൻ".

ഔപാസനം കാച്ചികെട്ടുന്നതിന്നു തൈത്തരീയശാഖത്രയോദശപ്രശ്നം ഓത്ത് വ.

"അയം തേ യോനി ഋത്വിയോ യതോ ജാതോ അരോചഥാഃ തജ്ജാനന്നഗ്ന ആരോഹാഥാനോ വദ്ധ്യാരയിം".

ഋക്സംഹിത; അഷ്ടകം ന; അദ്ധ്യായം ൧; രണ്ടാമത്തതിന്നുമാത്രമെ ഭേദമൊള്ളു.

"തംജാനന്നഗ്ന ആസീദാഥാനോവദ്ധ്യാഗിരഃ".

വിഷ്ണുബലി.

തൈത്തരീയശാഖ ദ്വാദശപ്രശ്നം. ഓത്തു. ന.

"പ്രതദ്വിഷ്ണുസ്തവതേ വീര്യായ മൃഗോനഭീമഃ കുചരോഗിരിഷ്ഠാഃ."

ശുക്ലയജുർവ്വേദസംഹിത; പൂർവ്വവിംശതി പഞ്ചമോദ്ധ്യായം.

"പ്രതദ്വിഷ്ണു സ്തവതേ വീര്യേണമൃഗോനഭീമഃ കുചരോഗിരിഷ്ഠാ."

പാഹി.

ശുക്ലയജുർവ്വേദസംഹിത; സപ്തവിംശോദ്ധ്യായം.

"പാഹി ഗീർഭിഃ സ്തിസൃഭിരൂർജ്ജാംപതേപാഹി ചതസൃഭിർവ്വസോ".

സാമവേദസംഹിതയിൽ അല്പമാത്രമെ ഭേദമൊള്ളു.

—"പാഹിചത ഷ്ടരഭിർവ്വസോ".

വിവാഹാനന്തരമുള്ള സന്ധ്യോപസ്ഥാനത്തിനുള്ള മന്ത്രം. ഋക്സംഹിത.

"നീലലോഹിതേഭവതി കൃത്യാസക്ത്യർവ്യജ്യതേ."

വിവാഹം.

"നീലലോഹിതേഭവതഃ. കൃത്യാസക്ത്യർവ്യജ്യതേ."

ഇപ്രകാരം വേദമന്ത്രങ്ങൾ ഉദ്ധരിച്ച് സ്വരങ്ങൾക്കും, വർണ്ണങ്ങൾക്കും, രൂപാന്തരം ചെയ്തു ക്രിയകളിൽ ചേർത്തിട്ടുണ്ടെന്നു സ്പഷ്ടമായി മനസ്സിലാകുന്നു. ഇതാകുന്നു എന്റെ ആ തീവ്രമായ മൂറജപത്തിന്റെ ഐഹികഫലത്തിന്റെ മുഖ്യഭാഗം.

പ്രവൃത്തികൾക്കു ഒരിക്കലും ഒരിടത്തും വിരാമം കാണുന്നില്ലാ. സുഖലബ്ധിയാണല്ലോ പ്രവൃത്തികളുടേ ഉദ്ദേശം. അപ്പോൾ സുഖത്തിന്റെ പരിമാണം ആരും കണ്ടിട്ടില്ലെന്നല്ലേ അർത്ഥം. സുഖസൌകര്യങ്ങളിലുള്ള ആഗ്രഹം ലോകത്തിൽ വർദ്ധിച്ചു കൊണ്ടേ ഇരിക്കുന്നു.

ഇവയ്ക്കുനേരിടുന്ന ഭംഗമാണ് വൈരാഗ്യത്തിന്റെയും, കലഹങ്ങളുടേയും ബീജം. സാഹിത്യലോകത്തിലും, രാഷ്ട്രീയാന്തരീക്ഷത്തിലും ഇന്നുണ്ടായിക്കൊണ്ടിരിയ്ക്കുന്ന വിപ്ലവങ്ങളെല്ലാം കണ്ടും, കേട്ടും നമുക്കനുഭവപ്പെട്ടിട്ടുള്ളതാണല്ലോ. ഇന്നത്തേ സഹനസമരപ്രസ്ഥാനം ഈ സംഗതിയ്ക്കു മതിയായ സാക്ഷിയാകുന്നു. സുഖസൌകര്യ്യങ്ങൾക്ക ആചാരാനുഷ്ഠാനങ്ങൾ പ്രതിബന്ധങ്ങളായി നില്ക്കുന്നതുകൊണ്ടും കൂടിയാണു സാമുദായികപരങ്ങളായി അവിടവിടെ പലേ കലഹങ്ങളും തകരാറുകളും സംഭവിച്ചു കാണുന്നത്.

ശ്രീപരശുരാമസ്വാമിയാൽ കേരളമൊട്ടുക്ക പാർപ്പിയ്ക്കപ്പെട്ടിട്ടുള്ള നമ്മൾപെട്ട മലയാള ബ്രാഹ്മണരിൽ ഭിന്നതയേ കാണിയ്ക്കുന്നതാണെന്നഭിമാനിയ്ക്കപ്പെടുന്ന പലേ പെരുമാററങ്ങളും പേരുമാററങ്ങളും അന്നുമിന്നും കണ്ടും, കേട്ടും, അനുഭവിച്ചു തൃപ്തിവന്നിട്ടുണ്ടെന്നാണ് കേൾവിയേ അടിസ്ഥാനമാക്കി ഇന്നുള്ള അനുഭവം.

ഇവയേ ധ്വംസിയ്ക്കുന്നതിനുള്ള ഉപകരണങ്ങളിലൊന്നാണ് ഇന്നത്തേ അഖിലകേരളപ്രസ്ഥാനം. മററൊന്നു വെറും പേരുകൊണ്ടുമാത്രം ഭിന്നതയേ കാണിയ്ക്കുന്ന നമ്പി; പോററി; നമ്പിതിരി; നമ്പൂരി; നമ്പൂതിരിപ്പാട്; ഭട്ടതിരി; ശർമ്മാ ഇത്യാദി അനൎത്ഥാന്തരങ്ങളായ പര്യ്യായപദങ്ങളുമാകുന്നു. ദേശം, കാലം, ഭാഷ, ആ

ചരണം, ധനസമിതി, മുതലായ പലതും ഈ അനത്ഥാന്തരപദങ്ങളുടേ ഉല്പത്തിയ്ക്കു കാരണങ്ങളുമാകുന്നു. ഈ പേരുമാററസംഗതികൊണ്ടും തകരാറുകളും കലഹങ്ങളും അവിടവിടേ നടക്കുന്നുണ്ടെന്നു തെളിയിയ്ക്കുന്നതിനു വേണ്ടിമാത്രം ഇത്രയും പ്രസ്ഥാനം തെററി പ്രസ്ഥാപിച്ചു പോയതാകുന്നു. ഇതിൽ ആരും അന്യഥാ ശങ്കിയ്ക്കുയോ, തെററിദ്ധരിയ്ക്കുയോ, ചെയ്യരുതെന്നു അപേക്ഷിയ്ക്കുകയും കൂടി ചെയ്യുന്നു.

അവിചാരിതമായി സംഭവിയ്ക്കാവുന്ന ജാതകമ്മം സംസ്കാരം മുതലായ ക്രിയകളും ആകസ്മികമായി നേരിടുന്ന സ്ഖാലിത്യങ്ങൾക്കുള്ള പ്രായശ്ചിത്തങ്ങളും വിദേശങ്ങളിൽ ചെന്നു സമയം കാത്തു ആചാൎയ്യന്മാരേ കണ്ടാലോചിച്ച് നടത്തുന്നതിന് സമയദൌല്ലഭ്യവും അസ്വാതന്ത്ര്യവും കൊണ്ടുണ്ടാകാവുന്നവിഷമതയേ പരിഹരിച്ച് സമത്വവും, സ്വാതന്ത്ര്യവും, സൌകൎയ്യവും, സമുദായത്തിൽ, എല്ലാവക്കും ഒരുപോലുണ്ടാക്കി, ആവശ്യക ക്രിയകളും പ്രായശ്ചിത്തങ്ങളും സ്വയം അറിഞ്ഞു യഥാകാലം, യഥാവിധി അനുഷ്ഠിച്ചു വംശവൃദ്ധിയും, അഭ്യുദയമാൎഗ്ഗവും നേടേണമെന്നുള്ളതാകുന്നു എന്റെ ഈ ഗ്രന്ഥനിൎമ്മാണത്തിന്റെ പ്രഥമവും പ്രധാനവും ആയ ഉദ്ദേശം..

ഈ ഗ്രന്ഥം മൂലം എന്റെ ശ്രമം കേരളീയബ്രാഹ്മണ സമുദായത്തിൽ സഫലമാകുന്ന പക്ഷം ക്രിയാരത്ന

മാലയുടേ രണ്ടാം പതിപ്പിനെന്നുദ്ദേശിച്ച സ്വരമിട്ടുവച്ചിരിയ്ക്കുന്നതിനും പുറമേ, പ്രായശ്ചിത്തവിഷയങ്ങളും പ്രായശ്ചിത്തങ്ങളും ഒന്നുകൂടി സൌകൎയ്യപ്രദമാകുംവിധം വിവൎത്തനം ചെയ്തു ചേൎക്കണമെന്നും ആശിയ്ക്കുന്നു. ഇതിൽ ചേൎക്കേണ്ടതായ പ്രായശ്ചിത്തവിഷയങ്ങൾ പരിപൂൎണ്ണമായി എന്നു ലേശമഭിമാനിയ്ക്കുന്നില്ല.

സ്വന്തകൃത്യങ്ങൾ നീക്കിവച്ചിട്ടുപോലും ഈ ഗ്രന്ഥം സമഗ്രം സനിഷ്കൎഷം പരിശോധിച്ചുതന്ന സുഹൃത്തമനായ ബ്രഹ്മശ്രീ ചീരക്കാട്ടു ദ്വിവേദി നാരായണൻ നമ്പൂതിരി അവർകളോടും; സാവധാനം ഈ പുസ്തകം ആസകലം വായിച്ചുനോക്കി ഹൃദയംഗമങ്ങളായ അവതാരികകൾ എഴുതിതന്ന സമുദായോത്തേജകന്മാരും ബ്രഹ്മശ്രീമാന്മാരുമായ തെക്കേടത്തുമനയ്ക്കൽ സീ. വാസുദേവൻ ഭട്ടതിരിപ്പാട് അവർകളോടും; ചെങ്ങഴിമററം സീ. എൻ. തുപ്പൻനമ്പൂതിരി എം. എൽ. സീ. അവർകളോടും; സാരഗൎഭമായ അഭിപ്രായങ്ങൾ അയച്ചുതന്ന ബ്രഹ്മശ്രീമാന്മാരായ കാലടിമനയ്ക്കൽ സൂൎയ്യൻ തുപ്പൻ ഭട്ടതിരിപ്പാട് അവർകളോടും; കോലത്തുനാട്ടിൽ ചിററന്തൂർ ഇളയടത്ത് ഓതിയ്ക്കോൻ പോക്കിയോളം കേശവൻ നമ്പൂതിരി അവർകളോടും; സനിഷ്കൎഷം പ്രസാധനം ചെയ്തിട്ടുള്ള എന്റെ പ്രിയസുഹൃത്തമൻ കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടവർകളോടും പലതരം സഹായസഹകരണങ്ങൾ അനവരതം ചെയ്തിട്ടുള്ള അന്ന

ജൻ ജി. ശങ്കരശൎമ്മാ മുതലായവരോടും; ഞാൻ ഏററവും കൃതജ്ഞതയുള്ളവനാകുന്നു.

മുഖവുര എനിയും ദീൎഗ്ഘിപ്പിച്ചാൽ ഗ്രന്ഥത്തിനേക്കാൾ വിസ്തൃതമായിപ്പോയേക്കുമോ എന്നു ശങ്കിച്ചു ചുരുക്കുന്നു. മുദ്രണം സംബന്ധിച്ചു പഞ്ചാംഗംപ്രസ്സുകാരേയും ഈ അവസരത്തിൽ അനുസ്മരിക്കുന്നു. ഈ പുസ്തകത്തിൽ വല്ല ന്യൂനതകളുമകപ്പെട്ടിട്ടുണ്ടെങ്കിൽ അവയേ പരിഹരിക്കുന്നതിനും, അഭ്യുദയമാൎഗ്ഗങ്ങളേ ഉപരി ഉപരി ഉപദേശിച്ചു അനുഗ്രഹിക്കുന്നതിനും, ആചരിക്കുംവിധം ആചരിക്കുന്നതിനും, സദാ അഭ്യൎത്ഥിച്ചുകൊണ്ടും, ഈ ക്രിയാസംഗ്രഹമെന്ന ചെറുപുസ്തകം കിഞ്ചിജ്ഞനായ ഞാൻ വൈദികജനസമക്ഷം ഭക്തിബഹുമാനപൂൎവ്വം സമൎപ്പിച്ചുകൊള്ളുന്നു.

വൈദിക കലാലയം,
വാകത്താനം,
൯൯—൧—൧൧൦൬.

ഗ്രന്ഥകൎത്താ,
സുജനവിധേയഃ,
എടമന ഏ. എം. കൃഷ്ണശൎമ്മാ.

# അവതാരിക.

(൧)

പൂൎവ്വാചാരങ്ങൾ നിലനില്ക്കുന്നിടത്തോളംകാലം അവയെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങളേയും ഉപേക്ഷിയ്ക്കുവാൻ നിവൎത്തിയില്ല. മന്ത്രങ്ങളും തന്ത്രങ്ങളും മററുള്ളവർ അറിയുവാൻ പാടില്ലന്നുള്ള സങ്കുചിതമനസ്ഥിതി മൂലമാണ് അവയേ പുസ്തകരൂപേണ പ്രകാശിപ്പിക്കുവാൻ പൂൎവ്വാചാൎയ്യന്മാർ മടിച്ചിരുന്നതു്. പ്രസ്തുത മനോഭാവം നിമിത്തം കേരളത്തിലേ നിരവധി മഹൽഗ്രന്ഥങ്ങൾ ചിതലിനും പാററയ്ക്കും തീററയായി തീൎന്നിട്ടുണ്ട് എന്നുള്ളതു് ഏതൊരു സഹൃദയനേ ആണ് സങ്കടപ്പെടുത്താത്തതു്. ഭാഗ്യവശാൽ ഇനിയും കേരളീയൎക്ക് അത്യന്താപേക്ഷിതങ്ങളായ അനവധി ഗ്രന്ഥങ്ങൾ അവശേഷിച്ചിരിപ്പുള്ളതിനേ പുസ്തകരൂപേണ പ്രകാശിപ്പിയ്ക്കുവാൻ ചിലർ തുടങ്ങിയിട്ടുള്ളതു് അഭിനന്ദനാൎഹമാണന്ന് നിസ്സംശയം പറയാം.

പുരോഹിതന്മാരുടെ സഹായസഹകരണങ്ങൾ കൂടാതെ ആകസ്മികമായി സംഭവിയ്ക്കുന്ന ക്രിയകൾ നടത്തുവാൻ പൎയ്യാപ്തമായ വിധം അനുപേക്ഷണീയങ്ങളായ ഭാഗങ്ങളേയും മിക്കവാറുമുള്ള പ്രായശ്ചിത്തങ്ങളേയും തിരഞ്ഞെടുത്തു് പ്രകാശിപ്പിക്കുവാൻ ബദ്ധകങ്കണനായ ബ്രഹ്മശ്രീ വാകത്താനത്ത് എടമന എ. എം. കൃഷ്ണശൎമ്മ

അവർകൾക്കു സജ്ജനങ്ങളുടേ ആശീർവ്വാദങ്ങൾ അനവേലം അഭ്യർത്ഥിതമായിരിക്കും. ഗ്രന്ഥകർത്താവിന്റെ ആയുരാരോഗ്യങ്ങൾക്കും ഗ്രന്ഥത്തിന്റെ പ്രചുരപ്രചാരത്തിനും പ്രാർത്ഥിച്ചുകൊണ്ട് 'ക്രിയാസംഗ്രഹം' എന്ന ഈ ഗ്രന്ഥത്തേ കേരളീയ സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

കടമാളൂർ,
മാന്നാനം,
൧൧൦൩ — ൭ — ൧൨-ന്നു.

സീ. വാസുദേവൻ ഭട്ടതിരിപ്പാട്.
(ഒപ്പ്.)
തെക്കേടത്തു മന.

---

(൨)

ലോകഗതി മനസ്സിലാക്കി അനുവർത്തിയ്ക്കുക പണ്ഡിതന്മാരുടെ ലക്ഷണമാണെന്നാകുന്നു ആചാര്യമതം. ഇതിനെ ആദരിച്ച് ഈ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ള ബ്രഹ്മശ്രീ വാകത്താനത്തിടമന സർവ്വഥാ അനുമോദനീയനാകുന്നു. മുമ്പിഞ്ഞിരുന്ന് ഉരുവിട്ട മന്ത്രതന്ത്രങ്ങൾ ഉപസ്ഥിതിവരുത്തുന്നതിൽ വൈമുഖ്യമുള്ളവരാണ് ഇന്നത്തേ യുവലോകം. കല്പകൾക്കു നാശം സംഭവിക്കത്തക്കവിധം പ്രകൃതിയ്ക്കു മാററം വന്നു കഴിഞ്ഞിട്ടില്ലാതാനും. അപ്പോൾ ഈവക കാര്യങ്ങൾ ഇനിയും കുറേക്കാലം കൂടി നിലനില്ക്കണമെങ്കിൽ പുസ്തകസ്ഥാപിതമാക്കാതേയും അവ അനുഷ്ഠിയ്ക്കണമെങ്കിൽ മിക്കവാറും പുസ്തകസഹായമില്ലാതേയും കഴികയില്ലെന്നു വന്നിട്ടുണ്ട്.

അതിനാൽ ലോകഗതി അറിഞ്ഞ് ആ പന്ഥാവിൽ കൂടി കാൎയ്യവിചാരം നടത്തി ഗ്രന്ഥനിൎമ്മാണം ചെയ്തു വൈദിക അടിയന്തിരങ്ങൾ യഥാവിധി ഭക്തിശ്രദ്ധാസമേതം സാധിയ്ക്കുന്നതിന് അനായാസേന ഉപായം ഈ ഗ്രന്ഥോപഹാരംമൂലം നമുക്കു സാധിച്ചു തന്ന ബ്രഹ്മശ്രീ വാകത്താനത്തു എടമന കൃഷ്ണശൎമ്മാ അവർകൾ സകലൈശ്വൎയ്യങ്ങളോടു കൂടി ഇനിയും ഈദൃശഗ്രന്ഥങ്ങൾ നിൎമ്മിയ്ക്കുന്നതിനും ഇതിനു തന്നേ പ്രചുരപ്രചാരമുണ്ടാകുന്നതിനും സാക്ഷാൽ ജഗദംബികയോടു പ്രാൎത്ഥിച്ചുകൊണ്ടു ഈ ക്രിയാസംഗ്രഹത്തെ മഹാബ്രാഹ്മണസമക്ഷം സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

കുമാരനല്ലൂർ, ⎫ സീ. എൻ. തുപ്പൻ നമ്പൂതിരി (ഒപ്പ്)
൧൧൦൬—൭—൧൧൦൬. ⎭ എം. എൽ. സി.

---

## അഭിപ്രായം.

---

നട്ടാശ്ശേരി—കോട്ടയം.
12—5—1106.

ബ്രഹ്മശ്രീ വാകത്താനത്ത് ഇടമന ഏ. എം. കൃഷ്ണശൎമ്മാ അവർകൾ എഴുതിയിരിയ്ക്കുന്ന "ക്രിയാസംഗ്രഹം" എന്ന പുസ്തകം ഞാൻ സാമാന്യമായി ഒന്നു നോക്കുകയുണ്ടായി. വൈദികകാലംമുതൽ സാദരം ആചരിച്ചു വന്നിരുന്ന സംസ്കാരകൎമ്മങ്ങൾ ഒരുവക വഴവാടു

പോലേ പുലത്തിഃപ്പോരുന്ന ഇക്കാലത്ത് പ്രായശ്ചിത്തങ്ങളേകൊണ്ടല്ലാതേ സാധൂകരിയ്ക്കാൻ നിവൃത്തിയില്ലന്നമട്ടിലായിരിയ്ക്കുന്നു ആ സ്ഥിതിയ്ക്ക് സംസ്കാരകൎമ്മങ്ങളിലും തൽപ്രായശ്ചിത്തവിധികളിലുമുള്ള പരിചയം വൈദികന്മാരേപ്പോലേതന്നേ സാധാരണന്മാൎക്കും അത്യാവശ്യമാകുന്നു. അതിന് ഇതുമാതിരി പ്രസിദ്ധീകരണങ്ങളല്ലാതേ മറെറാന്നും ഉപകരിയ്ക്കയില്ല. അതുകൊണ്ട് മേലാലും ഇത്തരത്തിലുള്ള പ്രസിദ്ധീകരണത്തിന് ഗ്രന്ഥകാരനേ ജഗദീശ്വരൻ കടാക്ഷിയ്ക്കട്ടേ!

കാലടിയിൽ സൂൎയ്യൻ തുപ്പൻ ഭട്ടതിരിപ്പാട്.
(ഒപ്പ്.)

---

(൨)

തികച്ചും "ക്രിയാരത്നമാല"യുടേ സാഹോദൎയ്യം വഹിയ്ക്കുന്നതാകുന്നു ഈ "ക്രിയാസംഗ്രഹ"മെന്ന പുസ്തകം. നമുക്കൊക്കേ ഈവിധമുള്ള പുസ്തകങ്ങൾ ഏററവും അത്യാവശ്യമാകുന്നു. കേരളീയബ്രാഹ്മണരായ നാം ഗ്രന്ഥകാരന് വിജയമാശംസിയ്ക്കുകയല്ലാതെ മറെറന്തൊരു പ്രത്യുപകാരമാണു ചെയ്യുക. ഗ്രന്ഥകൎത്താവിനു സകല വിജയങ്ങളും, പരിപാവനവും ഉൽകൃഷ്ടവുമായ ഈ ഗ്രന്ഥത്തിനു പ്രചാരവും ഉണ്ടാകുന്നതിനു ശ്രീമഹാദേവനേ സാദരം പ്രാൎത്ഥിക്കുന്നു.

ചിററൂര, എളയടത്ത കാതിക്കോൻ പേക്കോളം കേശവൻ നമ്പൂതിരി (ഒപ്പ്.)
൧൧൦൬ ധനു ൨൭-൦൦൬-.

---

# വിഷയവിവരം.

## "ക്രിയാസംഗ്രഹം."


| വിഷയ നമ്പർ | വിഷയവിവരം. | പേജ് നമ്പർ |
|---|---|---|
| ൧ | ജാതകൎമ്മം. | 1 |
| ൨ | സ്ത്രീജാതകൎമ്മം. | 4 |
| ൩ | ആശൌചകാലനിയമം. | 5 |
| ൪ | ദാസിദാനം. | 6 |
| ൫ | ഭൂദാനം. | ,, |
| ൬ | ഏകച്ചം. | 7 |
| ൭ | മന്ത്രസംസ്കാരം. | 9 |
| ൮ | പുനസ്സംസ്കാരം. | 27 |
| ൯ | പ്രേതശുദ്ധി. | 28 |
| ൧൦ | ഗൎഭിണിസംസ്കാരം. | 37 |
| ൧൧ | ഉദകക്രിയ. | 42 |
| ൧൨ | ദശാഹബലി. | 45 |
| ൧൩ | സഞ്ചയനം. | 46 |
| ൧൪ | പിണ്ഡം. | 54 |
| ൧൫ | നിത്യബലി. | 61 |
| ൧൬ | ദീക്ഷനിൎത്തൽ. | 62 |
| ൧൭ | എടമാസങ്ങൾ. | 63 |
| ൧൮ | ശാന്തിഹോമം. | 64 |

## ക്രിയാസംഗ്രഹംഭാഷ.


| ... | വിഷയവിവരം. | പേജ് നമ്പർ |
|---|---|---|
| ... | ജാതകർമ്മം. | 71 |
| ... | ഏകച്ഛം. | 72 |
| ... | മന്ത്രസംസ്കാരം. | ,, |
| ... | പുനസ്സംസ്കാരം. | 80 |
| ... | പ്രേതശുദ്ധി. | 81 |
| ... | ഗർഭിണിസംസ്കാരം. | 82 |
| ... | ഉദകക്രിയ. | 83 |
| ... | ദശാഹബലി. | 84 |
| ... | സഞ്ചയനം. | ,, |
| ... | പിണ്ഡം. | 87 |
| ... | ശാന്തിഹോമം. | 88 |


## ക്രിയാസംഗ്രഹംപ്രായശ്ചിത്തങ്ങൾ.


| വിഷയ നമ്പർ | വിഷയവിവരം. | പേജ് നമ്പർ |
|---|---|---|
| | വിവരണം. | 90 |
| ൧ | ബാലൻ ചെയ്യേണ്ടതായ സംസ്കാരം. | 91 |
| ൨ | കൂട്ടമരണം. | 93 |
| ൩ | ശവത്തെ മുക്കി സംസ്കാരം. | 94 |
| ൪ | ബ്രമ്മചാരിസംസ്കാരം. | 95 |

| വിഷയ നമ്പർ | വിഷയവിവരം | പേജ് നമ്പർ |
|---|---|---|
| ൫ | ക്രിയാർഹത. | 95 |
| ൬ | അന്ത്യചരണസംസ്കാരം. | 97 |
| ൭ | അട്ടപ്പം. | ,, |
| ൮ | സംസ്കാരത്തടവു. | ,, |
| ൯ | സംസ്കാരത്തിനു കൂടൽ. | 98 |
| ൧൦ | ചരണം മാറിയാൽ. | ,, |
| ൧൧ | സംസ്കാരമദ്ധ്യേ സന്ധ്യ. | 99 |
| ൧൨ | സംസ്കാരമദ്ധ്യേ പുല. | 100 |
| ൧൩ | മദ്ധ്യോപസ്ഥാനം. | ,, |
| ൧൪ | സംസ്കാരപ്പിഴവിൽ. | ,, |
| ൧൫ | അസ്ഥിസംസ്കാരം. | ,, |
| ൧൬ | സംസ്കാരാവൎത്തനം. | 101 |
| ൧൭ | കൎമ്മമദ്ധ്യേപുല. | 102 |
| ൧൮ | അഗ്നിഹോത്രിസംസ്കാരം. | 103 |
| ൧൯ | സംസ്കാരാദിക്കു കൂട്ടുന്നവർ. | 104 |
| ൨൦ | സംസ്കാരം പെയ്യിക്കൽ. | ,, |
| ൨൧ | ഗ്രഹണം. | ,, |
| ൨൨ | ബാലമരണാദിയിങ്കലുള്ള അശുദ്ധി. | ,, |
| ൨൩ | സമാശൌചമുള്ള പല തറവാട്ടു. | 105 |
| ൨൪ | കൎത്താവു മരണം കേട്ടാൽ. | ,, |
| ൨൫ | സന്ധ്യാവൎത്തനം. | 106 |
| ൨൬ | പുലയിൽ പുണ്യാഹം. | ,, |
| ൨൭ | കുടിക്കുനീർ. | 107 |
| ൨൮ | പുലയിൽ പൂണുനൂൽ പൊട്ടിയാൽ. | ,, |
| ൨൯ | ക്ഷൌരനിമിത്തം. | 108 |

| വിഷയ നമ്പർ | വിഷയവിവരം. | പേജ് നമ്പർ |
|---|---|---|
| ൩൦ | കൊട്ടുബലിപ്പിഴ. | 109 |
| ൩൧ | കൊട്ടുബലിക്കു കൂടൽ. | 110 |
| ൩൨ | രണ്ടു കൊട്ടുബലി. | ,, |
| ൩൩ | ചിത അശുദ്ധി— സഞ്ചയനം. | 112 |
| ൩൪ | സഞ്ചയനം മറന്നാൽ. | 113 |
| ൩൫ | പുലപോസ ദശാഹം. | ,, |
| ൩൬ | ജാതകർമ്മത്തിനുമുമ്പു ഏകാദശപിണ്ഡം. | ,, |
| ൩൭ | വിവാഹദീക്ഷയിൽ പിണ്ഡം. | 114 |
| ൩൮ | സ്ത്രീകൾ പിണ്ഡം വയ്ക്കൽ. | ,, |
| ൩൯ | ആചാര്യപിണ്ഡം. | 115 |
| ൪൦ | സർവ്വസ്വദാനത്താലും മററും പിണ്ഡം. | 116 |
| ൪൧ | പത്തുപിലയില്ലാത്ത പിണ്ഡകർത്തൃത്വം. | ,, |
| ൪൨ | പിണ്ഡവും ശ്രാദ്ധവും. | 117 |
| ൪൩ | പിണ്ഡം വയ്ക്കണ്ടാത്തതു. | 118 |
| ൪൪ | കൂട്ടിയാൽ കൂടാവുന്നതും അരുതാത്തതും. | 119 |
| ൪൫ | പുലയിൽ ക്രിയ. | ,, |
| ൪൬ | അതികാലാശൌചം. | 120 |
| ൪൭ | ഉപ്പുപുലയിൽ ശ്രാദ്ധാദി. | 121 |
| ൪൮ | ദീക്ഷയിൽ ക്രിയ. | 122 |
| ൪൯ | ദീക്ഷയിൽ ശ്രാദ്ധാദി. | 123 |
| ൫൦ | ദീക്ഷ വീടൽ. | 124 |
| ൫൧ | ശ്രാദ്ധം. | 126 |
| ൫൨ | സ്ത്രീകൾ ശ്രാദ്ധമൂട്ടൽ. | ,, |
| ൫൩ | ശാന്തിഹോമം. | 127 |
| | പരസ്യം | 128 |

# ശുദ്ധിപത്രം.

| പേജ്. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 3 | 13 | മസ്പൃതം | മസ്തൃതം |
| ,, | 16 | തന്തൂനാം | തന്തൂനാം |
| 5 | 18 | ഈക്കാൻ | ഊക്കാൻ |
| 10 | 9 | ആയുഷപ്ര്രാണം | ആയുഷപ്ര്രാണം |
| ,, | 10 | സന്തനുഃ | സന്തനുഃ |
| ,, | 16 | ദിവസ്സ്വ | ദിവസ്സ്വ |
| 13 | 5 | കട്ടിലിത | കട്ടിലിൽ |
| 14 | 6 | ദഭാഗ്രഹമിട്ട് | ദഭാഗ്രമിട്ട് |
| 19 | 18 | അനുസ്ധരണി | അനുസ്തരണി |
| 20 | 14 | സോമോദീക്ഷയാ | സോമോദീക്ഷയാ |
| 22 | 7 | ഇന്ദ്രസോമാ | ഇന്ദ്രസോമാ |
| ,, | 9 | ജുഹ്വാദിവി | ജുഹ്വാദിവി |
| 23 | 1 | ധാര്യ | ധാര്യ |
| ,, | 10 | പുഷ്ടിം | പുഷ്ടിം |
| 24 | 8 | പുഷ്ടിം | പുഷ്ടിം |
| 27 | 3 | ആരഥ | ന്ധരഥ |

| പേജ്. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 30 | 11 | തെളിഷ്യ | തളിഷ്യ |
| 31 | 5 | ജനയഥാ | ജനയഥാ |
| 33 | 12 | സോമമിന്ദ്രായ | സോമമിന്ദ്രായ |
| 39 | 5 | നേഷ | നേഷ |
| 41 | 2 | വൃഷ്ണേപ്രവഥ്യാ | വൃഷ്ണേപ്രവഥ്യാ |
| ,, | 4 | വൃഷ്ണേ | വൃഷ്ണേ |
| 47 | 17 | ആല് | നൂല് |
| 48 | 3 | വേദസഹാഹാ | വേദസഹാഹാ |
| ,, | 8 | മാവിവേശ | മാവിവേശ |
| ,, | 15 | മോദകേ | ചോദകേ |
| 52 | 14 | അശ്മന്നതീരേവതീ | അശ്മന്നതീരേവതീ |
| 66 | 1 | ചക്ഷുഷീ | ചക്ഷുഷി |
| 68 | 12 | ആവ്യായ | ആപ്യായ |
| 70 | 2 | യിട്ടരി | യിട്ടിരി |
| 113 | 24 | ജാജകർമ്മം | ജാതകർമ്മം |
| 119 | 2 | സ്സംസ്കരം | സ്സംസ്കാരം |
| 123 | 8 | ദേശാചരം | ദേശാചാരം |

——:——

ശ്രീ

# ക്രിയാസംഗ്രഹം.

"ശ്രീശിരിഷപദാ" ലംബാ-
"ന്തരഗേഹ" വിരാജിതം
കലയാമി കലാധാരം
"ഗോവിന്ദം മാധവം" ഗുരും.
കൎമ്മകാണ്ഡാൽ സമുദ്ധൃത്യ
"ക്രിയാസംഗ്രഹ" മുച്യതേ
അവിഘ്നപരിപൂൎത്ത്യൎത്ഥം
ഭജേഹം ഗണനായകം.

൧. ജാതകൎമ്മം.

ജാതേ സുതേ തദ്വദനം നിരീക്ഷ്യ-
സ്നാത്വാ സചേലഞ്ച ധൃതാൎദ്രവസ്ത്രഃ
ദത്വാ ദ്വിജേഭ്യോ ദ്രവിണാനി കുൎയ്യാ-
ത്തസ്യാശു ജാതസ്യ ഹി ജാതകൎമ്മ.

പ്രജ്ഞാദിവൎദ്ധനാൽ പൂൎവ്വം
ജാതകൎമ്മ വിധീയതേ
മന്ത്രവൽപ്രാശനം തസ്യ
ഹിരണ്യമധുസൎപ്പിഷാം.

ഏതദ്വചനങ്ങളാൽ ബാലനുണ്ടായാലുടൻ-ഒന്നര ദിവസി (൯൦ നാഴിക) ക്കകം പിതാവു ജാതകമ്മം ചെയ്യേണ്ടതാകുന്നു. സന്ധ്യാവന്ദന കാലങ്ങളാണെങ്കിൽ അതു കഴിഞ്ഞേയിതു ചെയ്വാൻ പാടൊള്ളു. തല്ക്കാലം ചെയ്വാൻ സാധിച്ചില്ലെങ്കിൽ പതിനൊന്നാം ദിവസം പുണ്യാഹാനന്തരമിതു ചെയ്യണം. ഇതു പിതാവുതന്നേ ചെയ്യണമെന്നു നിബ്ബന്ധമുള്ളതല്ല. പകലും, രാത്രിയും, ഊണിനുമുമ്പേ ആകാവു.

തറവട്ടത്ത് കിഴക്കോട്ടിരുന്ന്, ഗണപതി നിവേദിച്ച് ബഹുതപമായി പ്രീതി ദാനങ്ങൾ മുറയ്ക്കുള്ള ദക്ഷിണ ചെയ്ത്, ഗണപതി വിട്ടത്ത്, അകത്തു ചെന്ന് ബാലനേ വിളക്കുവച്ച് കണ്ട്, പോയി കുളിച്ച് ഈറൻതന്നേ പിഴിഞ്ഞ് തറവട്ടത്ത് വന്ന് വടക്കോട്ടിരുന്നു തീത്ഥമുണ്ടാക്കി ഗണപതി നിവേദിച്ച്, "ഓം അഭ്യുദയശ്രാദ്ധേവിശേഷഭ്യോദേവേഭ്യ ഇദം ഓം തത്സത്" എന്നു രണ്ടും, "ഓം അഭ്യുദയശ്രാദ്ധേ പിതൃഭ്യ ഇദം ഓം തത്സത്" എന്നു രണ്ടും മുറയ്ക്കു ചെയ്ത്, ഗണപതിവിട്ടത്ത്, കാലുകഴുകി യാചമിച്ച് അകത്തുചെന്ന കിഴക്കോട്ടിരുന്ന് പവിത്രമിട്ട് തീത്ഥമുണ്ടാക്കി ഗണപതി നിവേദിച്ച് എലയിൽ കിടത്തിയിരിക്കുന്ന ബാലനെയെടുത്ത് ഇടത്തു മടിയിൽ തലവടക്കാറു കിടത്തി ദാനവും, മുഹൂത്തവും, ചെയ്ത് സ്വണ്ണമരച്ച് നെയ്യും തേനും, കൂട്ടിവച്ചിരിക്കുന്നത് സ്വണ്ണത്തോടുകൂട്ടി ബാലന്റെ വായിൽ കൊടു

ക്ഷക. "പ്രതേദദാമിമധുന്നോഘൃതസ്യ വേദം സവിത്രാ പ്രസൂത മ്മഘോനാം= ആയുഷ്മാൻ ഗുപ്തോ ദേവതാഭിശ്ശതം ജീവശരദോ ലോകേ അസ്മിൻ". പവിത്രം കളഞ്ഞ് കൈനനച്ച് പവിത്രമിട്ട് സ്വൎണ്ണവും മിഴക്കി മുന്നേപ്പോലെ തുഷ്ണിയായി കൊടുക്കുക. ഇതുപോലെയൊന്നു കൂടികൊടുത്താൽ കൈനനച്ച് പവിത്രം മാറി സ്വൎണ്ണം മിഴക്കി വലത്തു ചെവിഃമൽ വച്ച് ഇടത്തു ചെവികൂടി തൊട്ടുംകൊണ്ടു മുഖത്തു നോക്കി ചൊല്ലുക. "മേധാന്തേദേവസ്സവിതാ മേധാം ദേവീ സരസ്വതീ= മേധാന്തേ അശ്വിനൌ ദേവാ വാധത്താം പുഷ്കരസ്രജൌ". പിന്നെ സ്വൎണ്ണം കഴുകി വലത്തുതോളിൽ വച്ച ഇടത്തുതോളും കൂടി തൊട്ടുകൊണ്ടു ചൊല്ലുക. "അശ്മാ ഭവ പരശു ഭവ ഹിരണ്യ മസ്തൃതം ഭവ= വേദോവൈ പുത്രനാമാസി സജീവശരദശ്ശതം". "ഇന്ദ്രശ്രേഷ്ഠാനി ദ്രവിണാനി ധേഹി ചിത്തിന്ദക്ഷസ്യ സുഭഗത്വമസ്മേ= പോഷം രയീണാമരിഷ്ടിന്തനൂനാം സ്വാദ്മാനം വാചസ്സുദിനത്വ മഹ്നാം= അസ്മേപ്രയന്ധി മഘവൻ നൃ

ജീഷിന്നിന്ദ്ര രായോ വിശ്വവാരസ്യ്യഭൃരേ= അസ്മേ ശതം

ശരദോ ജിവസേധാ അസ്മേ വീരാഞ്ഛശ്വത ഇന്ദ്രശിപ്രി

ൻ” സ്വൎണ്ണം മിഴക്കി തലയിൽവെച്ച് ചൊല്ലുക. “അം

ഗാദംഗാത്സംഭവസി ഹൃദയാ ദധിജായസേ= ആത്മാ

വൈപുത്രനാമാസി സജീവശരദശ്ശതം” അനന്തരം പേ

രു സങ്കല്പിച്ചു മൂന്നുപ്രാവശ്യം ഘ്രാണിച്ച്, ആചാൎയ്യ ദ

ക്ഷിണ, ഗണപതി വിസൎജ്ജനം, ഇവ ചെയ്ത് കുട്ടിയേ

അമ്മയേയേല്പിച്ചു കൊള്ളുക. അധികമുള്ള വയമ്പര

ച്ചതും മററും മുലയിൽ തേച്ചു മുല കൊടുത്തു കൊള്ളുക.

## ൨. സ്ത്രീജാതകൎമ്മം.

ഇത് പുരുഷജാതകൎമ്മം പോലെ, മന്ത്രം കൂടാതെ യെല്ലാം ചെയ്തുകൊള്ളുക. എന്നാൽ നാന്ദീമുഖം, “ഓം രത്സൽ” എന്നു ചൊല്ലി ചെയ്യേണ്ടതാകുന്നു. മററു വ്യത്യാസങ്ങളൊന്നുമില്ല.

## പക്ഷാന്തരം.

കുളിച്ചു ക്രിയതുടങ്ങാം. “ഓം അഭ്യുദയശ്രാദ്ധം ഇദം ഓം തത്സൽ” എന്നു നന്ദീമുഖം ചെയ്താലും മതി. വയമ്പില്ലാതെ മററെല്ലാം അരച്ചുകൊടുത്താലും മതി; കൊടുക്കുന്നത് ബാലനേയിരുത്തി ആവാം; ചെവികളിൽ പ്രത്യേകം ജപിക്കാം; തോളിൽ സ്വൎണ്ണം വെയ്ക്കണ

മെന്നില്ലാ; തോളിനുപകരം മാറായാലും മതി; "അശ്മാ ഭവ" എന്നു തുടങ്ങി മൂന്നിക്കും തോളുതൊട്ടു ജപിക്കാം; പേരു സങ്കല്പിച്ചുകഴിഞ്ഞു തലയിൽതൊട്ടു ജപിച്ചാലും മതി; പേരു ഇന്നതെന്നുറച്ചില്ലെങ്കിൽ പുത്രനാണെങ്കിൽ വൈഷ്ണവപക്ഷമെങ്കിൽ "ഹരി"യെന്നും, ശൈവമെങ്കിൽ "ഹരഃ" എന്നും, പുത്രിയാണെങ്കിൽ ശ്രീപക്ഷമെങ്കിൽ "ശ്രീ" എന്നും, ശക്തിപക്ഷമെങ്കിൽ "ഹ്രീഃ" എന്നും സങ്കല്പിക്കാം; ൧൧-ാം ദിവസം ശ്രാദ്ധം ഊട്ടേണ്ടിവന്നാൽ ജാതകർമ്മം ചെയ്തു ശ്രാദ്ധം ഊട്ടാം, അഭ്യുദയം കിഴക്കോട്ടുമാവാം. പ്രീതിദാനം ഒന്നായിട്ടുമാവാം. ബാലൻെറ ദേഹത്തിൽ സ്വർണ്ണംവച്ചും കാണാം. ചിലർ സ്വർണ്ണത്തോടുകൂടി വയമ്പും അരയ്ക്കുന്നു. "ഇന്ദ്രശ്രേഷ്ഠാനി" മുതൽ ചെവിയിൽ ചൊല്ലാം.

### ൩. ആശൌചകാലനിയമം.

ഇനിയും സംസ്കാരാദിക്രിയാവിവരണങ്ങളാകകൊണ്ട് ആ ശൂലത്തിൽ ആചരിയ്ക്കേണ്ട വിധിയേപ്പറയുന്ന രണ്ടു പദ്യം വിവരിയ്ക്കുന്നു.

"ഊക്കാൻ പ്രാണാഹുതിയ്ക്കും പുലയിലരുളണം
മന്ത്രമൂന്നിൽക്കൂടിയ്ക്കും
തീക്കാം മററൊന്നു മന്ത്രപ്പടി യരുതുപരം
വ്രീഹിഹോമാദി വേണ്ടാ
പൂണൂലററാ ലമന്ത്രം പുലയിലിടുകതും
തീർന്നനാൾ മാറി വേറേ

മന്ത്രം ചൊല്ലിദ്ധരിച്ചീടണ മിതു പുലയിത
പ്പിണ്ഡകൎത്താവിനാവാം".

൫.

"നെയ്, മാംസം, മധു, ശൎക്കരാ, ലവണവും,
ക്ഷീരം, പുനൎഭോജനം;
സ്ത്രീഭോഗം, കുറി, കണ്ണെഴുത്തു, കുസുമം,
ദന്താദിസംശോധനം.
ഖട്വാരോഹണ, മെണ്ണതേപ്പു, പലതും
മററുള്ള ഭോഗ്യങ്ങളും
ശാവാശൌചികൾ കൊൾവതില്ലൊരുവരും
നോ പിണ്ഡദാഃ കേവലം."

൨.

൪. ദാസിദാനം.

വാലാമ്മയിൽ കുട്ടി മരിച്ചാൽ സൂതികൎമ്മണി—ദാസി—ഈ സംഗതി ചെയ്തുകൊള്ളു. ബ്രാഹ്മണൎക്ക് ഈ സംഗതി ചെയ്യുവാൻ പാടില്ലാ.

മരിച്ചകുട്ടിയേ പാളയിൽ കിടത്തി പുതപ്പിച്ചെടുത്തുകൊണ്ടുപോയി കുഴിയിൽ തെക്കുതലയാക്കിവച്ച് മണ്ണിട്ടു മൂടിയുറപ്പിച്ചു പോന്നുകൊള്ളു.

൫. ഭൂമിദാനം.

പേരിടുന്നതിന്—പന്ത്രണ്ടു ദിവസത്തിനു—മുമ്പ് കുട്ടിമരിച്ചാൽ ഈ ക്രിയ ചെയ്യേണ്ടതാകുന്നു. പന്ത്രണ്ടാം ദിവസമാരംഭിച്ചാൽ ഒരു കൊല്ലംവരേയും, ചെയ്യാമെ

ന്നും അഭിപ്രായമുണ്ട്. പിതാവിന്നും മററാക്കും ഈ ക്രി. യ ചെയ്യാം.

കുളിച്ച് തററുടുത്ത് നിവീതമിട്ട് മൃതശരീരം നെയ്യ് പുരട്ടി മൂടിയെടുത്തുകൊണ്ടുപോയി കുഴിയുടെ പടിഞ്ഞാറു തെക്കുതലയാക്കിവച്ച് കിഴക്കോട്ടിരുന്ന് കുഴിയിൽ കുത്തിത്തളിച്ച് തെക്കഗ്രമായി പുല്ലുവിരിച്ച് മൃതദേഹമെടുത്ത് കുഴിയിൽ തെക്കുതലയാക്ക. "ഭൂർഭുവസ്സ്വഃ" എന്നു ചൊല്ലിവച്ച് മണ്ണിട്ടു മൂടിയുറപ്പിച്ച കുളിച്ചു പോരു. പുല കഴിഞ്ഞാൽ കുളിച്ച പുണ്യാഹമേറു കൊള്ളൂ.

## ന്ന. ഏകച്ചം.

പന്ത്രണ്ടാം ദിവസം-നാമകരണകാലം മുതൽ ഇതിന്നുള്ള കാലമാണ്. എട്ടാം വഷം വരേയും, അതിന്നു മുമ്പ് ഉപനയിച്ചാലന്നു വരേയും, സ്ത്രീയാണെങ്കിൽ പന്ത്രണ്ടുവയസ്സുവരേയും, അതിന്നുമുമ്പു വേട്ടാൽ അതുവരേയും ഇതുതന്നേ വിധിക്കപ്പെട്ടിരിക്കുന്നു.

കുളിച്ചീറൻ തററുടുത്തുവന്നു ഇടത്തിട്ട് കിണ്ടിയിൽ ചന്ദനം, ബലിപ്പൂവ്, എള്ള്, അക്ഷതം, ഇവയിട്ട് ഈ വെള്ളംകൊണ്ടു കുളിപ്പിച്ചലങ്കരിച്ച് അലക്കിയ പുടകകൊണ്ടുമൂടി നിവീതമിട്ടെടുത്തു കൊണ്ടുപോയി ചിതയുടെ പടിഞ്ഞാറു തെക്കുതലയാക്കിവച്ച് ഇടത്തിട്ടു കിഴക്കോട്ടിരുന്നു കുഴി കുത്തിത്തളിച്ച് നിവീതമിട്ട് ശവശരീര

മെട്ടത്തു ചിതമേൽ തെക്കുതലയായിവച്ച് ഇടത്തിട്ട പൃ
ഷദാജ്യം — തൈരും, തേനും, നെയ്യും, എള്ളും, കൂട്ടിക്കല
ൎത്തിയതു — ചിതയുടെ പടിഞ്ഞാറു കിഴക്കോട്ടുനിന്നു വല
ത്തുകയ്യിലാക്കി ഇടത്തൂട്ട കൊട്ടുക. "ഇദന്ത്ആത്മന
ശ്ശരീരമയന്ത് ആത്മനസ്സ ആത്മാത്മാനം ശരീരം ശരീ
രാ ബ്രഹ്മനിർഭിന്നദ്മിഭൂർഭുവസ്സുവദ്ദേവദത്തശൎമ്മൻ സ്വാ
ഹാ=" പെൺകുട്ടിയാണെങ്കിൽ, "ദ്രൌപതീദത്താ ദേ
സ്വാഹാ" ("ദേവദത്തൻ" എന്നുള്ളിടത്തും, "ദ്രൌപ
തി" എന്നുള്ളിടത്തും അവരവരുടേ പേരു കൂട്ടണം) പി
ന്നെ തീഃകാരി വ്യാഹൃതി ചൊല്ലി മാറത്തിട്ടു വിറകടുക്കി
തിപിടിപ്പിച്ചു നടുമുറിഞ്ഞാൽ ചിതയിലേക്കു തൂഷ്ണിയാ
യി ഒന്നുത്ത തൊഴുതു ചൊല്ലു. "അയം ഫല്മോ അഗ്നി
മഭിജിഹത്തി ഹോമാദ്യാം ഗതീം യാന്തി യുധി യുദ്ധ
ശ്ശൂരാഃ= തന്ദന്ത്യജോ മോക്ഷവിദോ മനീഷിണോ വിധൂത
പാപാ വിരജാ വിശോകാസ്താംല്ലോകാൻ ഗച്ഛ സുരഭി
ന്നാകപൃഷ്ഠ് സ്വധാനമഃ". അനന്തരം പ്രദക്ഷിണം
വച്ചു നമസ്കരിച്ചു ചിത തട്ടിമൂടി നിരത്തിപ്പോരു.

കടവിൽചെന്നു ഉദകക്രിയ ചെയ്തുകൊള്ളു. കൊട്ടുബലിയും മററും ചെയ്തുപോരു. അല്ലെങ്കിൽ ഇവ രണ്ടും പത്താം ദിവസം കടവിൽ ചെയ്തു തീക്കാം. പതിനൊന്നാം ദിവസം പിണ്ഡംവച്ച ശുദ്ധപുണ്യാഹമേററു ദീക്ഷതുടങ്ങി പന്ത്രണ്ടാം ദിവസം യഥാക്രമം ചെയ്തു ദീക്ഷനിത്തിക്കൊള്ളു.

### പക്ഷാന്തരം.

പതിനൊന്നാം ദിവസം കടവിൽവച്ച് പിണ്ഡവും കഴിച്ച് പുണ്യാഹവുമേററ് ബലിക്ക് അകത്തുവരികയും ചെയ്യാം. നാമകരണകാലത്തിനു ശേഷം നാമകരണം ചെയ്യാതെ കുട്ടി മരിച്ചാൽ നാളിൽ "സ്വാഹാ" കാരം കൂട്ടി ("കൃത്തികാസ്വാഹാ") പൃഷദാജ്യം കൊടുക്കാം.

### ൧. മന്ത്രസംസ്കാരം.

ഏകച്ഛകാലം കഴിഞ്ഞുള്ള സ്ത്രീപുരുഷമരണത്തുങ്കൽ ചെയ്യേണ്ടതായ ഒരു ക്രിയയാകുന്നു ഇതു. ഈ വക ക്രിയകളിൽ സ്ത്രീപുരുഷന്മാക്കുള്ള വ്യത്യാസങ്ങളേ അവിടവിടെ വിവരിക്കയാണ് ചെയ്യുന്നതു.

മരണകാലം സമീപിച്ചാൽ യാത്രയ്ക്കുപയോഗമുള്ള സാധനങ്ങൾ, കത്താക്കന്മാർ, തറവാട്ടത്തു കാല്കഴകി യാചമിച്ച് അയാളുടെ പേക്കു യാത്രാദാനങ്ങളായി ചെയ്തു തീത്ഥവും കൊടുത്തുകൊള്ളു. ഉപാധികാരികൾ പ്രത്യേകം ചെയ്യേണ്ടടത്തല്ലാത്തിടത്തെല്ലാം പുറം തൊടുകയും, മന്ത്രം ചൊല്ലുകയും വേണം.

പിന്നെ തെക്കു വടക്കു തളിച്ചു മെഴുകി മണൽ വിതറി തെക്കഗ്രമായി പുല്ലുവിരിച്ചു ജ്യേഷ്ഠൻ മുമ്പായി എടുത്ത് അതിൽ തെക്കുതലയാക്കി കിടത്തു. തലയ്ക്കലും, കാല്ക്കലും, നെല്ലും, അരിയും, ഇട്ട് തേങ്ങാ പൊട്ടിച്ചുവച്ച് നെയ്യൊഴിച്ചു കൊളുത്തി വിളക്കും മററുംവച്ചു കൎത്താക്കന്മാർ കാലുകഴുകി യാചമിച്ചു വലത്തുഭാഗത്തിരുന്നു പുല്ലുകൊണ്ട് വലത്തുചെവി തൊട്ട് ചൊല്ലു ഇടത്തുകാൽ കുത്തി വലത്തുകാൽ മടിഞ്ഞിരുന്നുമാവാം. ഉപാധികാരികൾ പുറം തുടണം. "ആയുഷപ്രാണം സന്തനുസന്തനുഃ പ്രാണാദപാനം സന്തനുസന്തനുഃ അപാനാദ്വ്യാനം സന്തനുസന്തനുഃ വ്യാനാച്ചക്ഷുസ്സന്തനുസന്തനുഃ ചക്ഷുഷശ്രോത്രം സന്തനുസന്തനുഃ ശ്രോത്രാന്മനസ്സന്തനുസന്തനുഃ മനസോവാചംസന്തനുസന്തനുഃ വാചആത്മാനംസന്തനുസന്തനുഃ ആത്മനപ്രഥിവീം സന്തനുസന്തനുഃ പൃഥിവ്യാഅന്തരിക്ഷം സന്തനുസന്തനുഃ അന്തരിക്ഷാദ്ദിവം സന്തനുസന്തനുഃ ദിവസ്സുവസ്സന്തനുസന്തനുഃ" കൈനനച്ച്, ഇടത്തു ചെവിയിലും ഇതിൻ

വണ്ണംചെയ്ത്, കൈനനച്ച് ഉപാധിവിട്ടാൽ മൂർദ്ധാവിൽ തൊട്ടു ജപിയ്ക്കു. "പൂർവ്വം ദേവാഅപരേണാനുപശ്യൻ ജന്മഭിർജ്ജന്മാന്ന്യവരൈപ്പരാണി=വേദാനി ദേവാ അയമസ്മീതി മാമഹം ഹിത്വാ ശരീരം ജരസ്പ്പരസ്താൽ= പ്രാണാപാനൌ ചക്ഷുശ്ശ്രോത്രം വാചം മനസി സംഭൃതാം= ഹിത്വാ ശരീരം ജരസ്പ്പരസ്താദാഭൂതിം ഭൂതിം വയമശ്ഞവാമഹൈ". കൈനനച്ച്, സ്വർണ്ണശകലം വായിലിട്ട് അംഗുഷ്ഠബന്ധനങ്ങൾ ചെയ്ത് പുടകകൊണ്ടുമൂടി ഇടത്തിട്ടു പുല്ലുകൊണ്ടു തൊട്ടുകൊണ്ടിരുന്നുകൊള്ളു

ചിതയും മററും ഒരുങ്ങിയാൽ ശരീരം വൃത്തിയാക്കി ഒരു നെടുംതൂശനിൽ തെക്കുതലയാക്കിക്കിടത്തി കർത്താക്കന്മാർ കുളിച്ചുവന്നു തററുടുത്ത് പുലയില്ലാത്തവരോടു വെള്ളം വാങ്ങി കാലുകഴുകി യാചമിച്ച് പവിത്രമിട്ട് തോർത്തുമുണ്ടും, ചുററിക്കൊള്ളു. പുലയില്ലാത്തവൻ കൂടണമെങ്കിൽ ഇവിടം തൊട്ടാണ് കൂടേണ്ടതു്. എല്ലാവരും മൃതശരീരത്തിൻെറ കാക്കൽനിന്ന് ഇടത്തിട്ടു കിണ്ടിയിൽവെള്ളം വാങ്ങി സവ്വൌഷധം—നെല്ല് അരി, എള്ള്, ബലിപ്പൂവ്, തുളസി, ചന്ദനം, ഇവയിട്ട് മൂടുവസ്ത്രം മാററി കാക്കൽ മുതൽ തലയോളം ആ വെള്ളം ഒ

ഴുക. ഉപാധികാരികൾ പുറം തുടങ്ങണം. "ചിത്തിസ്ര

ക ചിത്തമാജ്യം വാഗേദിരാധീതം ബഹിഃ കേതോ അ

ഗ്നിർവ്വിജ്ഞാത മഗ്നിർവ്വാക്പതി ർഹോതാമന ഉപവക്താ

പ്രാണോ ഹവിസ്സാമാദ്ധ്വര്യുഃ=വാചസ്പതേ വിധേനാമ

ന്വിധേമ തേനാമവിഃധസ്ത്വമസ്മാകന്നാമ വാചസ്പതി

സ്സോമം പിബതാസ്മാസ്യനൃമ്ണം ധാഃ സ്വാഹാ".

പിന്നെ വിലങ്ങൻ കൈക്കോണകം വലത്തു കെട്ടുവരു മാറുടുപ്പിച്ചു കെട്ടി ശവം തൊട്ടിരുന്ന് ആചമിച്ച് ഗോപി, ഭസ്മം, ചന്ദനം, ഇവ തൊടീച്ച് പൂവും, മേന്തോന്നിമാലയും, ചൂടിച്ചുകൊള്ളു. പിന്നെ കോണി തളിച്ചെടുത്ത് കിഴക്കഭാഗത്തുവച്ച് പുടകക്കര കാക്കരു വരുമാറു വിരിച്ചു അതിൽ നിവീതമിട്ടു മൃതശരീരമെടുത്തു കിടത്തി കോടിയുടെ ശേഷഭാഗംകൊണ്ടു മൂടി അഗ്നികോണിൽ തുടങ്ങി പുൽക്കയറു, വഴുക, ഇവകൊണ്ടു ചുററിക്കെട്ടി, വായുകോണിൽ അവസാനിപ്പിച്ചുകൊള്ളു.

അനന്തരം ഇടത്തിട്ട് പ്ലാശുങ്കുഴയും, ദർഭയും, കൂട്ടികെട്ടിയതെടുത്ത് തററുടുത്ത വസ്ത്രത്തിൻെറ അററവും കൂട്ടിപ്പിടിച്ചു അഗ്നിമൂല തുടങ്ങി ഇടത്തൂട് ഇതിൽ വെള്ള

മൊഴിച്ച് ഒഴുക്കിക്കൊണ്ടു വാതചുഴററു — മൂന്നു പ്രദക്ഷിണം വയ്ക്കു. "വാതാ സ്ത്വാന്തുപഥിപുണ്യഗന്ധാമന ശ്ശുഭാഗാശ്ശുഭാ അനുലോമാസ്സചാ സുഖാമാംസസുഖാ സ്ഥിസൌഖ്യാവഹന്തുത്വാമരുതസ്സ്വകൃതാംയത്രലോകാഃ". വലത്തിട്ടു വലത്തൂടു മൂന്നു പ്രദക്ഷിണം വച്ച് കുഴ കട്ടിലിൽ തിരുകി എല്ലാവരും നമസ്കരിച്ചു വന്ദിച്ചുകൊള്ളു.

പിന്നെ നിവീതമിട്ട് ജ്യേഷ്ഠൻ തലയ്ക്കലും, ഉപാധികാരികൾ കാൽക്കലും പിടിച്ചെടുത്തു കൊണ്ടുപോകുമ്പോൾ ശുദ്ധനായ ഒരാൾ ഔപാസനാഗ്നിയോ, വൈദികാഗ്നിയോ, മുമ്പേ കൊണ്ടുപൊയ്ക്കൊള്ളു. വഴിയിൽ വച്ചു എങ്കിൽ മുൻപ്രകാരം വാതചുഴററി നിവീതമിട്ടെടുത്ത് ചിതയുടെ കിഴക്കുകൂടി കൊണ്ടുപോയി പടിഞ്ഞാറു തെക്കുതലയാക്കി വച്ച് മുന്നേപ്പോലെ വാതചുഴററി കുഴ സൂക്ഷിച്ചുകൊള്ളു

അനന്തരം പവിത്രമൂരി കാലുകഴുകിയാചമിച്ച് ചിതയുടെ വടക്കു കിഴക്കു നോക്കിയിരുന്നു വിളക്കുവച്ച് ഇടത്തിട്ട് മെഴുകിക്കുത്തിതളിച്ച് കൂടെ കൊണ്ടുവന്നതായ ഔപാസനാഗ്നിയോ, വൈദികാഗ്നിയോ, ഇട്ട് തലോടി വ്ളൂകി പരിസ്തരിച്ച് ചെറിയ ഹോമത്തിന്റെ സാധനങ്ങളും, പരാത് സ്വർണ്ണശകലങ്ങളും, തൈര്, നെയ്യ്, തേന്, എള്ള്, പുൽക്കയറ്, നൂല്, പ്ലാശിൻ കുഴ, കുടം,

നാലത്തിക്കററി, അരി, അക്ഷതം, രണ്ടു ചിരട്ട, ദർഭപ്പുല്ലു കറ്റ, ഇവ ചാതിച്ചു, പ്രോക്ഷണി സംസ്കാരം ചെയ്തു് ആജ്യസംസ്കാരം തുടങ്ങി കൊള്ളുത്തികൊണിച്ചു വച്ചാൽ പൃഷസ്ഥാലി (ചിരട്ട) പരിസ്തരണത്തിൻ വടക്കവച്ചു് രണ്ടു ദർഭാഗ്രം വച്ചു്തൈര വീഴ്ത്തി ആജ്യസ്ഥാലിയിൽ ദർഭാഗ്രഹമിട്ടു് രണ്ടിനും പര്യഗ്നി ചെയ്തു് ആജ്യസംസ്കാരം മുഴവനാക്കി, സ്രുവസമ്മാർജ്ജം ചെയ്തു് പൃഷദാജ്യസ്ഥാലി പരിസ്തരണത്തിൽ മുമ്പിൽ വച്ചു് രണ്ടു സ്രുവം നൈവീഴ്ത്തി രണ്ടു ദർഭാഗ്രങ്ങളുതിൽവച്ചു് പൃഷസ്ഥാലിയിലെ പുല്ലു കളഞ്ഞു് അതു പൃഷദാജ്യസ്ഥാലിയിലൊഴിച്ചു് ദർഭാഗ്രങ്ങളെടുത്തുകളഞ്ഞു് മുറക്ക പ്രതിഷ്ഠാഭിഘാരണം ചെയ്തു്, അതിൽ തേൻ വിഴ്ത്തി എള്ളും, അരിയും, ഇട്ടടച്ചുകൊള്ളു.

വലത്തിട്ടു് നെയ്യടച്ചഗ്നിയലങ്കരിച്ചു് ഗണപതി നിവേദിച്ചു് മന്ത്രപരിഷേകം ചെയ്തു് ചാഞ്ചമതയിട്ടു് വ്യാഹൃതികൊണ്ടു നാലു സ്രുവാഹുതി ചെയ്തു് സംസ്രാവം വാർത്തു് മന്ത്രപരിഷേകം ചെയ്തു്, വിളാകിയാരാധിച്ചു ഗണപതി വിടുത്തു കൊള്ളു. അനന്തരം ചിതയിൽ കഴിച്ചു് മുണ്ടു കളഞ്ഞു് കൻപതിടത്തു കത്തിത്തളിച്ചു് ശകലം കളഞ്ഞു് വെട്ടിക്കൂട്ടി അഗ്നികോണു മുതൽ ഇടത്തൂടു് മൂലകളിൽ അത്തിക്കററി തറച്ചു് പ്ലാശിങ്കഴ ദർഭപ്പുല്ലുകൂട്ടി കെട്ടിയതെടുത്തു് ഇടത്തിട്ടു് ചിത വടക്കു മുതൽ തെക്കു മുടിയെ അടിക്ക. “അപേതവീതവിചസർപ്പതാ

തോ യേത്രസ്ഥപുരാണായേച നൂതനാഃ അഹോഭിര
ദ്ഭിരക്തുഭിർവ്യക്തം യമോദദാത്വവസാനമസ്മൈ”.
കൈനനച്ച് കയ്യിൽ വെള്ളമെടുത്ത് ചിതമേൽ തെ
ക്കോട്ട തളിക്ക. “അപേതവീതവിചസർപ്പതാതോയേ
ത്രസ്ഥപുരാണായേച നൂതനാഃ അദാദിദംയമോവസാ
നം പൃഥിവ്യാ അക്രന്നിമം പിതരോലോകമസ്മൈ.”.
സ്വർണ്ണശകലം ചിതമേൽ ഇട്ട. “അവ സർപ്പസർപ്പത
പ്രേതായേകേചേഹപൂർവ്വജാസ്വസ്തിനഃ കൃതമാശ്രുവാ
തല്പുനരാഗമൽ”. ചിതയുടെ വടക്ക തെക്ക നോക്കി
യിരുന്ന വടക്ക മുതൽ തെക്കോട്ട മൂന്ന കുഴി ശകലംകൊ
ണ്ട തീർത്ത് മണ്ണകളഞ്ഞ് അക്ഷതവും എള്ളും കൂടിയെ
ടുത്ത് വടക്ക മുതൽ മൂന്ന കുഴികളിലുമിടത്തുടെ പ്രത്യേക
മിട്ട. “യമായ ദഹനപതയേ പിതൃഭ്യസ്സ്വധാനമഃ”.
“കാലായ ദഹനപതയേ പിതൃഭ്യസ്സ്വധാനമഃ”. “മൃ
ത്യവേ ദഹനപതയേ പിതൃഭ്യസ്സ്വധാനമഃ”. ശേഷിച്ച

ള്ളത് ചിതമേൽ വിതറു. "യഥാപിതാപുത്രം പശ്യ തിസഖാവാസഖിമാഗതഃ. ഏവ മിമം പൂർവ്വസംക്ലിന്നാ പ്രേതാപ്പശ്യതമാന്ന്യഥാ". ചിതമേൽ തെക്കഗ്രമായി പുല്ലുവിരിച്ച് നിവീതമിട്ട് മൃതശരീരമെടുത്ത് ചിതമേൽ കിടത്തി അത്തിക്കോണിയെടുത്തു മാററി അംഗുഷ്ഠബ ന്ധനങ്ങളഴിച്ച് ഇടത്തിട്ടഗ്നികോണു മുതൽ ഇടത്തൂട ത്തിക്കുററികളിൽ പുൽക്കയറും, നൂലും, ഇടത്തൂടെ ച ററിക്കെട്ടി ചിതമേൽ ഇടത്തൂട് പരിസ്തരിച്ച് സ്വർണ്ണശ കലങ്ങളെടുത്ത് വായിലും വലത്താദിയായി മൂക്കുകളി ലും, കണ്ണുകളിലും, ചെവികളിലും, മററു ദ്വാരങ്ങളിലും ഇട്ട് കൈകഴുകി പൃഷദാജ്യമെടുത്ത് പടിഞ്ഞാറുവശത്തു ചെന്നുനിന്നു മൂടമാററി ഒരു വെള്ളം കൊടുത്ത് അതു വ ലത്തുകയ്യിലൊഴിച്ച് ഇടത്തൂട മൂന്നു പ്രാവശ്യം കൊട്ക്ക. ഉപാധികാരികൾ പുറം തൊടേണ്ടാ. "ഇദന്ത ആത്മനശ്ശരീരമയന്ത ആത്മനസ്ത ആത്മാത്മാനം ശരീരം ശരീരാബ്രഹ്മനിർഭിന്ദ്മിഃ ഭൂർഭുവസ്സ്വർദ്ദേവദത്തശർമ്മൻ സ്വാഹാ". സ്ത്രീയാകിൽ "ദേവീദേ സ്വാഹാ". "ദേവദത്തൻ" എന്നുള്ളിടത്തും, "ദേവി" എന്നുള്ളിട ത്തും, അതാതു പ്രേതത്തിൻെറ പേരുകൂട്ടണം. കൈ

നനച്ച് പവിത്രംമാറി രണ്ടാമത്തു കൊടുക്ക "അസ്മാ ത്വമധി ജാതോ സ്യയന്ത്വദധി ജായതാം= അഗ്നയേ വൈശ്വാനരായ സുവർഗ്ഗായ ലോകായ സ്വാഹാ". മൂന്നാമത്തും ഇതുപോലെ കൊടുക്ക. 'വസുഭ്യോ രുദ്രേഭ്യ ആദിത്യേഭ്യോവിശ്വേഭ്യോദേവേഭ്യ സാദ്ധ്യേഭ്യോ മരുത്ഭ്യ ഋഭുഭ്യഃപിതൃഭ്യസ്സ്വാഹാ" ഉപാധികാരികൾ ഇതുപോലെ മൂന്നുപ്രാവശ്യം കൊടുക്ക. ചിലവിടെയില്ലങ്കലവരുടെ പക്ഷം പ്രധാനകർത്താവിതുപോലെ കൊടുത്തുകൊള്ളു.

പിന്നെ പവിത്രം മാറി കൈനനച്ച് വലത്തു മൂക്കിൽ പുല്ലുതൊട്ട് ന്യസിക്ക. ഉപാധികാരികൾ പുറം തൊടണം. ചിത്തിസ്സ്രുഗാസീൽ = ചിത്തമാജ്യമാസീൽ = വാഗ്വേദിരാസീൽ = ആധീതം ബർഹിരാസീൽ = കേതോ അഗ്നിരാസീൽ = വിജ്ഞാതമഗ്നിരാസീൽ = വാക്പതിർഹോതാസീൽ = മന ഉപവക്താസീൽ = പ്രാണോഹവിരാസീൽ = സാമാധ്വര്യുരാസീൽ =" ഇങ്ങനെ ഇടത്തു

മൂക്കിലും ന്യസിച്ച് മുൻപറഞ്ഞതുപോലെ വായിൽ ന്യസിക്ക. പൃഥിവീഹോതാസീൽ = ദ്യൌർദ്ധ്വര്യുരാസീൽ= രുദ്രോഗ്നീദാസീൽ =ബൃഹസ്പതി രുപവക്താസീൽ=" പുല്ലു കളഞ്ഞ് കൈ നനച്ച് പവിത്രം മാറി വലത്തു കണ്ണിൽ പുല്ലുതൊട്ടു ന്യസിക്ക. "അഗ്നിർഹോതാസീൽ= അശ്വിനാ ധ്വര്യൂആസ്താം = ത്വഷ്ടാഗ്നീദാസീൽ = മിത്ര ഉപവക്താസീൽ". ഇപ്രകാരം ഇടത്തു കണ്ണിലും ന്യസിച്ച്, വലത്തു ചെവിയിൽ ന്യസിക്ക. "സൂര്യന്തേചക്ഷുർവ്വാതം പ്രാണോന്ത്യാം പ്രഷ്ഠമന്തരിക്ഷമാത്മാംഗൈര്യജ്ഞം പൃഥിവീംശരീരൈഃ". ഇപ്രകാരം ഇടത്തു ചെവിയിലും ന്യസിച്ച് വലത്തു തോളിൽ ന്യസിക്ക. "മഹാഹവിർഹോ താസീൽ = സത്യഹവിരധ്വര്യുരാസീൽ = "അച്യുതപാജ അഗ്നീദാസീൽ = അച്യുതമനാ ഉപവക്താസീൽ = അനാധൃഷ്യശ്ചാ പ്രതിധൃഷ്യശ്ച യ

ജ്ഞന്സ്യാമിഗരാവാസ്സാം അയാന്സ്യ ഉൽഗാതാസ്സീൽ".

ഇതുപോലെ ഇടത്തു തോളിലും ന്യസിച്ച്, പുല്ലു കളഞ്ഞ് കൈ കഴുകി വാത ച്ചുഴററി ശാഖ തളിച്ചു കളഞ്ഞു ഒരു കുടത്തിൽ വെള്ളമെടുത്ത് ഇടത്തു തോളിൽ വച്ച് അഗ്നികോണിൽ നിന്ന്, താനോ, ഉപാധികാരികളോ കുടത്തിൻെറ ഒരു വശത്തു താഴത്ത് പിച്ചാത്തികൊണ്ടു തുളച്ച്, ചിതമേൽ വെള്ളം വീഴുമാറ് ഇടത്തൂട് പ്രദക്ഷിണം വെക്ക. "ഇമാ ആപോ മധുമത്യോസ്മി ... സ്സ്മേലോക ഉപദഹ്യന്താം" അതിൻമീതെ ഒന്നുകൂടി കുത്തിത്തുളച്ച് മുൻപ്രകാരം ഒന്നു കൂടി പ്രദക്ഷിണം വെക്ക. "ഇമാ ആപോ മധുമത്യോന്തരിക്ഷേതേലോക ഉപദഹ്യന്താം." അതിന്നു മുകളിലൊന്നുകൂടി ത്തുളച്ച് മുൻപ്രകാരം പ്രദക്ഷിണം വെക്ക. "ഇമാ ആപോ മധുമത്യസ്വർഗ്ഗേതേ ലോക ഉപദഹ്യന്താം" പിന്നെ ചിതയുടെ തെക്ക് വടക്കോട്ടു നിന്ന് കുടം തൻെറ തലയ്ക്കു മുകളിൽ കൂടി തെക്കോട്ടിട്ട് തിരിഞ്ഞ് ആ ഭാട്ടിലെ തീർത്ഥമെടുത്ത് വച്ച് വലത്തൂടെ പരിഘരിച്ചാൽ, പച്ചില തൊട്ടനുസന്ധാരണി ഓദനം ചെയ്യു ജലം കൊടുത്തു കഴിഞ്ഞതും ചെയ്യാം. പൃഷദാജ്യം കൊടുത്തതുപോലെ കൊടുത്തു കൊ

ള്ളൂ. "ദിവിജാതാ അപ്സുജാതായാ ജാതാ ഓഷധീ
ർഭ്യഃ = അഥോയാ അഗ്നിജാ ആപസ്താന് ശുന്ധന്തു ശു
ന്ധനീഃ" പിന്നെ ബ്രാഹ്മണരേയും, സപര്‍ണ്ണത്തേയും,
കാട്ടി മുഖം മൂടി ഹോമത്തിന്നു് വിശ്രുപാളയിൽ കോരി
ചിതയുടെ പടിഞ്ഞാറ് കിഴക്കോട്ടു നിന്ന് തന്നെ നോ
ക്കി "ഭൂർഭുവസ്സുവര്‍ദ്ദിവം ഗച്ഛതു" എന്നു ചൊല്ലി മാറ
ത്തിട്ടു കൊള്ളൂ.

പിന്നെ വിറകടുക്കി അടിയേതി പിടിപ്പിച്ച് ചി
തയുടെ വടക്ക് തെക്കു നോക്കിയിരുന്ന് മുറം കൊണ്ടു വീശി
ചൊല്ലികൊള്ളൂ "അഗ്നിര്യജ്ജുർഭിസ്സവിതാസ്തോമൈരിന്ദ്ര ഉ
ക്ഥാമദൈർമ്മിത്രാവരുണാ വാശിഷാം ഗിരസോധിഷ്ണി
യൈ രശ്വിനി മ്മരുത സ്സദോഹവിർദ്ധാനാഭ്യാമാപ പ്രോ
ക്ഷണീഭിരോഷധയോ ബർഹിഷാദിതി വേദ്യാസോമോ
ദീക്ഷയാത്വഷ്ടേധ്മേന വിഷ്ണുര്യജ്ഞേന വസവ ആജ്യേ
നാദിത്യാ ദക്ഷിണാഭിർ വിശ്വേദേവാ ഊർജ്ജാ പൂഷാസ്വ

ഗാ കാരേണ ബൃഹസ്പതി പ്പുരോധയാ പ്രജാപതിരൻ
ഗീഥേ നാന്തരിക്ഷം പവിത്രേണ വായുപ്പാത്രൈ രഥേ
ശ്രദ്ധയാ". "സേന്ദ്രസ്യ ധേനാ ബൃഹസ്പതേ ഷ്ഷ
ഗ്ദ്ര്യാം പൃഷ്ണോവാഗപാദയോർദ്ദീക്ഷാ സോമസ്യ പൃഥിവ്യഗ്നേ
വ്വസൂനാംഗായത്രീ രുദ്രാണാ ന്ത്രിഷ്ടുഗ്ഗാദിത്യാനാം ജഗ
തീവിഷ്ണോരനുഷ്ടുഗ്ഗാരുണസ്യ വിരാ ഡ്യജ്ഞസ്യ പങ്
തിഃ പ്രജാപതേ രനുമതിർമ്മിത്രസ്യ ശ്രദ്ധാ സവിതുഃ പ്ര
സൂതി സ്സൂര്യസ്യ മരീചി ശ്ചന്ദ്രമസോ രോഹിണ്യൃഷീ
ണാമരുന്ധതി പർജ്ജന്യസ്യ വിദ്യുച്ചതസ്രോദിശ ശ്ചത
സ്രോവാന്തരാദിശാ അഹശ്ച രാത്രിശ്ച കൃഷിശ്ച വൃഷ്ടി
ശ്ച ത്വിഷിശ്ചാപചിതിശ്ചാ പശ്ചൌഷധയശ്ചോർക്ക്
ചസൂനൃതാച ദേവാനാം പതയഃ" പിന്നെ നടവ് ക
ത്തി മുറിഞ്ഞാൽ എല്ലാവരും തെക്കോട്ടുനിന്ന് ചിത
യിലേക്ക തൂഷ്ണിയായി ഒന്നൂരത്ത് തൊഴുതു ചൊല്ലു. "വാ

ചസ്പതേ വിധേനാ മന്വിധേമ തേ നാമവിധേസ്ത്വമ
സ്മാകന്നാമ വാചസ്പതി സ്സോമം പിബത്വാസ്മാസു നൃ
മ്ണം ധാഃസ്വാഹാ." "വാചസ്പതേ വാഃചാവീര്യേ
ണ സംഭൃതതമേനാ യക്ഷ്യസേ യജമാനായ വാര്യമാ
സുവസ്കരസ്മൈ വാചസ്പതിസ്സോമം പിബതി ജജനദി
ന്ദ്രമിന്ദ്രിയായ സ്വാഹാ". "സോമ സ്സോമസ്യ പുരോ
ഗാ ശ്ശുക്ര ശ്ശുക്രസ്യ പുരോഗാഃ = ശ്രാതാസ്ത ഇന്ദ്രസ്സോമാ
വാതാപേ ഹ്വവനശ്രുത സ്വാഹാ". "വാചസ്പതേ ഹ്ലി
ദ്രയാവാചാ ഷരിദ്രയാ ജുഷ്വാ ദിവിദേവാവൃധം ഹോ
ത്രാമേരയസ്വ സ്വാഹാ". "വാചസ്പതേ ഹൃദ്വിധേ
നാ മന്വിധേമതേ നാമവിധേ സ്ത്വമ സ്മാകന്നാമ വാ
ചസ്പതിസ്സോമ മപാത്മാ ദൈവ്യസ്തന്തുശ്ചോ ദിമാ മനു
ഷ്യോ നമോ ദിവേനമഃ പൃഥിവ്യൈ സ്വാഹാ" "വാ

ശ്ലോതാദീക്ഷാപത്നീ വാതോധ്വര്യൂരാ പോഭിഗരോ മ
നോ ഹവിസ്തപസി ജുഹോമി = ഭൂർഭുവസ്സുവർ ബ്രഹ്മ
സ്വയംഭൂ ബ്രഹ്മണേ സ്വയംഭുവേ സ്വാഹാ." "ബ്രാ
ഹ്മണഏകഹോതാസയജ്ഞസ്സമേദദാതുപ്രജാം പശൂൻ
പുഷ്ടിം യശോയജ്ഞശ്ചമേ ഭൂയാൽ = അഗ്നിർദ്വിഹോ
താസഭർത്താസമേദദാതു പ്രജാം പശൂൻ പുഷ്ടിം യശോഭ
ർത്താചമേ ഭൂയാൽ = പൃഥിവീത്രിഹോതാസ പ്രതിഷ്ഠാസ
മേദദാതു പ്രജാം പശൂൻ പുഷ്ടിം യശ്പ്രതിഷ്ഠാചമേ ഭൂ
യാൽ = അന്തരിക്ഷം ചതുർഹോതാസ വിഷ്ഠാസ്സമേദദാ
തു പ്രജാം പശൂൻ പുഷ്ടിം യശോ വിഷ്ഠാശ്ചമേ ഭൂയാൽ
വായുപ്പഞ്ചഹോതാസ പ്രാണസ്സമേദദാതു പ്രജാംപശൂൻ
പുഷ്ടിം യശപ്രാണശ്ചമേ ഭൂയാൽ = ചന്ദ്രമാംഷഡ്ഢോതാ
സഋതൂൻ കല്പയാതിസമേദദാതു പ്രജാം പശൂൻ പുഷ്ടിം

യശ്ശ്രുതവശ്ചമേകല്പന്താം = അന്നം സപ്തഹോതാ സ

പ്രാണസ്യ പ്രാണസ്സമേദദാതു പ്രജാം പശൂൻ പുഷ്ടിംയ

ശഃ പ്രാണസ്യ ചമേ പ്രാണോ ഭൂയാൽ= ദ്യൗരഷ്ടഹോ

താനോനാധൃഷ്യസ്സമേദദാതു പ്രജാംപശൂൻ പുഷ്ടിം യ

ശോനാധൃഷ്യശ്ച ഭൂയാസം = ആദിത്യോനവഹോതാസ

തേജസ്വീസമേദദാ ു പ്രജാം പശൂൻ പുഷ്ടിം യശസ്തേ

ജസ്വീച ഭൂയാസം = പ്രജാപതിർദ്ദശ ഹോതാസ ഇദം

സർവ്വം സമേ ദദാതു പ്രജാം പശൂൻ പുഷ്ടിം യശസ്സർവ്വഞ്ച

മേ ഭൂയാൽ.” പിന്നീട് ദഹനമൊട്ടായാൽ, പതിയി രിക്കുന്നു എങ്കിൽ ഉപാധികാരികളിൽ പ്രായം കുറഞ്ഞ യാളോ, ഇല്ലെങ്കിൽ താനോ പോയി കണ്ഠസൂത്രം വാങ്ങിച്ചുകൊണ്ടുവന്ന് പ്രദക്ഷിണം വച്ച് നമസ്കരിച്ച് ചിതയിലിട്ട് കൊള്ളു. പിന്നെ തൂഷ്ണീയായി കന്നത്ത് തൊഴുതു ചൊല്ലു.

KOTTAYAM PUBLIC LIBRARY
77902
KOTTAYAM

"അയം ഷേമ്മാ അഗ്നി മഭിജിഘത്തി ഹോമാത്ര്യാം
ഗതിം യാന്തി യുധി യുദ്ധശ്ശൂരാഃ തനുത്ര്യജോ മോക്ഷ
വിദോമനീഷിണോ വിധൂത പാപാ വിരജാ വിശോകാ
സ്താം ല്ലോകാൻ ഗഛന്തുരഭിന്നാക പൃഷ്ഠ സ്വധാനമഃ"

എല്ലാവരും പ്രദക്ഷിണം വച്ച് തെക്കോട്ടു നമസ്കരിച്ച് എണീററു തൊഴുത് അനുജന്മാർ മുമ്പായി ക്രമത്താലെ പുറകോട്ടു നോക്കാതെ പോരുമ്പോൾ രണ്ടു ബ്രാഹ്മണർ കിഴക്കും പടിഞ്ഞാറും നിന്ന് പ്ലാശ്ശുംകുഴകൾ ഉയത്തിപ്പിടിച്ച് "മാവതരത" എന്നു ചൊല്ലിയാൽ ദാഹകന്മാർ "നപുനർ ഗമിഷ്യാമഹേ" എന്നു പറഞ്ഞ് ആ ശാഖക്കീഴിൽ കൂടി കടന്ന് മിററത്തുവന്ന് ബ്രാഹ്മണക്കും, ആയുധങ്ങൾക്കും, സ്വർണ്ണത്തിനും, വിളക്കിനും, പ്രദക്ഷിണം വച്ചു നമസ്കരിച്ചു ശേഷക്രിയക്ക് ശേഷിയായിരിക്കണമെന്നു ചൊല്ലൂ. അവർ അനുവദിച്ചു കൊള്ളൂ. മെഴുകിയിരിക്കുന്നതായ ആ മൃതശരീരം കിടന്ന സ്ഥലത്ത് അക്ഷതം വിതറൂ. "സ്വസ്ത്യസ്തുവോ ഗൃഹാണാം ശേഷേശിവം വാസ്താം" ദർഭപ്പുല്ലും കരിച്ചിട്ടു ശീതികനോടുകൂടി കടവിൽ ചെന്ന് സചേലസ്നാനം ചെയ്ത് ഉദകക്രിയ ചെയ്തുകൊള്ളൂ.

ചെവിയിലോത്ത് കൈകൊണ്ടു തൊട്ടാവാം. ന്യാസിസ്സു കഴിഞ്ഞ് കോണിയെടുത്ത് ബന്ധനങ്ങൾ അഴിക്കാം. ചിതയുടെ കിഴിൽ കിഴക്കും, നടുക്കും, പടിഞ്ഞാറും, തെക്കുമുതൽ കീറി മണ്ണു കളഞ്ഞ് ക്രമത്തിന് തിലതണ്ഡുലം ഇടാം. സ്വർണ്ണശകലങ്ങൾക്കു പകരം ഹോമനൈത്തുള്ളിയാവാം. വീശുന്നത് പാള കൊണ്ടോവാം. കണ്ഠസൂത്രം ആദ്യത്തെ ഉപസ്ഥാനത്തിനു മുമ്പും ഇടാം. സൌകര്യമില്ലെങ്കിൽ സഞ്ചയനത്തിനു മുമ്പു ഇട്ടാലും മതി. പത്തു ദിവസിക്കകം വെള്ളത്തിൽ ഇടാം; സംസ്കാരമദ്ധ്യത്തിൽ സന്ധ്യ വന്നാൽ ഉപസ്ഥാനത്തിനു മുമ്പു കുളിച്ചുത്ത് പോരാം. ഉപസ്ഥാനത്തിനു ശേഷം സന്ധ്യ വന്നാൽ ഉദകക്രിയ കഴിഞ്ഞേ സന്ധ്യാവന്ദനം ചെയ്യാവു. പുലയില്ലാത്തവൻ സംസ്കാരത്തിനു കൂടുന്നെങ്കിൽ ഇടക്കു സന്ധ്യ വരാതെ നോക്കിയെ തുടങ്ങാവു. പേരു നിശ്ചയമില്ലെങ്കിൽ "നാരായണ" എന്നും, സ്ത്രീയാകിൽ "ശ്രീദേവി" എന്നും കൂട്ടാം. ഉദകക്രിയക്കു ശേഷം അകത്തക്ഷതം ഇടാം. "ആയുഷപ്രാണ"ത്തിന്നു ശേഷം കാടകത്തിലെ ഫന്ന ഓത്തു കൂടി ജപിക്കാം. "പൂർവം ദേവാ" എന്നുള്ളത് മാറുതൊട്ടും, ചെവിതൊട്ടും, ജപിക്കാം. മൃതശരീരം കാൽമുമ്പായും ചിലർ കൊണ്ടു പോകുന്നുണ്ടത്രേ. കപാലജലം എല്ലാവരും പ്രത്യേകം കൊടുക്കയുമാവാം.

൭ പുനസ്സംസ്കാരം.

തലയിൽ നാല്പതും, കണ്ഠേ-
പത്തും, കൈകളിൽ ആറഥ
കയ്യുടേ വിരലിൽ പത്തും
മാറത്തായ് മുപ്പതും പുനഃ
കുക്ഷിലിരുപതും, പിന്നെ
വൃഷണേ ആറു വെയ്ക്കണം
ലിംഗത്തിൽ നാലു വെയ്ക്കേണം
പിന്നെ ത്തുടകളിൽ ശതം.
ത്രിംശാൽ ക്കഴ കണങ്കാൽക്ക്
കാലിൻ പുറവടിക്കഥ
കുഴ പത്തങ്ങു വെക്കേണ-
മീവണ്ണം വെച്ചു കെട്ടണം.

ഇതി വചനേന ഏകച്ചകാലം മുതൽ സ്ത്രീപുരുഷമരണത്തുങ്കൽ വിധിയാംവണ്ണം സംസ്കരിച്ചില്ലെങ്കിൽ, ഈ ക്രിയ ചെയ്യേണ്ടതാകുന്നു.

കർത്താവു കുളിച്ചുവന്നു തററുടുത്ത് തെക്കുവടക്കു തളിച്ചു മെഴുകി തെക്കഗ്രമായി പുല്ലു വിരിച്ച് രണ്ടരനിളത്തിൽ കുറയാതെയൊരു ചമത ത്തടി തെക്കഗ്രമായിവച്ച് മുന്നൂററിയറുപതു പ്ലാശിൻ ഞെട്ടിൽ മുമ്മൂന്നിലയുള്ളത്തു മേല്പോട്ട്- തെക്കോട്ട്, ദർഭപ്പുല്ലുകൊണ്ടീവണ്ണം കെട്ടു. തലയിൽ നാല്പത്; കഴുത്തിൽ പത്ത്; മാറത്ത് മുപ്പത്

വയറ്റത്തിരുപത്; ഇനിയും കീഴ്പ്പോട്ടു- വടക്കോട്ട് അഗ്രമായി കെട്ടു. വലം കൈയ്ക്ക് അമ്പത്; ഇടം കൈയ്ക്ക് അമ്പത്, വലം കയ്യുടെ വിരലിന്നഞ്ച്, ഇടം കയ്യുടെ വിരലിന്നഞ്ച്, വൃഷണത്തിനാറ്, ലിംഗത്തിന് നാല്, വലം തുടയ്ക്കമ്പത്, ഇടം തുടയ്ക്കമ്പത്; വലം കണങ്കാലിന് പതിനഞ്ച്, എടം കണങ്കാലിന് പതിനഞ്ച്, വലം പാദത്തിന്നഞ്ച്, ഇടം പാദത്തിന്നഞ്ച്, ഇങ്ങനെ കെട്ടിയൊരുക്കി ഏകച്ച്വമായി സംസ്കരിച്ച് അപ്പോൾതന്നെ വെട്ടിമൂടിപ്പോന്നു സചേലസ്നാനം ചെയ്ത് ഉദകക്രിയ ചെയ്തുകൊള്ളു.

പക്ഷാന്തരം.

അന്യബ്രാഹ്മണനും ശാഖകെട്ടി കൊടുക്കാം. സചേലസ്നാനം വേണമെന്നില്ല. കുഴ കെട്ടിത്തീന്നാൽ പൂണൂൽ ഇടണമെന്നും നെല്ലരച്ചു തേക്കണമെന്നും ഗ്രന്ഥാന്തരം. കയ്യുടെ സ്ഥാനത്തു വിലങ്ങൻ വെയ്ക്കാം. കോടിയിട്ടു മൂടിക്കൊണ്ടു പോകാം. പ്രോക്ഷിച്ചു പേരുവിളിക്കാം. ഏകച്ച്വവിഷയകാലത്താണ് മരിക്കുന്നതെങ്കിൽ, ഏകച്ച്വമായും, അതു കഴിഞ്ഞതാണ് മരിക്കുന്നതെങ്കിൽ, മന്ത്രസംസ്കാരമായും, ചെയ്യണമെന്നു ബലമായ അഭിപ്രായക്കാരുണ്ട്.

൯ പ്രേതശുദ്ധി.

പുല, വാലായ്മ, അറിഞ്ഞതിനു ശേഷം സ്ത്രീപുരുഷന്മാർ മരിച്ചാലും, സ്ത്രീകൾ അശുദ്ധിയായാലും, സൂതി

കയായും, ഗൎഭത്തുങ്കൽ ഏഴാം മാസം മുതലശുദ്ധിയായും,
മരിച്ചാലും പ്രേതശുദ്ധി ചെയ്യണം. ഇതിന്റെ കണ്
ക്ക് പുല (അശുദ്ധി) മേല്പോട്ട തീരുന്നതിനെത്ര ദിവസമു
ണ്ടോ അത്രയും പ്രാവശ്യം ശുദ്ധി ചെയ്യണമെന്നാണ്.
ഗൎഭത്തുങ്കൽ ഏഴാംമാസം തുടങ്ങിയശുദ്ധിയായി മരി
ച്ചാലും, ചണ്ഡാളാദിസ്സൎശനത്തോടുകൂടി മരിച്ചാലും, ഇ
രുപത്തിയൊന്നു പ്രാവശ്യം ശുദ്ധി ചെയ്യണമെന്നാണ്
വിധിച്ചിരിക്കുന്നതു. ഏഴു മതിയെന്നും പക്ഷാന്തരമുണ്ടു.
അശുദ്ധി അറിയാതെ മരിച്ചാൽ പ്രേതശുദ്ധി ചെയ്യേണ്ട
മെന്നില്ലാ. തൊട്ടാൽ കുളിക്കേണ്ടവർ തൊട്ടു മരിച്ചാലും,
ശവത്തേൽ തൊട്ടാലും, ശ്രോത്തുള്ളവർ പുലയിൽ മരിച്ചാ
ലും, ഒരു പ്രേതശുദ്ധി ചെയ്യേണ്ടതാകുന്നു മുക്കിയെടു
ത്താൽ മതിയെന്നുമൊരു പക്ഷമുണ്ടു. കുട്ടികൾ മരിച്ചാൽ
കണക്കിന്നു പ്രേതശുദ്ധി ചെയ്യണം. പുലയും, വാലാ
യ്മയും, കഴിഞ്ഞ് കുളിയും, പുണ്യാഹവും, കഴിയാതെ
മരിച്ചാലൊരു പ്രേതശുദ്ധി ചെയ്യണം

സ്ത്രീപുരുഷന്മാൎക്കു പ്രേതശുദ്ധിക്കു വ്യത്യാസമില്ലാ.
പുലയില്ലാത്തയൊരു ബ്രാഹ്മണൻ കുളിച്ചു വന്ന് തറുടു
ത്ത് കാലു കഴുകിയാചമിച്ച് പവിത്രമിട്ട് പ്രേതത്തെ
വൃത്തിയാക്കി വസ്ത്രം മാറി കുളിച്ച്വന്ന് ഒരു ചെമ്പുപാ
ത്രത്തിൽ വെള്ളം കൊണ്ടുവന്നു ശവത്തേൽ മാറുടുപ്പിച്ചു
ആ വെള്ളം കാക്കൽനിന്നു തെക്കോട്ടു തലവരെ ഒഴുക്കു.
പിന്നീടാമാറെടുത്തു കളഞ്ഞ് മുന്നേപ്പോലെ കുളിച്ചു

വെള്ളം കൊണ്ടുവന്ന് മാററുടപ്പിച്ച് കഴുകിക്കൊള്ളു. ഇപ്രകാരം കണക്കു കൂട്ടിയുള്ള പ്രേതശുദ്ധി ചെയ്തു കഴിഞ്ഞാൽ ആ ആൾ മാററുടത്ത് കുളിച്ച് ശുദ്ധപുണ്യാഹമേററുകൊള്ളു

പുലയില്ലാത്ത വേറൊരു ബ്രാഹ്മണൻ കുളിച്ചു തററുടത്ത് കാലു കഴുകിയാചമിച്ചു വന്ന് ഒരു ചെമ്പുപാത്രത്തിൽ കുശ ഇടിച്ചു പിഴിഞ്ഞത് വെള്ളമെടുത്ത് അതിൽ പുററുമണ്ണും, ചാണകവും, കലക്കി പൊന്നും ഇട്ട് ഗോമൂത്രം ഒഴിച്ച് ഭസ്മവും ഇട്ട് തിളപ്പിച്ചു വാങ്ങി വേറൊരു ചെമ്പു പാത്രത്തിൽ കുറെ എടുത്തു കുറുംപുല്ലുകൊണ്ട് ഇങ്ങോട്ടു തെറിക്കാതെ ശവത്തേൽ തെളിയ്ക്കു. "അഗ്ന ആയൂംഷി പവ ാ്സ ആസുവോൎജ്ജ മിഷഞ്ച നഃ = ആരേ ബാധസ്വ ദുച്ഛുനാം". ൧. "അഗ്നേ പവസ്വ സ്വപാ അസ്മേ വൎച്ചസ്സുവീൎയ്യം = ദധ ല്പോഷം രയിംമയി" ൨. "അഗ്നേ പാവക രോചിഷാ മന്ദ്രയാ ദേവ ജിഹ്വയാ = ആ ദേവാന്വക്ഷി യക്ഷിച" ൩. ആ പാത്രത്തിൽ തന്നെ, വേറെ വച്ചിരിക്കുന്ന കഷായവെള്ളവുമെടുത്ത് കുറുംപുല്ലിൽ മുക്കി മുൻ പറഞ്ഞതുപോലെ ആ പാലായന പുണ്യാഹം ചൊല്ലി തളിച്ചു കൊള്ളു

"ആപോ ഹിഷ്ഠാമയോഭുവ സ്താന ഊൎജ്ജേ ദധാ
തന = മഹേ രണായ ചക്ഷസേ = യോവ ശ്ശിവതമോ
രസ സ്തസ്യ ഭാജയതേഹനഃ = ഉശതീരിവ മാതരഃ = ത
സ്മാ അരം ഗമാമ വോയസ്യ ക്ഷയായ ജിന്വഥ = ആ
പോ ജനയഥാ ചനഃ = ശന്നോ ദേവീ രഭിഷ്ടയ ആപോ
ഭവന്തു പീതയേ = ശം യോ രഭി സ്രവന്തു നഃ = ഈശാ
നാ വാൎയ്യാണാം ക്ഷയന്തീ ശ്ചഷ്ണീനാം = അപോ യാ
ചാമി ഭേഷജം = അപ്സു മേ സോമോ അബ്രവീ ദന്ത
ൎവ്വിശ്വാനി ഭേഷജാ= അഗ്നിം ച വിശ്വശംഭുവം =ആപഃ
പൃണീത ഭേഷജം വരൂഥം തന്വേ മമ = ജ്യോക് ച
സൂൎയ്യം ദൃശേ = ഇദമാപഃ പ്ര വഹത യല്കിം ച ദുരിതം
മയി = യദ്വാഹ മഭിദുദ്രോഹ യദ്വാ ശേപ ഉതാനൃതം =
ആപോ അദ്യാന്വചാരിഷം രസേന സമഗസ്മഹി = പ

യസ്യാ നഗ്ന ആ ഗഹി തം മാ സാം സൃജ വച്ചസാ =

കയാ ന ശ്ചിത്ര ആഭുവ ദൂതീ സദാവൃധ സ്സഖാ = കയാ

ശചിഷ്ഠയാ വൃതാ = കസ്ത്വാ സത്യോ മദാനാം മംഹി

ഷ്ഠോ മത്സദന്ധസഃ = ദൃഢാ ചി ദാരുജേ വസു = അഭീ

ഷുണ സ്സഖീനാ മവിതാ ജരിതൄണാം = ശതം ഭവാസ്യൂ

തിഭിഃ = ഏതോന്വിന്ദ്രം സ്തവാമ ശുദ്ധം ശുദ്ധേന സാ

മ്നാ = ശുദ്ധൈ രുക്ഥൈ ർവ്വാവൃധ്വാംസം ശുദ്ധ ആശീ

ർവ്വാൻ മമത്തു = ഇന്ദ്ര ശുദ്ധോ ന ആഗഹി ശുദ്ധ ശ്ശുദ്ധാ

ഭി രൂതിഭിഃ = ശുദ്ധോ രയിം നി ധാരയ ശുദ്ധോ മമ

ദ്ധി സോമ്യഃ = ഇന്ദ്ര ശുദ്ധോ ഹി നോ രയിം ശുദ്ധോ

രത്നാനി ദാശുഷേ = ശുദ്ധോ വൃത്രാണി ജിഘ്നസേ ശുദ്ധോ

വാജം സിഷാസസി = സ്വാദിഷ്ഠയാ മദിഷ്ഠയാ പവസ്വ

സോമ ധാരയാ = ഇന്ദ്രായ പാതവേ സുതഃ = രക്ഷോഹാ

വിശ്വചർഷണി രഭി യോനി മയോഹതം = ദ്രുണാ സധ
സ്ഥ മാസദൽ = വരി വോധാതമോ ഭവ മംഹിഷ്ഠോ വൃ
ത്രഹന്തമഃ = പർഷി രാധോ മഘോനാം = അഭ്യർഷ മ
ഹാനാം ദേവാനാം വീതി മന്ധസാ = അഭി വാജ മു
ത ശ്രവഃ = ത്വാ മച്ഛാ ചരാമസി ത ദി ദർത്ഥം ദി
വേദിവേ = ഇന്ദോ ത്വേ ന ആശസഃ = പുനാതി തേ
പരിസ്രുതം സോമം സൂര്യസ്യ ദുഹിതാ = വാരേണ ശ
ശ്വതാ തനാ = തമീ മണ്വീ സ്സമര്യ ആ ഗൃഭ്ണന്തി
യോഷണോ ദശ = സ്വസാരഃ പാര്യേ ദിവി = തമീം
ഹിന്വന്ത്യഗ്രുവോ ധമന്തി ബാകുരം ദൃതിം = ത്രിധാ
തു വാരണം മധു = അഭീ മമഘ്ന്യാ ഉത ശ്രീണന്തി
ധേനവ ശ്ശിശും = സോമ മിന്ദ്രായ പാതവേ = അഃസ്യ
ദിന്ദ്രോ മദേഷ്വാ വിശ്വാ വൃത്രാണി ജിഘ്നതേ = ശൂരോ

മഘാ ച മംഹതേ = തരൽ സ മന്ദീ ധാവതി ധാ
രാ സുതസ്യാന്ധസഃ = തരൽ സ മന്ദീ ധാവതി = ഉ
സ്രാ വേദ വസൂനാം മൎത്തസ്യ ദേവ്യവസഃ = തരൽ
സ മന്ദീ ധാവതി = ധ്വസ്രയോഃ പുരുഷന്ത്യോ, രാ സ
ഹസ്രാണി ദദ്മഹേ = തരൽ സ മന്ദീ ധാവതി = ആ
യയോ സ്ത്രിംശതം തനാ സഹസ്രാണി ച ദദ്മഹേ=
തരൽ സ മന്ദീ ധാവതി = യ ദന്തി യ ച്ച ദൂരകേ ഭയം
വിന്ദതി മാ മിഹ = പവമാന വി ത ജ്ജഹി - പവമാ
ന സ്സോ അദ്യ നഃ പവിത്രേണ വിചൎഷണിഃ = യഃ പോ
താ സ പുനാതു നഃ = യ ത്തേ പവിത്ര മൎച്ചിഷ്യഗ്നേ വി
തത മന്ത രാ = ബ്രഹ്മ തേന പുനീഹി നഃ = യ ത്തേ
പവിത്ര മൎച്ചിവ ദഗ്നേ തേന പുനീഹി നഃ = ബ്രഹ്മ
സവൈഃ പുനീഹി നഃ = ഉഭാഭ്യാം ദേവ സവിതഃ പ

വിത്രേണ സവേന ച = മാം പുനിഹി വിശ്വതഃ = ത്രി

ഭിഷ്ട്വം ദേവ സവിത വൎഷിഷ്ഠൈ സ്സോമ ധാമഭിഃ =

രഗ്നേ ദക്ഷൈഃ പുനീഹി നഃ = പുനന്തു മാ ന്ദേവജനാ

പ്പുനന്തു വസവോ ധിയാ = വിശ്വേദേവാഃ പുനീത മാ

ജാതവേദഃ പുനീഹി മാ = പ്ര പ്യായസ്വ പ്ര സ്യംദസ്വ

സോമ വിശ്വേഭി രംശുഭിഃ = ദേവേഭ്യ ഉത്തമം ഹവിഃ =

ഉപ പ്രിയം പനിപ്നതം യുവാന മാഹുതീവൃധം = അ

ഗന്മ ബിഭ്രതോ നമഃ = അലായ്യസ്യ പരശുൎന്നനാശ ത

മാ പവസ്വ ദേവ സോമ = ആഖു ഞ്ചി ദേവ ദേവ സോ

മ = യഃ പാവമാനീ രദ്ധ്യേത്യൃഷിഭി സ്സംഭൃതം രസം =

സൎവ്വം സ പൂത മശ്നാതി സ്വദിതം മാതരിശ്വനാ =

പാവമാനീ ര്യോ അദ്ധ്യേത്യൃഷിഭിസ്സംഭൃതം രസം = ത

സ്മൈ സരസ്വതീ ദുഹേ ക്ഷീരം സൎപ്പി ൎമ്മധൂദകം =

ദ്രവിണോദാ ദ്രവിണസ സ്തുരസ്യ ദ്രവിണോദാ സ്സനരസ്യ

പ്ര യംസൽ = ദ്രവിണോദാ വീരവതീ മിഷന്നോ ദ്ര

വിണോദാ രാസതേ ദീർഘ മായുഃ = സവിതാ പശ്ചാ

ത്താൽ സവിതാ പുരസ്താൽ സവിതോത്തരാത്താൽ സവി

താധരാത്താൽ = സവിതാ ന സ്സുവതു സർവ്വതാതിം സ

വിതാ നോ രാസതാം ദീർഘ മായുഃ = നവോ നവോ ഭ

വതി ജായമനോ ഹ്നാം കേതു രുഷസാ മേത്യഗ്രം =

ഭാഗം ദേവേഭ്യോ വി ദധാത്യായൻ പ്ര ചന്ദ്രമാ സ്തിരതേ

ദീർഘ മായുഃ = വിദ്യുന്ന യാ പതന്തി ദ.വിദ്യോ ത്ഭ

രന്തി മേ അപ്യാ കാമ്യാനി = ജനിഷ്ഠോ അപോ നര്യ

സ്സുജാതഃ പ്രോർവ്വശീ തിരത ദീർഘ മായുഃ = ഭദ്ര ന്നോ

അപി വാതയ മനഃ."

ശേഷമുള്ള വെള്ളവും ശവശരീരത്തിലൊഴുക്കി ആ

ളെല്ലാം പോയി കുളിച്ചു ശുദ്ധനായിക്കൊള്ളൂ. അനന്തരം

ആ മൃതശരീരം ചെവിയിലോത്തു തുടങ്ങി മുറസ്സു സമസ്ത

KOTTAYAM PUBLIC LIBRARY KOTTAYAM.

രിച്ച് സചേലസ്നാനം ചെയ്ത് ഉദകക്രിയ ചെയ്തുകൊള്ളൂ.

പക്ഷാന്തരം.

ഈ പുണ്യാഹം തോന്നുകയില്ലെങ്കിൽ സ്വാചരണത്തിലെ പുണ്യാഹം കൊണ്ടും തളിക്കാം. 'അഗ്ന ആയുംഷി'കൊണ്ടുള്ള ക്രിയ കൂടാതെയും ആവാം. കുശയ്ക്കു പകരം ദർഭ മൂടോടേ എടുക്കാം.

൧൦. ഗർഭിണി സംസ്കാരം.

ഏഴാംമാസം തുടങ്ങീട്ടു മരിച്ചാൽ ഈ ക്രിയ ചെയ്യേണ്ടതാണ്. ഇക്കാലം മുതൽ അശുദ്ധിയായും, ശുദ്ധം മാറിയും, മരിച്ചാൽ കണക്കംപടിയുള്ള പ്രേതശുദ്ധി ചെയ്ത് ഈ ക്രിയ ചെയ്യണം. ഇത് ഭർത്താവൊഴിച്ചാക്കെങ്കിലുമെ ചെയ്യാൻ പാടുള്ളൂ.

പ്രേതശുദ്ധി വിഷയമുണ്ടെങ്കിൽ അതു മുറപോലെ ചെയ്ത് ക്രമത്തിനു ചെവികാത്തു തുടങ്ങി ചിതയുടെ പടിഞ്ഞാറു വശത്തു കൊണ്ടുവച്ച് വാതചുഴററിക്കഴിഞ്ഞു കിഴക്കോട്ടിരുന്ന് ഹോമം തുടങ്ങി പരിസ്തരിച്ചു ചാതിക്ക. പ്രോക്ഷണിസ്ഥാലി, ആജ്യസ്ഥാലി, സ്രുവം, പത്തു കെട്ടിയത്, ചാഞ്ചമത, മടക്കിക്കെട്ടിയത്, സംസ്കാരത്തിനുള്ള സാധനങ്ങൾ, ചരട്, സൂചി, 'മയിർവാള്', മൂന്ന് പൊന്നിൻ നുറുക്ക്, ഇവ ചാതിച്ച്, പ്രോക്ഷണിസംസ്കാരം തുടങ്ങി ചെറു ഹോമമായി ചെയ്ത്- ചാഞ്ചമതയിട്ടു വ്യാഹൃതി ചെയ്തുകൊള്ളൂ.

അനന്തരം മറച്ചുകെട്ടിയിടത്തു— മൃതശരീരത്തി

നടുത്തു ചെന്നു സ്വപ്നശകലവും, മയിർവാളും, കൂട്ടി പൊക്കിളിനു താഴെ ഇടത്തു ഭാഗത്ത് മേല്പോട്ടു കീറു. 'ഹിരണ്യഗർഭസ്സമവർത്തതാഗ്രേ ഭൂതസ്യ ജാതഃ പ്പതിരേക ആസീൽ = സ ദാധാര പൃഥിവീം ദ്യാമുതേമാം കസ്മൈ ദേവായ ഹവിഷാ വിധേമ=' പ്രജയേ കണ്ടാൽ 'ജീവതാം മമ പുത്രഃ' എന്നു ചൊല്ലിയെടുക്ക. 'ബ്രഹ്മ ജജ്ഞാനം പ്രഥമം പുരസ്താദ്വിസീമതഃ സ്സുരുചോ വേന ആവഃ = സബുധ്നിയാ ഉപമാ അസ്യ വിഷ്ഠാസ്സതശ്ച യോനിമസതശ്ച വിവഃ' ദർശനിലയിൽ പൊന്നിൻ നുറുക്കുവച്ച് അതിൽ കിഴക്കു തലയാക്കിക്കിടത്തി മുഖത്തു വെള്ളം തളിച്ച് ജീവനുണ്ടോ, എന്നു നോക്കി, ഉണ്ടെങ്കിൽ കുളിപ്പിച്ച് മുല കൊടുക്കണം കുടിക്കുമ്പോൾ പ്രജയെ നോക്കി ചൊല്ലു. 'യസ്തേ സ്തനശ്ശശയോ യോ മയോഭൂര്യേന വിശ്വാ പുഷ്യസി വാര്യാണി = യോ രത്നധാ വസുവിദ്യസ്സുദത്രസ്സരസ്വതി തമിഹ ധാതവേകഃ=' കുട്ടിക്കു ജീവനില്ലെങ്കിൽ ഈ ക്രിയ ചെയ്യേണ്ട. പൊന്നിൻ നുറുക്കു ഉയററിൽ വച്ച് ഹോമത്തു

ങ്കലേ നെയ്യും, സ്രുവവും, എടുത്തു കൊണ്ടുവന്ന് ഇട. ത്തിട്ട് കിഴക്കോട്ടിരുന്ന് അതിൽ മുപ്പത്തിയൊന്ന് സ്രു. വാഹുതി ചെയ്യ. 'ശതായുധായ ശതവീര്യായ ശതോ തയേ ഭിമാതിഷാഹേ = ശതം യോ ന ശ്ശരദോ അജീ താ നിന്ദ്രോ നേഷ ദതി ദുരിതാനി വിശ്വാ സ്വാഹാ.' ഫ. 'യേ ചത്വാര പ്പഥയോ ദേവയാനാ അന്തരാ ദ്യാ വാപൃഥിവീ വിയന്തി = തേഷാം യോ അജ്യാനിമജീതി മാവഹാ ത്തസ്മൈ നോ ദേവാ പ്പരി ദത്തേഹ സർവ്വേ സ്വാ ഹാ'. വ. 'ഗ്രീഷ്മോ ഹേമന്ത ഉത നോ വസന്ത ശ്ശര ദ്വർഷാ സ്സുവിതന്നോ അസ്തു = തേഷാ മൃതൂനാം ശതശാ രദാനാ ന്നിവാത ഏഷാ മഭയേ സ്യാമ സ്വാഹാ'. ന. ഇദ്വത്സരായ പരിവത്സരായ സംവത്സരായ കൃണുതാ ബൃഹ ന്നമഃ = തേഷാം വയം സുമതൌ യജ്ഞിയാനാം ജ്യോഗജീതാ അഹതാ സ്സ്യാമ സ്വാഹാ =' ർ. ഭദ്രാ

ന്നശ്രേയ സ്സുമനൈഷ്ട ദേവാ സ്ത്വയാ വസേന സമ
ശീമഹി ത്വാ = സ നോ മയോഭൂ പ്പിതോ ആവിശസ്വ
ശന്തോകായ തനുവേ സ്യോനസ്സ്വാഹാ'. ൯. 'പ്രയാ
സായസ്വാഹാ'. ൧൦. 'ആയാസായസ്വാഹാ'. ൧൧. 'വി
യാസായസ്വാഹാ'. ൧൨. 'സംയാസായസ്വാഹാ'. ൧൩.
'ഉദ്യാസായസ്വാഹാ'. ൧൪. 'അവയാസായസ്വാഹാ'.
൧൫. 'ശുചേസ്വാഹാ'. ൧൬. 'ശോകായസ്വാഹാ'.
൧൭. 'തപ്യത്വൈസ്വാഹാ'. ൧൮. 'തപസേസ്വാഹാ'.
൧൯. 'ബ്രഹ്മഹത്യായൈസ്വാഹാ'. ൨൦. 'സർവ്വസ്മൈ
സ്വാഹാ' ൨൧ 'പ്രാണായസ്വാഹാ'. ൨൨. 'വ്യാനാ
യസ്വാഹാ'. ൨൩. 'അപാനായസ്വാഹ'. ൨൪. 'ച
ക്ഷുഷേസ്വാഹാ'. ൨൫. 'ശ്രോത്രായസ്വാഹാ'. ൨൬.
'മനസേസ്വാഹാ'. ൨൭. 'വാചേസരസ്വത്യൈസ്വാ

ഹാ'. ൨൪. 'പൃഷ്ണേസ്വാഹാ'. ൨൫. 'പൃഷ്ണേശരസേ
സ്വാഹാ'. ൨൬. 'പൃഷ്ണേപ്രചക്ഷ്യായസ്വാഹാ'. ൨൭.
'പൃഷ്ണേനരസ്ഥിഷ്ഠായസ്വാഹ'. ൨൮. 'പൃഷ്ണേഘൃണയേ
സ്വാഹാ'. ൨൯. 'പൃഷ്ണേനരുണ്ണായസ്വാഹാ'. ൩൦.
'പൃഷ്ണേസാകേതായസ്വാഹാ.' ൩൧. അനന്തരം പൃഷ
ദാജ്യത്തിൽനിന്നും കുറച്ചെടുത്ത് വയററിൽ വീഴ്ത്തിക്കൊ
ള്ളു. പ്രജയ്ക്കു ജീവനുള്ളപക്ഷം രക്ഷിക്കുക. മൃതശരീരം
യഥാക്രമം ചിതമേൽ വെച്ച് സംസ്കരിക്കുക. കുട്ടിക്കു
ജീവനില്ലാത്തപക്ഷം ചിതമേൽ വെക്കുന്നതിനു മുമ്പു ഇ
രുന്നതുപോലെ വയററിൽ വച്ച് സൂചിമേൽ ചരടു കോ
ത്ത് വയറു തുന്നിക്കെട്ടു. 'ഗായത്രീ ത്രിഷ്ടു ബ്ജഗത്ര്യ
നുഷ്ടുപ്ക് പ്പംക്ത്യാ സഹ = ബൃഹത്യുഷ്ണിഹാകകുസ്തു
ചീഭി ശ്ശിമ്മ്യന്തു ത്വാ = ൧. 'ദ്വിപദാ യാ ചതുഷ്പദാ
ത്രിപദാ യാ ച ഷൾപദാ = സഛന്ദാ യാ ച. വിഛ
ന്ദാ സ്സൂചീഭി ശ്ശിമ്മ്യന്തു ത്വാ =' ൨. 'മഹാനാമ്നീ രേ
വതയോ വിശ്വാ ആശാ പ്രസൂവരീഃ = മേഘ്യാ വിദ്യു

തോ വാചസ്സ്രൂചീഭി ശ്ശിമ്മ്യന്തു ത്വാ.' ൩. 'രജതാ ഹരിണീസ്സീസായുജോ യുജ്യന്തേ കർമ്മഭിഃ = അശ്വസ്യ വാജിനസ്ത്വചി സൂചീഭി ശ്ശിമ്മ്യന്തു ത്വാ'. ൪. 'നാരീ സ്തേ പത്നയോ ലോമ വിചിന്വന്തു മനീഷയാ = ദേവാനാം പത്നീ ദ്ദിശസ്സൂചീഭി ശ്ശിമ്മ്യന്തു ത്വാ'. ൫. ഇങ്ങനെയഞ്ചു പ്രാവശ്യം തുന്നിക്കൊള്ളൂ. അനന്തരം ഹോമം മുഴുവനാക്കി ചിതസംസ്കാരം തുടങ്ങി മുറയ്ക്കു മന്ത്രസംസ്കാരം ചെയ്തു് സചേലസ്നാനം കഴിച്ചു് ഉദകക്രിയ ചെയ്തുകൊള്ളൂ.

പക്ഷാന്തരം.

കീറി തുന്നി കെട്ടുക വേറെയാൾക്കുമാകാം. പ്രജക്കു ജീവനില്ലാത്തപക്ഷം ഭൂദാനം ചെയ്യാംപോൽ. ഈ പക്ഷത്തിലവയറു തുന്നേണ്ട. വയററിൽവെക്കുന്നപക്ഷവും തുന്നേണ്ടെന്നു് അഭിപ്രായമുണ്ടു പോൽ. വയററിലിരിക്കുന്ന പൊന്നിൻ നറുക്കു് എടുത്തിട്ടു് പൃഷദാജ്യം വീഴ്ത്താം. കുട്ടിക്കു ജീവനുണ്ടെങ്കിൽ ൧൧-ാം ദിവസം പുണ്യാഹം, ജാതകർമ്മം, ഉദകം, ദശാഹബലി, പിണ്ഡം, പുണ്യാഹം ഇങ്ങനെ ചെയ്യാം. വേറേയും പക്ഷാന്തരങ്ങളുണ്ടു്.

൧൧. ഉദകക്രിയ.

ഏതു പ്രകാരത്തിലും സംസ്കരിച്ചു കഴിഞ്ഞാൽ,

അതിൻെറ അംഗമായും, സഞ്ചേനം കഴിഞ്ഞാലതിൻെറ അംഗമായും, ഓരോ ഉദകക്രിയയും, ദിനംപ്രതി ഓരോ ഉദകക്രിയയും, ചെയ്യേണ്ടതാണ്. സംസ്കാരാംഗമായ ഉദകക്രിയ അപ്പോൾ തന്നെയും, നിത്യ ഉദകക്രിയയോട കൂടിയും ചെയ്യാം. ഇതു സഞ്ചേനത്തിന്നു മുമ്പ് ഇടദ്ദിവസങ്ങളിൽ തുടങ്ങുകയുമാവാം. ഇതു ക്ഷൌരം ചെയ്യിപ്പിച്ചു കുളിച്ചുവേണം തുടങ്ങാൻ.

നിത്യകമ്മാനന്തരം തറവുടുത്ത് മുണ്ടും ചുററി മാരാനോടുകൂടികടവിൽ ചെന്ന് ദായക്കന്മാർ സചേലസ്നാനം ചെയ്ത്, കേറി, മണ്ണെടുത്ത് വ്യാപകം ചെയ്യു. 'ധാതാ പുനാതു സവിതാ പുനാതു = അഗ്നേസ്തേജസാ സൂര്യസ്യ വച്ചസാ.' രണ്ടാമത്തു മണ്ണെടുത്ത് മേല്പോട്ടു തേക്ക. 'സന്തപാസിഞ്ചാമി യജുഷാ പ്രജാം മായു ർധനഞ്ച = ബൃഹസ്പതിപ്രസൂതോ യജമാന ഇഹ മാരിഷൽ' പിന്നെ എല്ലാവരും തൂഷ്ണിയായി. ഓരോന്നെടുത്ത് തൊഴുതു ചൊല്ലു. 'ഉദ്വയം തമസ സ്പരി പശ്യന്തോ ജ്യോതിരുത്തരം = ദേവം ദേവത്രാ സൂര്യ്യമഗന്മ ജ്യോതിരുത്തമം.' പിന്നെ വലത്തുകാൽ കൊണ്ടു 'പ്രതിയുതോ ധ

ർണ്ണസ്യ പാശഃ' എന്നും ഇടത്തു കാലുകൊണ്ടു 'പ്രേത
സ്ഥോ വരുണസ്യ പാശഃ' എന്നും എല്ലാവരും നീർ പു
റകോട്ടു തെററിക്കൊള്ളു. ഇതു നിത്യമായി ചെയ്യേണ്ടത
ല്ലാ. മററുള്ള രണ്ടുദകക്രിയയ്ക്കും ചെയ്താൽ മതി.

ഉദകക്രിയ. മേൽവിവരിച്ചതുപോലെ തററുടുത്ത് മു
ണ്ടു ചുററി കടവിൽ ചെന്നു പവിത്രമിട്ടു ഇടത്തിട്ട് തെ
ക്കോട്ടിരുന്നു പ്രത്യേകമൊരു കല്ലിൽ മണലിട്ടു കീറി ക
രുംപുല്ലു വിരിച്ച് വെള്ളം, മഞ്ഞൾ, ബലിപ്പൂവ് ഇവ മു
മ്മൂന്നു കൊടുത്ത്, ഇവയും കൂർച്ചവും എടുത്ത് ശ്മശാനത്തു
ങ്കൽ നിന്നും പ്രേതത്തെ ആവാഹിച്ചു വച്ചു ബലിപോ
ലെ വെള്ളം, മഞ്ഞൾ, പൂവ്, എള്ള്, ഇവ കൊടുക്കുക.
ഉപാധികാരികൾ ഉണ്ടെങ്കിൽ അവരും കൊടുത്ത്, അ
ഗ്രത്തിലും, നടുവിലും, വെള്ളം കൊടുത്ത് കുരുംപുല്ലോ
ടുകൂടി മുങ്ങിപ്പൊങ്ങി കയ്യിലെ വെള്ളം ഇടത്തുകാൽ കു
ത്തി വലത്തുകാൽ മടിഞ്ഞിരുന്നു മാരാൻ എള്ളും, പൂ
വും, കയ്യിലിട്ടാൽ 'മനുഗോത്രേ അഗ്നിശർമ്മണേ ഏത
ത്ത ഉദകം' എന്നു ചൊല്ലി ആ പുല്ലിൽ ഇടത്തുട്ട് വീ
ഴ്ത്തിക്കൊള്ളു. ഒരു പ്രാവശ്യം കൂടി കയ്യിൽ വെള്ളം കോ
രി തുഷ്ണീയായി ഇതുപോലെ ചെയ്തുകൊള്ളു. വീണ്ടും
മുങ്ങി ഇപ്രകാരമെല്ലാം ഒന്നുകൂടി ചെയ്യണം. വേറെ
ദായകന്മാരുണ്ടെങ്കിൽ ഇതുപോലെ അവരും ഉദകം ചെ
യ്യണം. കർത്താവു വെള്ളം, മഞ്ഞൾ, പൂവ്, ഇവ കൊ

KOTTAYAM PUBLIC LIBRARY. KOTTAYAM

ടുത്തു് എല്ലാവരും പ്രദക്ഷിണം വച്ചു നമസ്കരിച്ചു പ്രത്യേകം, പ്രത്യേകം കുടുമ്മയും, വസ്ത്രത്തിൻെറ അററവും, കുട്ടിപ്പിഴിഞ്ഞു് വെള്ളം കൊടുത്താൽ കൎത്താവിരുന്നു് ശ്മശാനത്തുങ്കലേക്കു് ഉദേ്സിച്ചുകൊള്ളു.

പക്ഷാന്തരം.

സംസ്കാരാംഗമായ ഉദകക്രിയ അപ്പോഠം തന്നെ ചെയ്യാം. മണ്ണു തേക്കുന്നതു ഉദകക്രിയക്കു ശേഷമാകാം. 'മനു' എന്നിടത്തും 'അഗ്നി' എന്നിടത്തും അതാതു ഗോത്രവും പേരും കൂട്ടണം. സ്ത്രീയാകിൽ പേരിൻെറ കൂടെ 'ദേ' എന്നും കൂട്ടണം. ഗോത്രം നിശ്ചയമില്ലെങ്കിൽ 'മനുഗോത്ര'മെന്നു കൂട്ടാം. ഉദകം കഴിഞ്ഞും നീർ തെററാം. ഉദകക്രിയയ്ക്കു മൂന്നു പ്രാവശ്യം, മന്ത്രത്തോടു കൂടി കൊടുക്കുന്നവരുമുണ്ടു.

൧൨. ദശാഹബലി.

പട്ട—കററിനാട്ടി ബലി.

ഉദകക്രിയക്കു ശേഷം തറവുടത്തുവന്നു് നടുമുററത്തു തെക്കുനോക്കിയിരുന്നു് ഇടത്തിട്ടു് പവിത്രമിട്ടു തീൎത്ഥമുണ്ടാക്കി കരിമ്പനത്തണ്ടു പിടിമുഴം നീളത്തിൽ മുറിച്ചു നാട്ടി ഒരു കരിക്കും അതിൻെറ മുമ്പിൽ വച്ചു് അതിൻെറ മുമ്പിലൊരു കരിങ്കല്ലിട്ടതിൽ തളിച്ചു മെഴുകി കീറി കുറുംപുല്ലു വിരിച്ചു് വെള്ളം, ചന്ദനം, കൊടുത്തു് പൂവാരാധിച്ചു് വെള്ളം, ചന്ദനം, പൂവു്, എള്ളു്, കൂൎച്ചം, ഇവയെടുത്തു് ശ്മശാനത്തിങ്കൽനിന്നും ആവാഹിച്ചു വച്ചു

വെള്ളം, ചന്ദനം, പൂവ്, ഇവകൊട്ടത്ത് ഹവിസ്സിൽ നിന്നും ഈരണ്ടു മുഷ്ടി വച്ച് (ഉപാധികാരികളും ഇല്ല വെക്കണം) തൈരുകൊട്ടത്ത് വെള്ളവും, ചന്ദനവും, പൂവും, എള്ളും, കൂടി ഹവിസ്സിലിട്ടു കലക്കി തൃപ്തിയിട്ടു പ്രദക്ഷിണം വച്ച് നമസ്കരിച്ച് ശ്മശാനത്തുങ്കലേക്കു ഉദപസിച്ചുകൊള്ളു. വല്ലം — പച്ചോലമടഞ്ഞു കെട്ടിയതുകൊണ്ടു കുററിയും മൂടിച്ച്, പയ്യപ്പാടിനെക്കൊണ്ടു ബലിയിട്ടതെട്ടത്ത് നദിയിലു കൊണ്ടിടിവിച്ചു കൊള്ളു.

പക്ഷാന്തരം.

ചിലൎക്കു ഒന്നും പത്തും ദിവസങ്ങളിൽ ഓരോ മുഷ്ടിയായിട്ടു മുണ്ടു. ഇങ്ങനെ ഉദകവും, ബലിയും, നിത്യമായി ചെയ്യുമ്പോൾ പത്താംദിനം ബലി കഴിഞ്ഞാൽ കുററിയും മാററു. വല്ലവും, മററും കൂടി നദിയിൽ കൊണ്ടിട്ടുവിച്ചു മാററുട്ടത്തു കുളിച്ചുപോരു. പത്താംദിവസം കടവിൽ ഉദകമെല്ലാം കഴിച്ചു, ബലിയുമെല്ലാം, ഇടാമെന്നുള്ള പക്ഷക്കാരുണ്ടത്രേ. ഉദകത്തിന്നും മററും സഞ്ചേനം കഴിഞ്ഞാൽ അസ്ഥിസ്ഥാപിച്ചിടത്തുനിന്നും പിണ്ഡം കഴിഞ്ഞാൽ പിന്നുള്ള ക്രിയകൾക്കു ഉദ്ദിഷ്ടസ്ഥലത്തു നിന്നുമാണ് ആവാഹിക്കേണ്ടതു. ഉദപസിക്കേണ്ടതു അതാതു സ്ഥലത്തേക്കു തന്നെയാകുന്നു.

൧൩. സഞ്ചയനം.

ഇതിനു നാലാംദിവസമാണ് വിധിച്ചിരിക്കുന്നതു. അഞ്ചാംനാൾ വൎജ്ജ്യമാണ്. മേലോട്ടുള്ള ദിവസങ്ങൾ

കൊള്ളാം കറുത്ത ചതുർദ്ദശിയും, വെള്ളി, ചൊവ്വ, അ ഷ്ടകളും, പ്രേതത്തിന്റെ അഷ്ടമരാശിക്കുറും, അഷ്ടമരാശി യുംഇതിനുവജ്ജിച്ചിരിക്കുന്നു. പിണ്ഡകർത്താക്കന്മാരുടെ ജന്മനക്ഷത്രങ്ങളും, എടവം രാശിയും നിന്ദ്യമാണ്.

കുളിച്ചു ത്തന്തിമുടിച്ചു, ഉപസ്ഥാനം ചെയ്തു താറു ടുത്ത കാലുകഴകി യാചമിച്ച് ഇടത്തിട്ട പവിത്രമിട്ട ചിതയുടെ വടക്കു കിഴക്കോട്ടിരുന്ന് കുത്തിത്തളിച്ചു തി യ്യിട്ട തലോടി വ്ളാകി പരിസ്തരിച്ച്. ചാതിക്കു. ചെ റുഹോമത്തിന്റെ സാധനങ്ങൾ വഞ്ചിക്കുഴ - ഇല്ലെങ്കിൽ ഒരത്തിക്കുഴ, മൂന്നത്തിക്കുടില്, മൂന്ന് ഒരററം കുത്തിയ പച്ചക്കുത്തുപാള, ഒരു പാളച്ചെരുപ്പ്, ഒരു കരിങ്കല്ല്, കരിമ്പടനൂലും നൂലും കൂട്ടിപ്പിരിച്ച ചരടിൽ ചുണ്ടങ്ങ കോത്തത്, നവധാന്യങ്ങൾ— അമര, തൊമര, ഞവര, ചാമ, തേന, പയറ്, വൻപയറ്, എള്ള്, കോതമ്പ് - ഇവ, ഗോമൂത്രം, ഇളന്നീര്, കോടിമുണ്ട്, പച്ചക്കലം ചട്ടി, സ്വണ്ണം, പാലു, രണ്ടത്തിക്കുററി, ചെറുകടലാ ടി, കറുക, ആല്, അക്ഷതം, പുൽക്കയറ്, ഇവ ചാ തിച്ച് പ്രോക്ഷണി സംസ്കാരം, ആജ്യസംസ്കാരം, സ്രു വസമ്മാർജ്ജനം, ഇവ ചെയ്തു നെയ്യുടച്ചഗ്നിയലങ്കരിച്ച് ഗണപതി നിവേദിച്ച ചാഞ്ചമതയിട്ടു വലത്തിട്ടു മിന്ദാ ഹുതി— 'യന്മ ആത്മനഃ'— 'പുനരഗ്നിഃ' എന്നു ചെ യ്തു ഇടത്തിട്ടു സ്രുവാഹുതി ചെയ്യു. 'അവസൃജപുനര

ഗ്നേ പിതൃഭ്യോ യസ്ത ആഹുത ശ്ചരതി സ്വധാഭിഃ = ആയുർവ്വസാന ഉപയാതു ശേഷം സംഗച്ഛതാം തന്വാജാതവേദസ്വാഹാ.' 'സംഗച്ഛസ്വ പിതൃഭിസ്സം സ്വധാഭി സ്സമിഷ്ടാപൂർത്തേന പരമേ വ്യോമൻ = യത്ര ഭൂമ്യൈ വൃണസേ തത്ര ഗച്ഛ തത്ര ത്വാ ദേവ സ്സവിതാ ദധാതു സ്വാഹാ'. 'യത്തേ കൃഷ്ണശ്ശകുന ആതുതോദ പിപീല സ്സർപ്പ ഉത വാശ്വാപദഃ = അഗ്നിഷ്ട ദ്വിശ്വാദഗദം കൃണോതു സോമശ്ച യോ ബ്രാഹ്മണ മാവിവേശ സ്വാഹാ.' സംസ്രാവം വാർത്ത്, മന്ത്രപരിഷേകം ചെയ്തു വിളാകിയാരാധിച്ച ഗണപതി വിടുത്ത് കൊള്ളു.

പിന്നെ ഹോമത്തുങ്കൽനിന്നും കുറച്ചു തീയ്യെടുത്തു ചിതയിലിട്ട് പാല് എടുത്ത് അതിൽ തീർത്ഥമൊഴിച്ച് അത്തിക്കുഴയതില മുക്കി ചിതയിൽ തളിയ്ക്കു. 'യന്തേ അഗ്നിമമന്ഥാമ വൃഷഭായേവപക്തവേ = ഇമന്തം ശമയാമസി ക്ഷീരേണ മോദകേനച' എ. 'യ

ന്ത്വാ മഗ്നേ സമദഹ സ്ത്വാമുനിർവ്വാപയാ പുനഃ = ക്യാം ബൂ രത്ര ജായതാം പാകദൂർവ്വാ വ്യൽക്കശാ" വ. "ശീതികേ ശീതികാവതി ഹ്ലാദികേ ഹ്ലാദികാവതി = മണ്ഡൂക്യാ സുസംഗമ യേമ ം സ്വഗ്നിം ശമയ" ന്വ. "ശന്തേ ധന്വന്യാം ആപ ശ്ശമുതേ സന്ത്വനൂപ്യാഃ = ശന്തേ സമുദ്രിയാ ആപ ശ്ശമുതേ സന്തു വർഷ്യാഃ" ര. "ശന്തേ സ്രവന്തീ സ്തനുഃവ ശമുതേ സന്തു കൂപ്യാഃ = ശന്തേ നീഹാരോ വർഷതു ശമുപൃഷ്വാവശീയതാം". ദ. "യന്തേ അഗ്നിമമ—," ന്യ. ഇങ്ങനെ കന്നാമത്തേതു കൂട്ടി ആറു പ്രാവശ്യം തളിച്ചതി കെടുത്തി കുഴ തളിച്ചു കളഞ്ഞു കൊള്ളി മാററി ഇടത്തുകാലിൽ ചെരിപ്പും, വലത്തുകയ്യിൽ ആ ചരടും കെട്ടി (ഉപാധികാരികളുണ്ടെങ്കിൽ അവൎക്കും കാപ്പും, ചെരിപ്പും വേണ്ടും). ചിതമേൽ കല്ലുവച്ച് വലത്തുകാൽ അതേൽ ചവുട്ടി ഇടത്തു കാൽ ചിതമേലും ചവുട്ടി കിഴക്കു നോക്കിയിരുന്ന് തലസ്ഥലും, നടുക്കും, കാൽക്കലും, പച്ച കത്തുപാളയും, അതിക്കടിലും, വച്ച് ചെറുകടലാടിയും, കറുകയും, കൂട്ടി

ത്തിരുമ്മി കണ്ണെഴുതി നിവീതമിട്ട് അത്തിക്കുററികൾ ക ഴുത്തിന്റെ സ്ഥാനത്തും അരയുടെ സ്ഥാനത്തും തറച്ച തലയ്ക്കലേ കുടിലെടുത്ത് തലയ്ക്കലേ അസ്ഥിയിലോന്നെടു ത്ത് ആ പാളയിൽ വെയ്ക്കു. "ഉത്തിഷ്ഠാത സ്തനവം സംഭരസ്വ മേഹഗാത്ര മവഹാമാ ശരീരം = യത്രഭൂ മ്യൈവൃണ സേതത്ര ഗഛ തത്രത്വാ ദേവ സ്സവിതാ ദധാ തു". പിന്നെ ഒന്നുകൂടി എടുത്തു വെയ്ക്കു. 'ഇദന്ത ഏ കം' കുടിലവിടെ വച്ച് കൈ നനച്ച് നടുക്കിരിക്കുന്ന കുടിലെടുത്ത് ആ പാളയിൽ അവിടേ നിന്നും അസ്ഥി യെടുത്തു വെയ്ക്കു. 'പര ഊത ഏകം' ഒന്നുകൂടിയെടു ത്തു വെയ്ക്കു. 'തൃതീയേന ജ്യോതിഷാ സംവിശസ്വ' കു ടിലവിടെ വച്ച കൈ നനച്ച കാൽക്കൽ നിന്നും കുടിലെ ടുത്ത് അവിടേ നിന്നും അസ്ഥിയെടുത്ത് ആ പാളയിൽ വെയ്ക്കു. 'സംവേശന സ്തന്വൈ ചാരു രേധി' ഒന്നുകൂടി യെടുത്തുവയ്ക്കു. "പ്രിയോ ദേവാനാം പരമേ സധസ്ഥേ" കുടിലവിടെ വെച്ച കൈ നനച്ച തലയ്ക്കൽ മുതൽ അതാ തു കുടിലു കൊണ്ട് അതാതു സ്ഥാനങ്ങളിലെ അസ്ഥിക ളെല്ലാം പെറുക്കി അതാതു പാളകളിൽ വച്ച് തെക്കു മു

തൽ ആ പാളുകളെടുത്തു ചിതയുടെ വടക്കു പടിഞ്ഞാറു തെക്കു മുതൽ വച്ചു കൊള്ളു. പിന്നെ ചിതയിലെ ചാരം വാരി നദിയിലിട്ടുകൊള്ളു. അതിനു തരമില്ലെങ്കിൽ അവിടെത്തന്നെ ചാരം കുഴിച്ചു താഴ്ത്തു മൂടി ചിത വെട്ടി നിരത്തി നവധാന്യങ്ങൾ വിതച്ചു തൈ, വാഴ, മററൻ, ഇവയും യഥാക്രമം നട്ടു ചെരുപ്പു കളഞ്ഞു വലത്തിട്ട് കാലു കഴുകി യാചമിച്ച് ഇടത്തിട്ട് അസ്ഥികളുടെ പടിഞ്ഞാറു കിഴക്കോട്ടിരുന്നു ശുദ്ധജലം, ഇളനീര്, ശുദ്ധജലം, പാല്, ശുദ്ധജലം, ഗോമൂത്രം, ശുദ്ധജലം ഇവകളെക്കൊണ്ടു തെക്കു മുതൽ യഥാക്രമം അസ്ഥികൾ കഴുകി കോടി വിരിച്ച് അതിൽ പച്ചക്കലം വച്ചതിൽ ഉപസ്തരിച്ച് കറുകപ്പുല്ല്, സ്വർണ്ണം, ചന്ദനം, അക്ഷതം, എള്ള്, ബലിപ്പൂവ്, ഇവയിട്ടു കാൽക്കൽ മുതൽ അസ്ഥികൾ വലത്തൂട് കലത്തിലാക്കി പൂവാരാധിച്ചു തൊഴുതു ഗന്ധപുഷ്പാക്ഷതാദികളിട്ടു മണ്ടകൂട്ടി പുൽക്കയറുകൊണ്ടു കെട്ടി നിവീതമിട്ട് ഇടം തോളിലെടുക്കു. "ഉത്തിഷ്ഠ പ്രേഹി പ്രദ്രവൌകഃ കൃണുഷ്വ പരമേ വ്യോമൻ = യമേന ത്വം യമ്യാ സംവിദാനോ ഉത്തമം നാകമധിരോഹേമം" കൊണ്ടുപോയി പ്ലാവിനു പ്രദക്ഷിണമായി കുഴിക്കു, വടക്കുവശത്തു തെക്കു നോക്കിയിരുന്നു വശം മാറാതെ കലം വടക്കു തിരിച്ചു വച്ചു

കുഴിയിൽ കുഴിച്ചു മണ്ണു കളഞ്ഞു മെഴുകി കുത്തിത്തളിച്ച് അക്ഷതം, കുറുംപുല്ല്, ചന്ദനം, പൂവ്, എള്ള് ഇവ യിട്ടു വശം മാറാതെ കലമെടുത്തു കുഴിയിൽ വടക്കോട്ടു പ്രതിഷ്ഠിക്ക. "പൃഥിവ്യാസ്ത്വാ അക്ഷിത്യാ അപാമോ ഷധീനാം രസേസപര്‌ഗ്ഗേ ലോകേനാകസ്യത്വാ പൃഷ്ഠേ ബ്ര ഹ്മസ്യത്വാ വിഷ്ണപേ സാദയാമി ഭൂർഭുവസ്സുവ ദ്ദേവദത്ത ശർമ്മൻ" സ്ത്രീയാകിൽ "ഭൂർഭുവസ്സുവർഗ്ഗൌരീദേ" ("ദേവദ ത്തൻ" എന്നുള്ളിടത്തും "ഗൌരി" എന്നുള്ളിടത്തും, അതാതു പ്രേതത്തിൻെറ പേരു കൂട്ടണം) പിന്നെ കോ ടി മാററി കലത്തിന്മേ വിളക്കും വച്ചു ചട്ടികൊണ്ടടച്ചു ചന്ദനം, പൂവാരാധിച്ചു, തൊഴുതു കാപ്പഴിച്ചു കുഴിയി ലിട്ടു മണ്ണിട്ടു മൂടിയുറപ്പിച്ചു വലത്തിട്ടു പ്രദക്ഷിണം വ ച്ചു നമസ്കരിച്ച് ഇടത്തിട്ടു പോരുമ്പോൾ, നദി- വെള്ള മൊഴിച്ചു കടക്ക. 'അശ്മന്വതീരേവതീ സ്സംരഭധ്വമു ത്തിഷ്ഠത പ്രതരതാ സഖായഃ = അത്രാജഹാമയേ അ സന്നശേവാശ്ശിവാൻ വയമഭി വാജാനുത്തരേമ' പിന്നേ യും വെള്ളമൊഴിച്ചു കടക്ക. 'യദ്വൈ ദേവസ്യ സവി തു പ്പവിത്രം സഹസ്രധാരം വിതത മന്തരിക്ഷേ = യേ

നാ പുനാദിന്ദ്ര മനാത്ത മാരൈത്ത്യതേ നാഥാമാം സ്
വ്വത്നരം പുനാമി' മൂന്നാമത്തും നദി കടക്ക. 'യാരാഷ്ട്രാ
ൽ പന്നാദ ഭയന്തി ശാഖാ അഭിമൃശാനുപതി മിച്ഛ
മാനാഃ = ധാത്രു സ്താസ്സവ്വാപ്പവനേന പൃതാ പ്രജയാ
സ്മാ ന്റയ്യാവച്ച്സാ സംസൃജാഥ'.

അനന്തരം പ്ലാശിൻ തോരണത്തിൻ കീഴിൽ കൂടി കടന്നതു പൊട്ടിച്ചുകൊള്ളു പലരുണ്ടെങ്കിൽ പ്രായം കുറഞ്ഞയാൾ വേണമത്തു പൊട്ടിച്ചുകളയാൻ. പിന്നെ മുറയ്ക്കു സചേലസ്നാനം ചെയ്തു സഞ്ചയനാംഗമായും, നിത്യമായും, ഉള്ള ഉദകക്രിയ ചെയ്തു കൊട്ടമ്പലിയിട്ടുകൊള്ളു.

പക്ഷാന്തരം.

തള്ളിക്കുന്നതിനു പ്ലാശ്ശുംകുഴയും ആവാം. ചരടേൽ കോപ്പാൻ ചെറുവഴുതിനക്കാ ആവാം. തൈ മുതലായതു ചെയ്യണമെന്നില്ലാ. അസ്ഥി; തെങ്ങും മൂട്ടിലും സ്ഥാപിക്കാം. അസ്ഥി സ്ഥാപിക്കാൻ കുഴിക്കുന്നതിനും, പൂഴി കളയുന്നതിനും, സമാപ്തിയിൽ വന്ദിക്കുന്നതിനും, ചിലർ മന്ത്രം ഉപയോഗിക്കുന്നുണ്ടത്രെ. തലെദിവസം അന്തിയ്ക്കു ശ്മശാനത്തിൽ മാരാൻ അക്ഷതം വിതറി ഇരുന്നുകഷണം ഇടാം.

### ൧൪. പിണ്ഡം.

പത്താം ദിവസം ഉദകം, കൊട്ടുബലി, ഇവ കഴിഞ്ഞു കുററി മാററി മാററുടുത്തു കുളിച്ചു പതിനൊന്നാംദിവസം പിണ്ഡം വെയ്ക്കു.

കുളിച്ചു ത്തന്തിമുടിച്ച് പുല പോക്കി കുളിച്ചു ഉപസ്ഥാനം ചെയ്ത് തററുടുത്ത് ആചമിച്ച് കടവിൽതെക്കോട്ടിരുന്നു ഇടത്തിട്ടു പവിത്രമിട്ടു തീൎത്ഥമുണ്ടാക്കി ഒരാളെയിരുത്തി അനുസ്തരണി ദാനമെന്നു സങ്കല്പിച്ച് 'ഓം തൽസൽ' എന്നു യഥാക്രമം ദക്ഷിണചെയ്തു കുളിച്ചുപസ്ഥാനം ചെയ്തുപോരു.

ഗൃഹത്തിൽ കിഴക്കു നോക്കിയിരുന്നു പവിത്രമിട്ടു തീൎത്ഥമുണ്ടാക്കി ഗണപതി നിവേദിച്ചു പഞ്ചദാനമെന്നു സങ്കല്പിച്ചു ഒരാളെയിരുത്തി ദക്ഷിണ ചെയ്തുകൊള്ളു. പവിത്രമൂരിയഴിച്ചു കളഞ്ഞു കാലു കഴുകി യാചമിച്ചു തെക്കു നോക്കിയിരുന്നു ഇടത്തിട്ടു പവിത്രമിട്ടു തീൎത്ഥമുണ്ടാക്കി ശ്മശാനപ്രായശ്ചിത്തമെന്നു സങ്കല്പിച്ച് ഒരാൾക്കു ദക്ഷിണചെയ്തു ദശാഹപ്രായശ്ചിത്തമെന്നു സങ്കല്പിച്ചു യഥാവിധി ദക്ഷിണ ചെയ്തുകൊള്ളു. നൂറ് പേൎക്ക് വേണ്ടതാണ്. (എങ്കിലും മൂന്നിൽ കുറയാതെ ചെയ്യണം) പവിത്രം കളഞ്ഞു കാലു കഴുകി ആചമിച്ചു കിഴക്കോട്ടിരുന്നു പവിത്രമിട്ടു 'സൎവ്വപ്രായശ്ചിത്തമിദം ഓം തൽസൽ' എന്നു ചൊല്ലി ഒരാൾക്കു ദക്ഷിണ ചെയ്തുകൊള്ളു. മുൻ ഗണപതി വിടൎത്തുകൊള്ളു.

പവിത്രമഴിച്ചുകളഞ്ഞു കാലു കഴകിയാചമിച്ചു തെക്കോട്ടിരുന്ന് പവിത്രമിട്ടു ഇടത്തിട്ടു തീൎത്ഥമുണ്ടാക്കി ബലിസ്സാധനങ്ങളെല്ലാം ഓരോന്നായി ചാതിച്ച് ഇടത്തുട്ട് തളിച്ചു മെഴുകി തെക്കഗ്രമായി രണ്ടു പുല്ല് വച്ച് പടിഞ്ഞാറേത്തെടുത്ത് കീറിക്കളഞ്ഞ് മണലിട്ടു കീറി മറേറപ്പുല്ലു കളഞ്ഞ് സംകൃതാക്ഷരിന്നം വിരിച്ചു ചന്ദനവും, പൂവും, ആരാധിച്ച് വെള്ളവും, ചന്ദനവും, പൂവും, മൂന്നു കൊടുത്ത് കൂൎച്ചമെടുത്ത് ചന്ദനം, പൂവ്, എള്ള്, വെള്ളം, ഇവ കൂട്ടി, അസ്ഥി സ്ഥാപിച്ചിടത്തുനിന്നും ആവാഹിച്ചുവച്ച് ഒമ്പതു പ്രാവശ്യം വീതം വെള്ളം, ചന്ദനം, പൂവ്, ഇവ എല്ലാവരും പ്രത്യേകം കൊടുത്തുകൊള്ളൂ. തുശനില തുടച്ച് ഉപസ്തരിച്ച് എള്ളു വിതറിയുപസ്തരിച്ച് കവ്യൻ ഇട്ട് പിണ്ഡം ഉരുട്ടി എള്ളു പൊതിഞ്ഞു ഉപസ്തരിച്ച് ഏകോദ്ദിഷ്ടത്തിനൊരാളെയിരുത്തി കൈകഴുകി വെള്ളം, ചന്ദനം, തൊടുവാൻ വെള്ളം, ചൂടുവാൻ എള്ള്, പൂവ്, ഇവ കൊടുത്ത് പ്രൈഷം കേട്ട് ഏകോദ്ദിഷ്ടം ചെയ്യു.

(കൊടുത്ത പെൺമക്കളോ, കൊടുക്കാത്ത പെൺകുട്ടികളോ ഉണ്ടെങ്കിലവർ ഈ ബലി തുടങ്ങുമ്പോൾ മുതൽ കിഴക്കോട്ടിരുന്ന് തുളസി, ചന്ദനം, കുറുംപുല്ല്, ഇവയൊരുക്കി ക്രമത്തിനു തുവേണ്ടതാകുന്നു. കൊടുത്ത പെണ്ണുങ്ങളാണെങ്കിൽ പ്രത്യേകം, പ്രത്യേകം, ഏകോദ്ദിഷ്ടവും ചെയ്യണം.) പ്രൈഷം കേട്ട് ഏകോദ്ദിഷ്ടം ചെയ്യു.

പ്രൈഷം— ഇവിടെ ദേഹദേഹിവിയോഗത്തുങ്കൽ പഞ്ചപ്രാണമനോബുദ്ധിർദശേന്ദ്രിയസമന്വിതം അപഞ്ചീകൃതഭൂതോത്ഥം സൂക്ഷ്മാംഗം ഭോഗസാധനം— എന്നിങ്ങിനെ ജീവാധിഷ്ഠിതമായിരിക്കുന്ന സൂക്ഷ്മശരീരത്തിന്നു മോക്ഷാവസ്ഥയിങ്കലേ വിനാശമുള്ളു. അതുനാളും ജീവാത്മാവ് യഥാപ്രാരബ്ധം ശരീരാന്തരപ്രവേശദ്വാരാ സംസരിച്ചു സംസരിക്കുമത്രേ.

നാനാജന്തുശരീരാണി പശ്ചാദേണ പ്രവിശ്യഹി
വാസനാവശഗോജീവ ആമുക്തേസ്സംസരത്യസൌ.

എന്നു സ്മൃതി ഉണ്ടു. 'ജീവോമൃതസ്യചരതിസ്വധാഭിഃ' മൃതനായിരിക്കുന്നവന്റെ ജീവൻ സ്വധകൾ നിമിത്തമായിട്ടു ചരിക്കുന്നു എന്ന് കേൾക്കകൊണ്ടു ദിവ്യശരീരമായി കവ്യഹവിർഭോക്താവായി നിരതിശയൈശ്വര്യവാനായി, നിഗ്രഹാനുഗ്രഹകർത്താവായിട്ട് പ്രേതമെന്നൊരു ദൈവതമുണ്ടെന്നു നിശ്ചയിക്കുന്നു. അവിടെ ആ പ്രേതത്തിന്നു ഔർദ്ധ്വദൈഹികകർമ്മങ്ങളെക്കൊണ്ടു ശരീരാപ്തിയായിരിക്കുന്നതു, അത് വേണ്ടുംവണ്ണം ചെയ്യാതെപോയാൽ നിരാശ്രയതേന പിശാചത്വം ഉണ്ടായിപ്പോകും.

പ്രേതക്രിയാതിരഹിതഃപ്രേതകർമ്മഃ ബഹിഷ്കൃതഃ
പിശാചദേഹമാശ്രിത്യ വിശിതാശീ ചരത്യസൌ.

എന്നുണ്ടാകയാൽ പിശാചത്വനിവൃത്തിയർത്ഥം പ്രേതസംസ്കാരങ്ങളെ ചൊല്ലുന്നിടത്ത്, സംസ്കാരത്തുങ്കലെ

ഉപസ്ഥാനാനന്തരം ധനഞ്ജയനാകുന്ന പ്രാണൻ എല്ലാടവും വ്യാപ്തമായി കൎമ്മത്തിന്നാശ്രയമായി അദൃശ്യമായിരിപ്പോരു ദേഹത്തെ ഇഛരിക്കുന്നതിന്റെ പരിപൂൎത്തിയ്ക്കായിക്കൊണ്ടു പത്തു ദിവസത്തെ ഉദകക്രിയയും, കൊട്ടുബലിയും ചെയ്യുന്നു. അവിടെ പ്രഥമദിവസത്തേ ഉദകപിണ്ഡങ്ങളെക്കൊണ്ടു മൂൎദ്ധാവുണ്ടാകുന്നു. രണ്ടാംദിവസത്തേതുകൊണ്ടു ചക്ഷുശ്രോത്രങ്ങളും, നാസികയുമുണ്ടാകുന്നു. മൂന്നാം ദിവസത്തേതുകൊണ്ടു ഗ്രീവയും, വക്ഷസ്സും, ബാഹുക്കളും ഉണ്ടാകുന്നു. നാലാം ദിവസത്തേതുകൊണ്ടു നാഭിയും, ഗുദവും, ലിംഗവും, ഉണ്ടാകുന്നു. അഞ്ചാം ദിവസത്തേതുകൊണ്ടു ഊരുക്കൾ ഉണ്ടാകുന്നു. ആറാം ദിവസത്തേതുകൊണ്ടു ചൎമ്മങ്ങൾ ഉണ്ടാകുന്നു. ഏഴാം ദിവസത്തേതുകൊണ്ടു ഞരമ്പുകൾ ഉണ്ടാകുന്നു. എട്ടാം ദിവസത്തേതുകൊണ്ടു രോമങ്ങൾ ഉണ്ടാകുന്നു. ഒമ്പതാം ദിവസത്തേതുകൊണ്ടു ദേഹത്തിന്റെ ബലം ഉണ്ടാകുന്നു പത്താം ദിവസത്തേതുകൊണ്ടു ക്ഷുല്പിപാസ ഉണ്ടാകുന്നു. എന്നിങ്ങനെ ഋശ്യശൃംഗമഹൎഷിയാൽ ഉക്തമായിട്ടുണ്ടു.

പ്രഥമേഹനി യഃ പിണ്ഡസ്തേന മൂൎദ്ധാ പ്രജായതേ
ചക്ഷുഃ ശ്രോത്രേ നാസികാ ച ദ്വിതീയേഹനി. ജായതേ
ഗ്രീവവക്ഷസ്ഥലം ബാഹു തൃതീയേഹനി ജായതേ
നാഭിസ്ഥാനം ഗുദം ലിംഗം ചതുൎത്ഥേഹനി ജായതേ
ഊരുത്രു പഞ്ചമേ[illegible]യൌഷഷ്ഠേ മൎമ്മാണി നിൎദ്ദിശേൽ

സപ്തമേ തു സിരാ സ്സർവ്വാ ജായന്തേ നാത്ര സംശയഃ
അഷ്ടമേ തു കൃതേ പിണ്ഡേ സർവ്വരോമാണ്യനന്തരം
നവമേ വീര്യ്യസമ്പത്തി ർദ്ദശമേ ക്ഷുൽപരിശ്രമഃ
ആശൌചാന്തേതതസ്സമ്യൿപിണ്ഡദാനംസമാചരേൽ

എന്നിങ്ങനെ ദശാഹോദകപിണ്ഡങ്ങളെക്കൊണ്ടു സർവ്വാവയവപരിപൂർണ്ണമായി ക്ഷുൽപ്പിപാസാപരിശ്രാന്തമായിരിക്കുന്ന പ്രേതത്തിന്നു ഉപജീവനാൎത്ഥമായിട്ടു ഏകാദശപിണ്ഡം വെയ്ക്കുന്നതു. അവിടെ ആ പ്രേതത്തുങ്കൽ അനാദിജന്മകൃതമായിരിപ്പോരു ഏനസ്സുണ്ടു പ്രതിബന്ധമായിട്ടു. അത് ഉപജീവനവിരോധിയായി ഭവിക്കുന്നതു. തൻനിവൃത്തിയ്ക്കായിക്കൊണ്ടു യഥാശക്തി ഗൃഹീതമായിരിപ്പോരു ദ്രവ്യത്തുങ്കലാമ്മാറു ഏനസ്സിനേ കല്പിച്ചിട്ടു ഏകോദ്ദിഷ്ടദാനം ചെയ്യു.

എന്നാൽ ഉക്തപ്രകാരം സ്മരിച്ച് ഏകോദ്ദിഷ്ടദാനം ചെയ്വൂ.

ഇപ്രകാരം പ്രൈഷം കേട്ട് ചന്ദനവും, പൂവും, പണവും, എള്ളും, തീൎത്ഥവും, കൂടിയെടുത്ത് 'ഏകോദ്ദിഷ്ടശ്രാദ്ധമിദം ഓം തത്സൽ' എന്നു ചെയ്ത് വെള്ളം കൊടുത്ത് വെററില, പാക്ക്, പൂണൂൽ, വസ്ത്രം, ഇവ കൊടുത്ത് പുല്ലിൻെറ തലക്കലും കുറച്ചു താഴ്ത്തും ഓരോ വെള്ളം കൊടുത്ത് പിണ്ഡമെടുത്ത് രണ്ടാമതു വെള്ളം കൊടുത്തിടത്തു ഇടത്തൂട് വെയ്ക്കു. 'അയമോദനഃകാമദുഘോസ്ത്വനന്തോ ക്ഷീയമാണഃസുരഭിസ്സൎവ്വകാമീ

സതോപതിഷ്ഠതജരോനിത്യപൂതസ്സ്വധാന്ദുഹാനാ അ മൃതാ ്സ്തർപ്പയന്തു അഗ്നിശമ്മണഉപതിഷ്ഠതു' ഇട ത്തൂട് തെരും കൊടുത്ത് വലത്തിട്ടു തിരിഞ്ഞ് ബ്രാ ഹ്മണരേയും പശുക്കളേയും വിചാരിച്ചിരുന്ന് ഇടത്തി ട്ട് ഒരു വെള്ളം കൊടുത്തുകൊള്ളൂ. സ്ത്രീയാകിൽ 'ഗൌരീ ദായാ ഉപതിഷ്ഠതു' എന്നു വേണം. 'അഗ്നി' എന്നുള്ളി ടത്തും, 'ഗൌരീ' എന്നുള്ളിടത്തും, അതാതു പ്രേതത്തി ൻെറ പേരു കൂട്ടണം. ഉപാധികാരികളുണ്ടെങ്കിലവരും പ്രത്യേകം പ്രത്യേകം പിണ്ഡം വെയ്ക്കണം.

പിന്നെ കത്താവിരുന്ന് തീത്ഥം, അഞ്ജനം, അഭ്യ ഞ്ജനം, തീത്ഥം, ആല്., തീത്ഥം, ഇവയും കൊടുക്ക. കത്താവിരുന്ന് ഇല കോട്ടി ഹവിസ്സെടുത്ത് തീത്ഥം, നെയ്യ്, തേന്, പാല്, പാലു മഴക്കിയത്, ഇവയൊ ഴിച്ചു ചന്ദനവും, പൂവും, ഇട്ട് ഇളക്കി ഇടത്തൂട പിണ്ഡ ത്തിന്നു ചുററും കയ്യിലാക്കി തൂവു. 'ഊജ്ജസ്വതീസ്വ ധയാവന്ദമാനാസ്ഥാ ്സ്തേസ്രവന്തിസ്യോനാ ഊജ്ജം വ ഹന്തിസ്സ്വധമക്ഷിതോഭകാഃക്ഷീരമുദകം ഘൃതമ്മധുപയഃ കീലാലം പരിസ്രുതംസ്ഥതർപ്പയതമേപ്രേതംതൃപ്യസ്വ' 'തൃപ്യസ്വ' 'തൃപ്യസ്വ' എന്നു രണ്ടു പ്രാവശ്യംകൂടി തൂ വി ഇലവച്ച് തലയ്ക്കൽ വെള്ളം കൊടുത്ത് വലത്തി ട്ടു വലത്തൂട തിരിഞ്ഞ് പുണ്യസ്ഥലങ്ങളും, നദികളും, വിചാരിച്ചിരുന്ന് ഇടത്തിട്ടു ഒരു വെള്ളം കൊടുക്ക. ഉ പാധികാരികളും വെള്ളം കൊടുത്തുകൊള്ളൂ. സ്ത്രീയാ

കിൽ'പ്രേതാംത്രൃപ്യസ്വ' എന്നു വേണ്ടതാണ്. പിന്നെ കൎത്താവിരുന്ന് മൂന്നു പ്രാവശ്യം വെള്ളവും, മുമ്മൂന്നുപ്രാവശ്യം ചന്ദനവും, പൂവും, കൊടുത്ത് തൊഴുത് ഒരാളെയിരുത്തി പിണ്ഡദാനമെന്നു സങ്കല്പിച്ച യഥാവിധി ദക്ഷിണചെയ്തുകൊള്ളു. പിന്നെ വെള്ളവും, ചന്ദനവും, പൂവും, എടുത്ത് പ്രേതത്തെ ഒരു പുണ്യസ്ഥലത്തേക്കു ദ്വസിച്ചുകൊള്ളു. എല്ലാം ഇലയിലാക്കിക്കൊള്ളു.

ഏകോദ്ദിഷ്ടം വാങ്ങിയയാൾക്കു എണീക്കാം. നിവീതമിട്ടു പിണ്ഡം ഇലയോടെ എടുത്തു കൊണ്ടുപോയി നദിയിലിട്ടു കളിച്ചുപസ്ഥാനം ചെയ്തുകത്തുവന്നു ശുദ്ധപുണ്യാഹമേററുകൊള്ളു.

പക്ഷാന്തരം.

സംസ്കാരത്തിനൊ, സഞ്ചയനത്തിനൊ, കൎത്താക്കന്മാൎക്കു കൂടാൻ സാധിക്കാതെ വന്നാൽ ഉദകം, ബലി, ഇവ കുടിശിഖ തീൎത്ത് പിണ്ഡത്തുന്നാൾ വിശേഷാൽ പശുദ്ദാനം ചെയ്ത് മുറയ്ക്കു കൂടികൊള്ളുക. അനുസ്തരണിമുതൽ എല്ലാത്തിനും, തൊടാൻ ചന്ദനവും,ചൂടാൻ പൂവും കൊടുക്കാം. കിഴക്കോട്ടു ചെയ്യുന്നതിനു തുളസിപ്പൂവാണ്. ഉപാധികാരികൾ പിണ്ഡത്തുങ്കൽ പറഞ്ഞ ക്രമത്തിനു വെള്ളം, ചന്ദനം, ഇത്യാദികൾ കൊടുക്കുക, പിണ്ഡം വെക്കുക, ഇവ ഒഴിച്ചു മററെല്ലാത്തിന്നും പുറം തൊട്ടു കൂടേണ്ടതാണ്. തൃപ്തി കഴിഞ്ഞാൽ എള്ളേ ആൾ തൊട്ടു വെള്ളംകൊടുക്കണം. ബ്രഹ്മചാരി ദീക്ഷിതനെങ്കിൽ കൊട്ടുബലി കഴിഞ്ഞ കളിച്ചു ഭക്ഷിക്കാവു.

KOTTAYAM PUBLIC LIBRARY KOTTAYAM

൧൫. നിത്യബലി.

പുണ്യാഹത്തിനു ശേഷം അറമുറ്റത്ത് ബലിയിടുന്ന സ്ഥലത്തിരുന്ന് ഇടത്തിട്ട പവിത്രമിട്ട തീൎത്ഥമുണ്ടാക്കി ശ്രാദ്ധക്കാരനേ വടക്കോട്ടിരുത്തി കാലു കഴുകിക്കു.

ബലിസ്ഥലത്തിരുന്ന് ഇടത്തിട്ട പവിത്രമിട്ട തീൎത്ഥമുണ്ടാക്കി ബലിസ്സാധനങ്ങളും, കവ്യൻ മുതലായവകളും, കാരാന്നായി ചാതിച്ച് പലകയിൽ കുറുംപുല്ലിട്ട ശ്രാദ്ധക്കാരനേ വടക്കോട്ടിരുത്തി, ചന്ദനം, കൊടുത്ത് ചൂടാൻ എള്ളും, പൂവും കൊടുത്താൽ ഇലയ്ക്കുവെള്ളം കൊടുത്ത്, എള്ളു വിതറി ഉപസ്തരിച്ച് ശ്രാദ്ധക്കാരന് കവ്യൻ വിളമ്പി, കദളിപ്പഴം, ശൎക്കര, ഇഞ്ചി, ഇഞ്ചിത്തൈര്, ഇവയും വിളമ്പി ഉപസ്തരിച്ച് കുടിയ്ക്കു നീർ കൊടുത്ത് കൊള്ളു. അയാൾ ഇടത്തു കൈ ഇലയിൽ തൊടണം.

അനന്തരം ഇരുന്ന് ആണ്ടുബലിക്കു പറഞ്ഞിട്ടുള്ളതുപോലെ ബലിയിട്ട പിന്നെ നിവീതമിട്ട പിണ്ഡം വെളിയിൽ മെഴുകിയിടത്തു വച്ച് കൈകൊട്ടിപ്പോരു.

വലത്തിട്ട കാലു കഴുകി യാചമിച്ച് ഭസ്മം തൊട്ട മുന്നേപ്പോലെയിരുന്ന് ഇടത്തിട്ട ശ്രാദ്ധക്കാരനേയിരുത്തി കൈ തുടച്ച് ദക്ഷിണ ചെയ്ത് എണീററു വലത്തിട്ട അഭിവാദ്യം ചെയ്ത്, പ്രദക്ഷിണം വച്ചു നമസ്കരിച്ചു ഇരുന്ന് ഇടത്തിട്ട 'സ്വശ്രാദ്ധമസ്തു' എന്ന് ശ്രാദ്ധക്കാരൻ പറഞ്ഞാൽ എണീററു ശേഷം പ്രാശിച്ചുകൊള്ളു.

പക്ഷാന്തരം.

ഉപാധികാരികൾ വെള്ളം, ചന്ദനം, ഇവ കൊടുക്കുന്നതിനും പിണ്ഡം വെക്കുന്നതിനും, ഒഴിച്ച് മററെല്ലാത്തിനും പുറം തൊട്ടു കൂടേണ്ടതാണ്. ഇങ്ങനെ നിത്ത്യവും ചെയ്തുകൊള്ളുക. അപ്പോൾ ഉപസ്ഥാനശേഷം തറവുടുത്തു ബലി തുടങ്ങേണ്ടതാകുന്നു. സാദ്ധ്യായമുണ്ടെങ്കിൽ അതും, വൈശ്യമുള്ളയാളെങ്കിൽ അതും രണ്ടാം ദക്ഷിണക്കുമുമ്പു വേണ്ടതാണ്. നിത്ത്യബലി- കൈബലിയായും ചിലർ ചെയ്യുന്നുണ്ടത്രെ, അപ്രകാരം ചെയ്യുന്ന പക്ഷക്കാർ പിണ്ഡവും പുണ്യാഹവും ചെയ്തു കഴിഞ്ഞാൽ തറവുടുത്ത് ബലിസ്ഥലിരുന്ന് ബലിസ്സാധനങ്ങൾ ചാതിച്ച് വടക്കോട്ടു പലകയിൽ പുല്ലിട്ടു വച്ച് ഇടത്തിട്ടു പവിത്രമിട്ടു തീർത്ഥമുണ്ടാക്കി മേൽ വിവരിച്ചതുപോലെ ബലി തുടങ്ങി സമാപിച്ച്, പിണ്ഡം വെളിയിൽവച്ചു കൈകൊട്ടിവന്ന് കാലു കഴുകി യാചമിച്ചു ഭസ്മം തൊടുക തുടങ്ങി ബലി യഥാക്രമം മുഴുവനാക്കിക്കൊള്ളു.

൬൩. ദീക്ഷ നിത്തൽ.

ദീക്ഷ നിത്തണമെന്നുണ്ടെങ്കിൽ പന്ത്രണ്ടാം ദിവസം, മറസ്സു നിത്ത്യശ്രാദ്ധക്കാരനേ കാലു കഴുകിച്ചിരുത്തി ശ്രാദ്ധമൂട്ടി ഏകോദ്ദിഷ്ടം കൂടാതെ മറസ്സു ബലിയിട്ടുകൊള്ളു. ബലി ഉദ്വസിക്കുന്നതിനു മുമ്പ് ഒരാളെയിരുത്തി ബലിനിത്തുന്നു എന്ന് സങ്കല്പിച്ചു ദക്ഷിണചെയ്ത്, ബ

ലി ഉദപസിച്ച വെളിയിലിട്ടവന്ന് മറസ്സ 'സശ്രാദ്ധം' വരെ ചെയ്തുകൊള്ളൂ.

പ്രേതം, സപിണ്ഡിസ്സ അപ്പോറം അർഹതയുള്ള താണെങ്കിൽ കർത്താവു കളിച്ച് ബൌധായനീയസ്നാനം ചെയ്തവന്ന് കിഴക്കോട്ട ദീക്ഷാലോപവും, തെക്കോട്ട സപിണ്ഡിയും, അഷ്ടകയും, ദാനമാസ്സും ചെയ്തുകൊള്ളൂ. ആറം ചുരുക്കമെങ്കിൽ നിത്യശ്രാദ്ധക്കാരന് രണ്ടാം കുടിസ്സനീർ കൊടുത്ത് കൈ കഴുകിച്ച് ബലി നിത്ത്യദാനം ചെയ്ത് ഉദപസിക്കാമെന്നും ഒരു പക്ഷമുണ്ട.

## ൧൭. എടമാസങ്ങറം.

ശ്രാദ്ധത്തിന് നാളോ, പക്കമോ, ആചരിച്ചു വരുന്നതായാലും, ഇടമാസങ്ങറക്ക പക്കക്കണക്ക തന്നേ. ബലിക്കണക്കിനുള്ള ദിവസം ഇവ ചെയ്യണം. ഈ ദിവസം ഒരാളെക്കൂടി ക്ഷണിച്ച് ആ ആളേ മുമ്പായി കാലുകഴുകിച്ച് പടിഞ്ഞാറു മുതൽ യഥാക്രമം ഇരുത്തി എടമാസക്കാരന് എകോദ്ദിഷ്ടം ചെയ്ത് മറസ്സ ഇരുവക്കും ചോറു, കദളിപ്പഴം, ശക്കര മുതലായതു വിളമ്പി കുടിസ്സ നീർ കൊടുത്ത് പതിവുപോലെ ബലിയിട്ടു രണ്ടു പിണ്ഡവും വച്ച് ബലി സമാപിച്ച് വെള്ളം കൊടുത്ത് പിണ്ഡം പുറത്തിട്ടവന്നു കാലു കഴുകിയ്ാചമിസ്സ തുടങ്ങി ദക്ഷിണയിങ്കൽ എടമാസക്കാരന് വെററില പാക്കും, മറേറയാളിനു ദക്ഷിണയും, കൊടുത്തഭിവാദ്യം തുടങ്ങി 'സശ്രാദ്ധം' കേട്ട ശേഷം പ്രാശിച്ചു കൊള്ളൂ.

കൈബലിയാണെങ്കിൽ എടമാസദിവസം ഒരാളെ ക്ഷണിച്ചു മുറയ്ക്കു കാലു കഴുകിച്ചിരുത്തി അതിന്നു കിഴക്കു പലകയിൽ പുല്ലിട്ടുവച്ചാൽ, ശ്രാദ്ധക്കാരനു മുറയ്ക്കു ഏകോദ്ദിഷ്ടം ചെയ്ത് യഥാക്രമം ചോറുവിളമ്പി കുടിയ്ക്കു നീർ കൊടുത്ത് ബലി തുടങ്ങി എടമാസത്തിന്റെ കൂട്ടി രണ്ടു പിണ്ഡം വച്ച് മുറയ്ക്കു ബലിമുഴുവനാക്കി എല്ലാം മുന്നേപ്പോലെ ചെയ്ത്, ശേഷം പ്രാശിച്ചുകൊള്ളു.

പക്ഷാന്തരം.

ഇപ്രകാരം നിത്യബലി, എടമാസങ്ങൾ, വിശേഷാലിടമാസങ്ങൾ, ഇവ ചെയ്തു ദീക്ഷിച്ചുകൊള്ളു. വിശേഷാലിടമാസങ്ങളുടെ കണക്ക് സപിണ്ഡിക്കൽ വിവരിച്ചിട്ടുണ്ടു.

൨൫. ശാന്തിഹോമം.

ചൊവ്വാ, വെള്ളി, ഈ ആഴ്ചകളിൽ പിണ്ഡം വന്നാൽ ത്രിപക്ഷത്തിനകം കറുത്ത പക്ഷത്തിൽ ഈ ക്രിയ ചെയ്യേണ്ടതാണ്. ചൊവ്വാ, വെള്ളി, ആഴ്ചകളും, പിണ്ഡകൎത്താവിന്റേയും, പ്രേതത്തിന്റേയും, ജന്മനക്ഷത്രങ്ങളും വൎജ്ജ്യമാണ്. കറുത്ത പക്ഷത്തിൽ ദ്വാദശിയും, വാവും, മുഖ്യമെന്നും പതിന്നാലിന്ന് വൎജ്ജ്യമെന്നും പറയുന്നു.

നിത്യബലി കഴിഞ്ഞ് കാലു കഴുകിയാചമിച്ച് ശ്മശാനത്തിന്റേയും, ഗൃഹത്തിന്റേയും, മദ്ധ്യത്തിലിരുന്നു മെഴുകി ശുദ്ധിതളിച്ച് തിയ്യിട്ട് തല്ലോടിവിളക്കാക്കി പരി

സ്തരിച്ചു ചാതിയ്ക്കു. പ്രോക്ഷണിസ്ഥാലി, ആജ്യസ്ഥാലി, നീർമാതളംകൊണ്ടുള്ള സ്രുവം, ജുഹൂ, പത്തുകെട്ടിയത്, മടക്കിക്കെട്ടിയത്, പതിനഞ്ചെണ്ണമുള്ള പ്ലാശുംകൂട്ടച്ചമത, നീർമാതളപരിധികൾ, കാളത്തോല്, (ഉപാധികാരികളുണ്ടെങ്കിലവൎക്കും കാളത്തോലുവേണം) വഹ്നിക്കുഴ, കരിങ്കല്ലു, അഞ്ജനം, വെണ്ണ, കുശ, നൈ ചേൎത്തുണ്ടാക്കിയ അട, കാളമൂരി, ഇവ ചാതിച്ച് പ്രോക്ഷണിസംസ്കാരം, ആജ്യസംസ്കാരം, സ്രുക്സ്രുവമാൎജ്ജനം, ഇവചെയ്ത് പലകയിൽ കാളത്തോലിലിരിക്കു. ഉപാധികാരികളുണ്ടെങ്കിലവരും പ്രത്യേകമിരുന്നുകൊള്ളു.

'ആരോഹതായുൎജ്ജരസം ഗൃണാനാ അനുപൂൎവ്വം യതമാനാ യതിഷ്ഠ= ഇഹ ത്വഷ്ടാ സുജനിമാ സുരത്നോ ദീൎഘ മായുഃ കരതു ജീവസേവഃ' അഗ്നിയെ തൊഴുതു ചൊല്ലു. 'യഥാഹാന്യനുപൂൎവ്വം ഭവന്തി യഥൎത്തവ ഋതുഭി ൎയ്യന്തി ക്ലുപ്താഃ= യഥാ നപൂൎവ്വ മപരോ ജഹാത്യേവാ ധാത രായൂംഷി കല്പയൈഷാം' പിന്നെ പരിധിവെച്ച് അഗ്നിയലങ്കരിച്ച് ഗണപതി നിവേദ്യം, ആത്മാരാധന, ഇവ ചെയ്ത് മന്ത്രപരിഷേകം ചെയ്ത് ഉപസ്തരിച്ച് ചമത കെട്ടിയ പുല്ലു വടക്കുവെച്ച് കൂട്ടച്ചമ

തഹോമിക്കു. ചാഞ്ചമതയായിട്ടുമാവാം. ചക്ഷുഷീ ചെ
യ്ത് യഥാക്രമം ചതുൎഗൃഹീതം നിറച്ച് പൂൎണ്ണാഹുതി
ചെയ്യു. 'നഹി തേ അഗ്നേ തനുവൈ ക്രൂരം ചകാര
മൎത്ത്യഃ= കപിൎബ്ബഭസ്തി തേജനം പുന ൎജ്ജരായുഗൌരി
വോാാമപന ശ്ശോശുച ദഘ മഗ്നേ ശുശു ദ്ധ്യാരയിം=
അപന ശ്ശോശുച ദഘം മൃത്യവേ സ്വാഹാ' പരിഹോ
മം ചെയ്ത് 'മൃത്യവേ ഇദം ന മമ' എന്നുദ്ദേശത്യാഗം ചെ
യ്ത്, ജുഹു പടിഞ്ഞാറു തലയായി ഹോമത്തിലിട്ട് സ്രു
വാഹുതി ചെയ്യു. (രണ്ടാമത്തു മുതൽ 'അപനശ്ശോശുച
ദഘ … സ്വാഹാ'. എന്ന് എല്ലാത്തിനും ചേൎത്തുചൊ
ല്ലണം). 'അപന ശ്ശോശുച ദഘ മഗ്നേ ശുശു ദ്ധ്യാര
യിം=അപന ശ്ശോശുച ദഘ … സ്വാഹാ'. 'സ്വഃ ക്ഷത്രി
യാ സുഗാത്രയാ വസൂയാ ച യജാമഹേ= അപന ശ്ശോ
ശുച ദഘ … സ്വാഹാ'. 'പ്ര യ ദ്ഭന്ദിഷ്ഠ ഏഷാം പ്രാ
സ്മാകാസ ശ്ച സൂര യഃ = അപനഃ— ദഘ … സ്വാഹാ'.
'പ്ര യ ത്തേ അഗ്നേ സൂരയോ ജായേമഹി പ്ര തേ

വയം= അപനഃ - ദഘം സ്വാഹാ'. 'പ്ര യദഗ്നേ സ്സ
ഹസ്വതോ വിശ്വതോ യന്തി സൂരയഃ= അപനഃ - ദ
ഘം സ്വാഹാ'. 'ത്വം ഹി വിശ്വതോമുഖ വിശ്വത
പ്പരിഭൂരസി= അപനഃ — ദഘം സ്വാഹാ'. 'ദ്വിഷോ
നോ വിശ്വതോമുഖാതി നാവേവ പാരയ = അപനഃ -
ദഘം സ്വാഹാ'. 'സ ന സ്സിന്ധുമിവ നാവയാതി പർഷാ
സ്വസ്തയേ = അപനഃ - ദഘം സ്വാഹാ'. 'ആപ
പ്രവണാദിവയതി രപാസ്മ സ്സ്യന്ദതാ മഘം=അപനഃ-
ദഘം സ്വാഹാ'. 'ഉദ്വനാ ദുദകാനീവാപാസ്മ ത്സ്യന്ദ
താ മഘം= അപനഃ - ദഘം സ്വാഹാ'. 'ആനന്ദായ
പ്രമോദായ പുനരാഗാം സ്വാൻ ഗൃഹാൻ= അപനഃ-
ദഘം സ്വാഹാ'. 'ന വൈ തത്ര പ്രമീയതേ ഗൗര
ശ്വ പ്പുരുഷ പ്പശുഃ = യത്രേദം ബ്രഹ്മ ക്രിയതേ പരി
ധി ർജ്ജീവനായ ക മപനഃ - രയിം അപനഃ - ദഘ

ഠ് സ്വാഹാ' ഫവ. പിന്നെ പുല്ലു തളിച്ചിട്ട് പരിസ്തൃഗ്നി
തുടങ്ങി മറസ്സു, ഹോമം മുഴുവനാക്കിക്കൊള്ളു.

അനന്തരം കാളമൂരിയേ തൊട്ടു ചൊല്ലു. 'അ
ന് ഡ്വാഹ് മന്വാരഭാമഹേ സ്വസ്തയേ സന ഇന്ദ്ര ഇ
വ ദേവേഭ്യോ വഹ്നി സ്സംപാരണോ ഭവ' കാളയേ വ
ഹ്നി കുഴകൊണ്ടടിച്ചോടിസ്സു. ഗൃഹത്തിലേക്ക മോടി
ക്കാം. 'ഇമേ ജീവാ വി മൃതൈ രാവവൃത്തി ന്നഭൂൽ
ഭദ്രാ ദേവഹൂതി ന്നോ അദ്യ = പ്രാഞ്ചോ ജ്യോഗാ മനൂത
യേ ഹസായ ദ്രാഘീയ ആയു പ്രതരാം ദധാനാഃ'.
അതു പോയ വഴി ആ കുഴ കൊണ്ടടിസ്സു. 'മൃത്യോ
പ്പദം യോവയന്തോ യ ദൈമ ദ്രാഘീയ ആയു
പ്രതരാം ദധാനാഃ= ആപ്യായമാനാ പ്രജയാ ധനേന
ശുദ്ധാ പൂതാ ഭവഥ യജ്ഞിയാസഃ'. ഗൃഹത്തിൻെറ
തെക്കവശത്ത് കൈയ്യുടയുടെ താഴെ കുഴിച്ചു തളി
ച്ചു മെഴുകി കുറുംപുല്ലും, അക്ഷതവും, ഇട്ടാൽ ഒരു
ദാനം ചെയ്തു് ആ കുഴിയിൽ ആ കരിങ്കൽ ക്ക

ഷണം സ്ഥാപിയ്ക്കു. 'ഇമം ജീവേഭ്യ പ്പരിധിം ദധാ
മി മാ നോ നു, ഗാ ദപരോ അർഥ മേതം = ശതം
ജീവേമ ശരദ പ്പുരുചീ രന്തർ മൃത്യും ദധ്മഹേ പർവ്വ
തേനെ'. പിന്നെ രേതിന്മേൽ ചവുട്ടി ഗ്രഹത്തിലേക്കു
പോരുമ്പോൾ, വെണ്ണയും, അടയും, കുശയും, അഞ്ജ
നവും, എടുത്തുകൊള്ളണം. അകത്തു വന്നു് അവ
വച്ചു് കാലു കഴുകി യാചമിച്ച് പിണ്ഡകർത്താവിൻെറ
പത്നിയേ കിഴക്കോട്ടിരുത്തി തലയിൽ വെണ്ണ തേ
ക്കു. പത്നികൾ ഒന്നിലധികമുണ്ടെങ്കിൽ എല്ലാവക്കും
ഇങ്ങിനെ ചെയ്യണം. 'ഇമാ നാരീ രവിധവാ സ്സുപ
ത്നീ രാഞ്ജനേന സർപ്പിഷാ സംമൃശന്താം'. പത്നി
യില്ലെങ്കിൽ ഈ ക്രിയ വേണ്ട. കുശാഗ്രമെടുത്തു തിരു
മ്മി തൻെറ കണ്ണെഴുതു. 'യദാഞ്ജനം ത്രൈകകുദം
ജാതം ഹിമവത പ്പരി തേനാ മൃതസ്യ മൂലേ നാരാ
തീർ ജംഭയാമസി'. ഇടത്തേതിലു മെഴുതി ശിഷ്ടമിരി
ക്കുന്ന കുശയിൽ ഇടൂ. 'യഥാ ത്വമൽഭിനസ്യോഷധേ
പൃഥിവ്യാ അധി = ഏവ മിമ മുത്ഭിന്ദന്തു കീത്ത്യാ

യശസാ ബ്രഹ്മവച്ച്സേന്'. പിന്നെ കത്താവ് പല കയിൽ പലകയിട്ടരിക്കൂ. ഉപകത്താക്കന്മാരുണ്ടെങ്കിലവരുമിങ്ങനെ ചെയ്യണം. കട്ടിലിലിരിക്കുന്നവരുമുണ്ട്. 'അനശ്രുവോ അനമീവാ സ്സുശേവാ ആ രോഹന്തു ജനയോ യോനി മഗ്രേ'. അനന്തരം അട പ്രാശിക്കൂ. 'അജ്ജോസ്യ ജാസ്മദഘാദേപഷാംസി'. കൈ കഴുകി ബലിശ്ശേഷം പ്രാശിക്കൂ. 'യവോസിയവയാസ്മദഘാദേപഷാംസി'. ഉപാധികാരികളുണ്ടെങ്കിൽ അവരും ഇവ പ്രത്യേകം ചെയ്യണം. അനന്തരം ചടങ്ങു ദക്ഷിണ ചെയ്ത് യഥാക്രമം ഭക്ഷിച്ചുകൊള്ളൂ.

പക്ഷാന്തരം.

പശുദാനം ചെയ്ത് ഹോമം തുടങ്ങാം. തൂഷ്ണിയായി തീയിടാം. ബ്രഹ്മനും, പ്രണീതയും, ഉദഝ്വും, അനുയാജവും, ആവാം. അഗ്നിമുഖവും, സ്വിഷ്ടകൃത്തും, ചിത്തഞ്ചാതിയും, ആവാം. ചിത്തഞ്ചാതിക്കു ദശസ്രുവാഹുതിയായിട്ടുമാവാം. സ്വിഷ്ടകൃത്തു പൂണ്ണാഹുതി ആയിട്ടുചെയ്യാം. സ്വിഷ്ടകൃത്തിന് ഹവിസ്സുപയോഗിക്കാം. അപ്പോൾ പ്രതിഷ്ഠാഭിഘാരണം കൂടിചെയ്യണം. ശ്മശാന ഹോമങ്ങളുടെ മദ്ധ്യത്തില് കരിങ്കല്ലു സ്ഥാപി

ക്കാം. വെണ്ണ ക്രിയ പിണ്ഡകൎത്താവിന്റെ സഹോദരിക്കും ആവാം. പതിയില്ലെങ്കിൽ വേണമെന്നില്ല്യാ. കുടിസ്ലൂ നീർചെയ്ത്തു കഴിഞ്ഞ് അടയും, കവ്യനും, പ്രാശിച്ച്യ പ്രാണാഹുതികൾ ചെയ്യാം. കാളക്കൊമ്പുകളുടെ മദ്ധ്യത്തിൽ പുല്ലുവച്ച്യ ചൊല്ലുകയും, തെക്കോട്ട് ഓടിക്കയും ആവാം.

---

## ശ്രീ.

# ഭാഷ.

---

### ജാതകൎമ്മം.

൧

പിറന്നാൽപ്രീതിദാനങ്ങൾ–ചെയ്ത്തുകണ്ടുകുളിച്ചഥ
മിററത്തിരുന്ന"ഹൃദയ"–ശ്രാദ്ധംചെയ്ക്കിട്ടുകൎത്തഥ.

൨.

ബാലനേയുമെടുത്തോണ്ടു–മടിയിൽവച്ച്യപൊന്നിനാൽ
നെയ്യുംതേനുമരച്ചിട്ടു–"പ്രതേ"മന്ത്രാൽകൊടുപ്പിതു്.

൩.

ചെവിമേൽപൊന്നുവച്ചിട്ടു–"മേധാന്തേ"ന്നുജ്ജപിച്ചഥ
"അശ്മാഭവേ"തിമൂന്നിക്കും–തോളുതൊട്ടുജപിച്ചഥ

൪.

പേരോത്തതലയിൽതൊട്ടി–"ട്ടംഗാദംഗാ"ജപിച്ചഥ
മൂന്നുടെമൂൎദ്ധിയിൽപിന്നെ–ഗന്ധിച്ചിട്ടുമടിപ്പിതു്.

൫.

പെൺകുട്ടിയ്ക്കിതുചെയ്യുമ്പോൾ-മന്ത്രമില്ലിതുമാത്രമേ
വ്യത്യാസംകണ്ടിടുന്നൊള്ളു-എല്ലാദേശത്തുമേവമാം.

ഏകച്ചം.

൧.

ബാലനങ്ങുമരിച്ചീടി-ലേകച്ചംകൊണ്ടുസംസ്കൃതി
കുളിച്ചുതററുടുത്തിട്ടു-ങ്ങാചമിച്ചങ്ങിടത്തിട്ടു.

൨.

കുളിപ്പിച്ചലംകൃതിമൂടി-ചിതമേൽവച്ചിതാചമം
'ഇദന്ത്'മേകമിക്കിന്നാൽ-വൃഷദാജ്യംകൊടുപ്പിതു്.

൩.

പവിത്രംമാറിയിട്ടങ്ങു-വ്യാഹൃത്യാതീയ്യമങ്ങിടു
ദഹനത്തിന്റെയന്ത്യത്തിൽ-തൂഷ്ണീയ്യൂത്തിതുചൊല്ലുക.

൪.

"അയംഫലമ്മ"പ്രദക്ഷിണ്യം-നമസ്കാരംകഴിച്ചുടൻ
ചൊന്നുകൊൾകകുഴക്കീഴിൽ-പ്രദക്ഷിണ്യംകഴിച്ചുടൻ.

൫.

സചേലസ്നാനവുംപിന്നെ-ഉദകക്രിയയുംബലി
പിണ്ഡംപുണ്യാഹവുംദീക്ഷ-ചെയ്യുന്നിത്തണമിങ്ങനേ.

മന്ത്രസംസ്കാരം.

൧.

മരിക്കുമെന്നുതോന്നുമ്പോൾ-തളിച്ചുമെഴുകിസ്ഥലം
മണലുംവിതറിദർഭ-ദക്ഷിണാഗ്രംവിരിച്ചതിൽ

൨.

കിടത്തി,പുത്രരെല്ലാരും-ആചമിച്ചുവലംചെവിൽ
"ആയുഷഃപ്രാണ"മിത്യാദി-സംജ്ഞാനാദികളുംജപേൽ

൩.

ഇടത്തേതിലുമീവണ്ണം-ജപിച്ചാൽമരണംധ്രുവം
എങ്കിലോ"പൂർവ്"മെന്നാദി-ജപിപ്പൂരണ്ടിലുംപുനഃ.

൪

ആസ്യേപൊന്നുരുക്കിട്ടാൽ-അംഗുഷ്ഠങ്ങളുബന്ധനം
കൃതപാവസ്ത്രേണമൂടീട്ടു-തൊട്ടുകൊണ്ടങ്ങിരിപ്പിതു.

൫

ഒരുങ്ങിചിതയെന്നായിൽ-കുളിപ്പൂപുത്രജാതികൾ
ഒരുത്തനവിടെതൊട്ടു-ങ്ങിരിപ്പൂഎപ്പൊഴുംപുനഃ.

൬.

പ്രേതത്തിൻമലപരിഹാ-രംചെയ്തുശുദ്ധിവരുത്തിയാൽ
കുളിച്ചുവന്നുഃപ്രേതത്തേ-തൊട്ടാൽമറേറവനാപ്ലവം.

൭.

ചെയ്തുവന്നാചമംകൃതപാ-വസ്ത്രംചുററിഇടത്തിടു
പവിത്രവുംധരിച്ചുംകൊ-ണ്ടുദകുംഭത്തിലൌഷധം.

൮.

ഇട്ടുജ്യേഷ്ഠൻപ്രധാനായി-കുളിപ്പിപ്പൂപദാദിയ്യ്. (വലേ.
"ചിത്തിസ്പൃക്ക്"മന്ത്രമെല്ലാരും-ചൊല്ലിക്കൊൾകയഥാ

൯.

ർത്തിക്കട്ടിലെടുത്തിട്ടു-വച്ചുകോടിവിരിച്ചതിൽ
വടക്കകരയാംമാറു-കിടത്തുദക്ഷിണേതല.

൫൦.

ഉടപ്പിച്ചാചമംചെയ്തു - ചന്ദനാദികൾലേപനം
നേത്രലേപനപുഷ്പങ്ങൾ - ചൂടൃമേന്തോന്നിമാലയും.

൫൧.

അലങ്കരിച്ചുകൊണ്ടപ്പോൾ - മൂടികെട്ടിയെടുപ്പിച്ചു
നിവീതമായിട്ടുകൊണ്ടു - ജ്യേഷ്ഠൻമുമ്പിൽതലക്കല്.

൫൨.

കൊണ്ടുപോതിമുമ്പിൽ, വേണം - ശുദ്ധമായോരുഭൂസുരൻ
ഔപാസനാഗ്നികോരീട്ടു - കൊണ്ടുപോകയവൻനടേ.

൫൩.

മിററത്തുവച്ചുതെക്കോട്ടു - അതിന്നൊട്ടുവടക്കഥ
വെച്ചുപ്രേതത്തെമററവർ - ഇടത്തിട്ടുചുഴററുക.

൫൪.

പുല്ലുംപ്ലാശിലയുംനീരും - ഉടുത്തപ്പുടവത്തല
കൈക്കപിടിച്ചുകോണാദി - 'വാതാസ്തേവാന്തു'മന്ത്രതഃ.

൫൫.

ഇടത്തിട്ടുചുഴററീട്ടു, - പുല്ലുംപ്ലാശിലസൂക്ഷ്മവും
വലത്തിട്ടുവലത്തൂടെ - പരിഷായ്യഞ്ചപിന്നയും.

൫൬.

നിവീതമായിട്ടെടുത്തു - പോമ്പോളിടയിൽവെക്കിലും
തലാതമുന്നിലെപ്പോലെ - വേണംസവ്വത്ര വെക്കിലും.

൫൭.

ചിതക്കുപശ്ചിമേദിക്കിൽ - വച്ചുയൌപാസനാഗ്നിയേ
അഗ്നിക്കുപൂവ്വദിക്കിങ്കൽ - പ്രേതസ്ഥാനംവിധിച്ചതു.

KOTTAYAM PUBLIC LIBRARY
KOTTAYAM.

൧൮

തടപാതമൂന്നിലെപ്പോലെ-വച്ചാൽനിശ്ശേഷമത്രത
പരിഹാരമതുംചെയ്തു-ങ്ങാചമിച്ചിട്ടുപിന്നയും.

൧൯.

പശ്ചിമോത്തരദിക്കിങ്കൽ-പൂൎവ്വാഭിമുഖമായ് സ്ഥിത
മെഴകിശ്ശുകലംവച്ചു-ഇടത്തിട്ടുപവിത്രവും

൨൦.

ധരിച്ചുകുത്തിതീൎത്തിട്ടു-പരിസ്തീൎയ്യയഥാക്രമം
വടക്കുപുല്ലിലചാതിപ്പു-ഓരോന്നേപ്രേതകൎമ്മണി.

൨൧.

പ്രോക്ഷണിസ്ഥാലിയുംപുല്ലും-ആജ്യസ്ഥാലിസ്രുവംതൃണം
പൃഷസ്ഥാലിപൃഷദാജ്യ-സ്ഥാലികൊള്ളാംചിരട്ടതാൻ.

൨൨.

ശാഖചാഞ്ചമതശംകും-പുൽപരിസ്തരണങ്ങളും
പൊന്നുംപുൽക്കയറുംനൂലും-അക്ഷതംതില്തണ്ഡുലം

൨൩.

ദധിയുംമധുവുംപൂൎണ്ണ-കുംഭവുംമഴകത്തിതാൻ
ചാതിച്ചുപ്രോക്ഷണീചെയ്താ-ലാജ്യസംസ്കൃതിചെയ്കഥ.

൨൪.

പ്രഷസ്ഥാലിതൃണംരണ്ടു-വച്ചുതൈർവീത്തിയാൽപുനഃ
പരിസ്തരിച്ചതിന്നന്തെ-വച്ചുപുല്ലുകൊളുത്തിയാൽ.

൨൫.

നെയ്യുംതയിക്കുമായിട്ടു-കൂട്ടിപ്പൎയ്യഗ്നിചെയ്തിതു
സ്രുവസമ്മാൎജ്ജനംചെയ്ത്-പൃഷാജ്യസ്ഥാലിവച്ചതിൽ.

൧൬.

രണ്ടുവട്ടംസ്രുവാജ്യത്താൽ-ഉപസ്തീർണ്ണയഥാക്രമം
പൃഷസ്ഥാലീലിരിക്കുന്ന-പുൽകളഞ്ഞതപ്പതൊട്ടഥ.

൧൭.

രണ്ടുപുല്ലുമറിച്ചഗ്രം-പൃഷദാജ്യസ്ഥാലിയിലിട്ട
പൃഷസ്ഥാലീലിരിക്കുന്ന-തൈരുംകൈകൊണ്ടുകോരിയ്.

൧൮.

കഴിച്ചാൽപുൽകളഞ്ഞിട്ടു-കരിക്കലടിഘാരവും
തേൻവീത്തിയെള്ളുമരിയും-ഇട്ടുമൂടിട്ടുവെയ്പിതു

൧൯.

വ്ളാകിയാരാധനംപിന്നെ-യാത്മാനംഗണനായകം
അച്ചിച്ചുവരിഷേകങ്ങ-കൃതപാചമതയിട്ടഥ.

൨൦.

കോരിവ്യാഹൃതിയുംചെയ്തു-മൂടിച്ചുപരിഷേകവും
വ്ളാകിയാരാധനംചെയ്തു-ചിതസംസ്കാരമാചരേൽ

൨൧.

കുഴിച്ചുശകലംകൊണ്ടു-കമ്പതേടത്തുകുത്തിയാൽ
തളിച്ചുശകലംത്യക്തപാ-ദക്ഷിണാഗ്രേതടിദപക്ഷം.

൨൨.

അഞ്ചുതരേഴ്ശതാൻകാഷ്ഠം-വച്ചുപാക്കുതറപ്പിത്
പലാശശാഖകൊണ്ടപ്പോൾ-അടിപ്പുചിതദക്ഷിണേ.

൨൩.

'അപേത'രണ്ടുമന്ത്രേണ-അടിച്ചൊന്നുതളിക്കയും
'പരവസപ്പ്'തിമന്ത്രേണ-പൊന്നും,ചിതികുഴിച്ചിട്ട.

൩൪.

ദക്ഷിണോത്തരദിക്കായി—തൊട്ടുമൂന്നാങ്ങുകീറിയാൽ
തിലതണ്ഡുലവുംവാരി—ഇടത്തൂടെപ്രവിന്ന്യസേൽ.

൩൫.

"യമായാ"ദികൾമന്ത്രത്താൽ—പൂർവ്വാദീപശ്ചിമേമൂടി
ശേഷംവാരിട്ടുനിന്നിട്ടു—ചിതമേൽവിതറുമ്പഴ്.

൩൬.

'യഥമവിതേ'തിമന്ത്രത്താൽ—തെക്കുനോക്കിമൂടിപ്പിതൃ
തെക്കഗ്രമായ്‌വിരിക്കേണം—ചിതമേൽചിലദർഭകൾ.

൩൭.

യജമാനൻകീഴക്കൂടെ—പോരുമ്പോൾതൻകനിഷ്ഠരും
നിവീതമായിട്ടുകൊണ്ടു—ചിതമേൽപ്രേതമാക്കിയാൽ.

൩൮.

കട്ടിൽവാങ്ങികളഞ്ഞിട്ടു—സൂത്രപാശങ്ങൾചുററുക
അഗ്നികോണത്തുശങ്കുന്മേൽ—തുടങ്ങിക്കോണുനാലിലും.

൩൯.

ചുററിക്കെട്ടിയെടത്തൂടേ—മുടിപ്പൂഅഗ്നികോണില്
തെക്കുകീഴത്തരേഖ്യഭാഗം—വരുത്തിക്കൊണ്ടുചുററുക.

൪൦.

പുൽപരിസ്തരണത്തിന്നു—മിങ്ങനേകണ്ടുകൊള്ളണം
മുഖംമൂടിയതുംനീക്കി—പൊന്നിട്ടുവായിൽമൂക്കിലും.

൪൧.

കണ്ണിലുംചെവികളിലും—രണ്ടുപസ്ഥത്തിലുംപുനഃ
ഇട്ടുവായിലൊരോരിക്കൽ—എല്ലാരുമുദകംദദൽ.

൪൨.

എടമേപൃഷ്ഠദാജ്യത്തോ-കൊട്ടക്കമ്പോൾപ്രഥക്ക് പൃഥക്ക്
'ഇദന്തആത്മനോ''സ്വാത്തപം'-'വസുഭ്യോ'മൂന്നിവക്രമാൽ

൪൩.

സകൃൽസകൃൽജലംദത്വാ-ദർഭയൊന്നഥ മൂക്കില്
''ചിത്തിസ്രൂഗം''ന്യസിച്ചിട്ടു-കളഞ്ഞിട്ടപ്പുതൊട്ടഥ.

൪൪.

വായിൽ'പ്രഥിവ്യാ'ന്യാസംതാൻ-കളഞ്ഞിട്ടപ്പുതൊട്ടഥ
കണ്ണി'മഗ്നി'ന്യസിച്ചിട്ടു-കളഞ്ഞിട്ടപ്പുതൊട്ടഥ.

൪൫.

ചെവിൽ''സൂര്യ്യ''ന്ന്യസിച്ചിട്ടു-കളഞ്ഞിട്ടപ്പുതൊട്ടഥ
''മഹാ''തോളിലന്ന്യസിച്ചിട്ടു-കളഞ്ഞിട്ടപ്പുതൊട്ടഥ.

൪൬.

മുന്നേപ്പോലെഅസിഗപാത-ചെയ്തിട്ടങ്ങുകളഞ്ഞഥ
ജ്യേഷ്ഠൻപ്രധാനമായിട്ടു-ഇടത്തിട്ടിട്ടുകുംഭവും.

൪൭.

ഇടത്തുടഗ്നികോണത്തു-വടക്കോട്ടങ്ങുനിന്നഥ (താൻ.
ഇടത്തേചുമലിൽചേർത്താൽ-പിന്നിൽനിന്നൊരുകുത്തു

൪൮.

നീരങ്ങുധാരയുണ്ടായാൽ-ചിതിമേൽതട്ട്യോഴുകപി ത്തു
ഇടത്തുടെപ്പോകമൂന്നു-'മിമാദി'ത്യുള്ളമന്ത്രതഃ.

൪൯.

കീഴേകീഴേരണ്ടുകുത്തു-പോരുംവഴിയുടച്ചിട
എടംതിരിഞ്ഞെട്ടുക്കേണം-കപാലജലമപ്പൊഴേ.

൩൦.

വലത്തിട്ടാൽപുത്രജാതി-വായിലടതപാകനിഷ്ഠരും
കപാലജലവുംകയ്യിൽ-വീത്തിവായിലകൊടുപ്പിത്.

൩൧.

'ദിവിജാതാ'ദിമന്ത്രത്താൽ-ദധ്യാന്നീരുമൊരിക്കലു
അഴിച്ചുബന്ധവുംതീൎത്താ-ലനുസ്തരണിചെയ്യുടൻ.

൩൨.

കൃതപാവാമൃടിമാവൃത്ത്യ-വ്യാഹൃത്യാതീയ്യമിട്ടഥ (ത്.
"അഗ്നി" "സേനേന്ദ്ര"രണ്ടോത്തും-വീശിയങ്ങതെരിപ്പി

൩൩.

നടുമുറിഞ്ഞാൽതൂഷ്ണീംതാൻ-ഉൗത്തുവന്ദിച്ചുപസ്ഥിതി
വാചസ്പതേത്യാദുവേണം-ബ്രാഹ്മണപ്പുത്തുപിന്നയും.

൩൪.

പരിഹാരമത്തുംചെയ്തു-ഇടത്തിട്ടിട്ടുപിന്നയ്
തൂഷ്ണീമൃത്തിട്ടതൊഴുത് -'അയംഘടമ്മ' ത്യുപസ്ഥിതി.

൩൫.

കനിഷ്ഠർപ്രഥമാദ്യാതി-പോരുമ്പോൾരണ്ടുവിപ്രരും
ആയുധത്തേപിടിച്ചിട്ടു-'മാവതരത്'ചൊല്ലുക.

൩൬.

കീഴേനുഴൃദാഹകന്മാർ-'നപുന'ൎമ്മന്ത്രമുച്ചരേൽ
പ്രദക്ഷിണംനമസ്കൃത്യാ-കുളിച്ചിട്ടുദകക്രിയ.

ക്രിയാസംക്ഷിപ്തം.

കണ്ണും, സ്നാനം, കുളപ്പു, ച്ചുണിയുക വിവിധം,
കട്ടിൽ, വാതംച, വാതാ

ഛാതാ, ഛോമം, ചമക്കുചിത, യടിതളിയും,
പൊൻ, കുഴിച്ചക്ഷതാദി.
പുല്ലും, ന്നൂലുഞ്ച, പൊന്നും, പൃഷദ, മപിചി, വാ
താ, കുടം, നീരു, തീയ്യി-
ട്ടേ, ാസ്ഥാനം, രണ്ടു, വന്ദ്യക്രിയ, കുഴ, മഴുവിൻ
വന്ദ്യ, യക്ഷ, ാംബു കമ്മം.

പുനർസംസ്കാരം

൧.

പ്ലാശിൻകുഴകളെക്കൊണ്ടു-പ്രേതത്തേതാൻചമച്ചുടൻ
സംസ്കരിക്കുന്നതിൻതോത്തു-ചൊല്ലിടാംപ്ലാംതടിക്കല്.

൨.

മുന്നൂററുപതുപ്ലാശിൻെറ-കുഴകൊണ്ടുചമപ്പിത്
ദർഭകൊണ്ടങ്ങുകെട്ടേണം-പ്ലാശ്ശുംകുഴകളേക്രമാൽ

൩.

തലയിൽനാല്പതും, കണ്ഠേ-പത്തും, കൈകളിലന്വാഥ
കയ്യുടേവിരലിൽപത്തു-മാറത്തങ്ങതുമുപ്പതും.

൪.

കുക്ഷിലിരുപതും, പിന്നെ-വൃഷണേയാറുവയ്ക്കണം
ലിംഗത്തിലനാല്പവയ്ക്കേണം-പിന്നെത്തുടകളിൽശതം.

൫.

ത്രിംശൽക്കുഴ കണങ്ങാൽകള,-കാലിൻപുറവടിക്കിഥ
കുഴപത്തങ്ങുവയ്ക്കേണം-ഈവണ്ണംവച്ചുകെട്ടുവൂ.

൬.

മേപ്പട്ടുതലയായിട്ടു-വെച്ചുകെട്ടുദരംവരെ
ഇതൊഴിഞ്ഞുള്ളസ്ഥാനത്ത്-കീഴ്പട്ടങ്ങഗ്രമാസ്യരും.

൧.

ഈവണ്ണംകെട്ടിവച്ചിട്ടു-വെള്ളമങ്ങുതളിപ്പിത്
അവ്വണ്ണമേവച്ചുകൊണ്ടു-നെല്ലരച്ചങ്ങുതേപ്പിത്തു്.

൮.

എന്നങ്ങുചിലർചൊല്ലുന്നു-നാലുള്ളോക്കുത്തുചുററണം.
പേരുകൂട്ടിവിളിക്കേണം-എന്നൊരങ്ങുചിലപക്ഷവും.

൯.

മന്ത്രസംസ്കാരമായിട്ടു-മേകച്ഛംകൊണ്ടുമാമിത്
അച്ചടങ്ങുകളോതിമുൻ-നോക്കിചെയ്യങ്ങുകൊള്ളുക.

പ്രേതശുദ്ധി

൧.

അശുദ്ധിതീരുവാനുള്ള-ദിനവുംതാരതമ്യവും
ഓൎമ്മവച്ചു,കുളിച്ചിട്ടു-മാററുവച്ചിട്ടുപ്രേതവും

൨.

ചെമ്പുപാത്രത്തിലേനീരാൽ-കുളിപ്പിച്ചുകുളിയ്ക്കുക
ഇങ്ങനേവേണ്ടടത്തോളം-കഴിച്ചാൽപോവിതങ്ങവൻ.

൩.

അവനേശുദ്ധനാക്കേണം-പിന്നയോമററൊരുത്തനു
കുശയങ്ങുപിഴിഞ്ഞിട്ടു-ചെമ്പുപാത്രംനിറച്ചതിൽ

൪.

പുററുമണ്ണുംഗോമയവും-പൊന്നുംഗോമൂത്രഭസ്മവും
ഇട്ടിട്ടങ്ങുതിളപ്പിച്ചാ-ലൊട്ടെടുത്തിട്ടുപുല്ലിനാൽ.

൫.

"അഗ്നആയൂംഷി"മൂന്നിക്കും-തെറിയാതെതളിപ്പിത് (ൽ.

ശേഷിച്ചുള്ളജലത്തിന്നാൽ-മുന്നെപ്പോലെതൃണത്തിനാ

൬.

ആശ്വലായനപുണ്യാഹ — മുച്ചംപ്രതിതളിപ്പിതു
ബൌധായനന്റെപുണ്യാഹം — പിഴയില്ലതളിയ്ക്കുകിൽ.

൭.

ശേഷിച്ചുള്ളജലത്തേമേൽ — ഒഴുകീട്ടനന്തരം
മുറപോൽസംസ്കരിക്കേണ — മിങ്ങിനേയാണിതിൻക്രമം.

ഗർഭിണിസംസ്കാരം.

൧.

പ്രേതശുദ്ധ്യാദികൾവേണമെങ്കിൽ — ചെയ്തിട്ടങ്ങുമുറയ്ക്കുടൻ
ചെയ്യുമ്പോൾമന്ത്രസംസ്കാരം — ചിതസംസ്കാരമാചരേൽ

൨.

ഹോമംതുടങ്ങിച്ചാതിച്ച — വ്യാഹൃതീശേഷമായുടൻ
ഇടംഭാഗമതായ്ക്കീറു — 'ഹിരണ്യാ'ദ്യുള്ളമന്ത്രതഃ

൩.

'ജീവതാം'കുട്ടിയേക്കണ്ടാ — ലെടുപ്പൂ'ബ്രഹ്മ'മന്ത്രതഃ
ഇലയിൽവച്ചുനോക്കീട്ടു — ജീവനുണ്ടെങ്കിലോമുല

൪.

കൊടുക്കുമ്പോൾകണ്ടുചൊൽവൂ — 'യസ്തേ'മന്ത്രമനന്തരം
വയററിൽപൊന്നുവച്ചിട്ടു — ഹോമശേഷംഘൃതത്തിനാൽ.

൫.

'ശതായുധാ'ദിയായുള്ള — മുപ്പത്തൊന്നുസ്രുംവാഹുതി
ചെയ്താൽപൃഷദാജ്യത്തിൽ — ത്തൊള്ളിയുംവിഴ്ത്തിയാലുടൻ.

൬.

ചിതമേലേററിവച്ചിട്ടു — മുറപോൽചെയ്തീടിളക്കണം
പ്രജക്കുജീവനില്ലെങ്കി — ലിവിടമെന്തക്രിയവേണ്ടതിൽ

൧.

വയററിൽകുട്ടിയേവച്ചു-"ഗായത്രീ"സാദിമന്ത്രതഃ
തുന്നിക്കൂട്ടികഴിഞ്ഞാല് - ചിതമേലേററിവച്ചിടൺ.

൨.

സംസ്രാവാദിചെയ്തിട്ടു-ന്നുലച്ചുററൂതുടങ്ങിയും
മുറപോലെചെയ്തുകൊള്ളേണം-സംസ്കാരാദിയഥാവിധി.

ഉദകക്രിയ.

൧.

തെക്കനോക്കിയിരുന്നിട്ടു-ഇടത്തിട്ടിട്ടുപിന്നെയ്
മെഴുകിക്കീറിപൂതവിരി-ച്ചുണ്ടാവാഹിച്ചിട്ടുപിന്നെയ്.

൨.

മൃതന്റെഗോത്രനാമങ്ങൾ-കൂട്ടീട്ടങ്ങിടമേസ്സകൃൽ
തൂഷ്ണീർണ്ടുകൊടുത്തിട്ടു-തളിച്ചാലുടനേപുനഃ

൩.

രണ്ടുവട്ടമതിവണ്ണം-കൊടുത്താലേകമായതു്
സംസ്കാരാംഗമതായൊന്നും-സഞ്ചയനാംഗവുംതഥാ

൪.

ഉദേസിച്ചിട്ടരണ്ടുടെ-മണ്ണുതേക്കെപരത്തിടാം
'ധാതാ'മന്ത്രംകീഴവെട്ടങ്ങ-'ഗേ'മേൽപ്പട്ടമന്ത്രവും.

൫.

കുളിച്ചുകോരിയാടുമ്പോൾ-'സന്തപാസിഞ്ചാ'മുഖംപുനഃ
തൂഷ്ണീമൊന്നത്തു'ദേയ'ത്തെ-ചൊല്ലീട്ടാദിത്യവന്ദനം.

൬.

'പ്രതി''പ്രത്യസ്ഥ'ചൊല്ലീട്ടു-വെള്ളംതെററീട്ടുകാലിനാൽ
പിന്നെയങ്ങുഗൃഹത്തിങ്കൽ-പോകുമ്പോൾമെഴുകിസ്ഥലി

൭.

അകായിലതീയെരിച്ചിട്ടു-ഗോവിന്നേയങ്ങുനിൎത്തിയാൽ
അക്ഷതംവാരിവിതറു-‘സ്വാസ്ഥ്യസ്ത്വാ’മന്ത്രതപ്പുനഃ.

ദശാഹബലി.

൧.

ബലിക്കററിതൎച്ചിട്ടു-ദശാഹബലിയാചരേൽ
നക്ഷീരാംജനമഭ്യംഗം-നവാസാദശഹസ്സുച.

൨.

മന്ത്രൈഃതൂഷ്ണീംചകുൎവ്വീതഃ-പുനഃസൎവ്വാൻബലിക്രമാൽ
ഉദകക്രിയഭേദങ്ങൾ-വിംശതിപതിനെട്ടപി.

൩.

പിണ്ഡത്തിൽപക്ഷഭേദങ്ങൾ-രണ്ടുമൊന്നായ് വരുംതഥാ
വിംശതിപക്ഷമാണെങ്കിൽ-ദിനമീരണ്ടുവസ്സൂണം.

൪.

പതിനെട്ടെങ്കിലാദ്യന്തം-ഓരോന്നേവച്ചുകൊള്ളണം
ഇങ്ങനേക്രിയചെയ്യേണം-ഓൎത്തുതന്നേയഥാവലേ.

സഞ്ചയനം.

൧.

നാലാന്നാൾസ്നാനവുംചെയ്തു-ഇടത്തിട്ടിട്ടുപിന്നയ്
കുത്തിത്തളിച്ചുതീയിട്ടു-വ്‌ളാകിപ്പിന്നെസ്തരിച്ചഥ.

൨.

പ്രോക്ഷിണ്യാജ്യസ്ഥാലികളും-അഭിദ്യോതനവുംപുനഃ (ൻ
സ്രുവസംമാൎജ്ജനംപിന്നെ-ചാൻസ്‌മിത്തൊന്നുമഞ്ചുതാ

൩.

ആറുതാൻകുഴയുമത്തി-ക്ഷീരോദംപാദുകംതഥാ
കാപ്പും;കറുക,കടലാടി-പാളയുംകൊടിലത്തിയും.

൪.

രണ്ടുദണ്ഡുംശിലായൊന്നു-ഗോമൂത്രംനാളികംതിലം
നവധാന്ന്യങ്ങളുംസ്വൎണ്ണം-ഘടംവസ്ത്രഞ്ചകത്തിയും.

൫.

പലാശംദൎഭയുംപിന്നെ-ചാതിച്ചാൽപ്രോക്ഷണീപുനഃ
ആജ്യസംസ്കാരവുംപിന്നെ-മന്ത്രവൽപരിഷിച്യഥാ.

൬.

സമിദിട്ടാൽവലത്തിട്ടു-ദ്വാമിന്ദാഹുതിയുംപുനഃ
ഇടത്തിട്ടാൽമൂന്നുചെയ്വൂ-'അവസൃജാ'സ്രുവാഹുതി.

൭.

പിന്നെഹോമംമുടിച്ചിട്ടു-ഹോമാദഗ്നിശ്മശാനിട
"ഏന്തേ",ഭ്യാറുംകുഴകൊണ്ടു-ജലംക്ഷീരംശ്മശേതളി.

൮.

കുളഞ്ഞുകൊള്ളിയുംപിന്നെ-പാദുകാപ്പുമിടത്ത്വശം
കെട്ടീട്ടഞ്ജനവുംകണ്ണിൽ-ശിലമദ്ധ്യേനപാളകം.

൯.

ഇക്രമംപാളകൊടിലും-വച്ചുദണ്ഡുംതറപ്പിച്ചു.
വലത്തുപാദംശിലമേൽ-ചവിട്ട്യസ്ഥിയെടുപ്പിത്.

൰.

ഉത്തിഷ്ഠാ'ദികളുംചൊല്ലി-യെടുത്തങ്ങുത്തരേമുടി
ശ്മശാനംവെട്ടിമൂടീട്ടു-നവധാന്ന്യങ്ങളുംഫലം

൨൨.

പാദുസ്സ്യകതപാചമംചെയ്തു–എടത്തിട്ടങ്ങുക്ഷാളനം
നീർപാൽഗോമൂത്രവുംകൊണ്ടു–വെവ്വേറേകഴുകിക്രമാൽ

൨൩.

ശുദ്ധമായപ്രദേശത്തു–തളിച്ചുമെഴുകിപ്പുനഃ
കോടിവസ്ത്രംവിരിച്ചിട്ടു–മദ്ധ്യേവസ്ത്രഫലടത്തെയും

൨൪.

തിലഗന്ധംസപണ്ണപുഷ്പം–കൂർച്ചവുമിട്ടുകൊണ്ടതിൽ
ക്രമത്താലസ്ഥിസാദിപ്പൂ–പാദമദ്ധ്യശിരോത്തമാം

൨൫.

വസ്ത്രത്തോടെയെടുക്കുമ്പോൾ–ഉപവീതംനിവീതമാം
"ഉത്തിഷ്ഠപ്രേഹി"മന്ത്രേണ–വൃക്ഷമൂലത്തുചെന്നഥ.

൨൬.

വലത്തിട്ടാചമംചെയ്തു–കുഴിച്ചുമൺകളഞ്ഞഥ
ഇടത്തിട്ടുതളിച്ചെല്ലാം–മെഴുകിക്കുത്തിതളിച്ചതിൽ

൨൭.

മണലിട്ടുപരത്തീട്ടു–പരിസ്തീര്യയഥാവിധി
'പ്രഥിവ്യാസ്തപാദി'മന്ത്രേണ–കുഴിയിലങ്ങസ്ഥിസാദനം

൨൮.

വസ്ത്രംവാഞ്ജിക്കുറുമ്പുല്ലു–മിട്ടടച്ചിട്ടുമൂടിയും
ആരാധനംനമസ്കൃത്യ–വന്ദിച്ചാലങ്ങുപോവിതു്

൨൯.

കനിഷ്ഠർപ്രഥമാദ്യാതി–പോകുമ്പോൾനീർകടപ്പിതു്
'അശ്മനപ'തീതിമൂന്നിക്കും–ഇടത്തിട്ടുകടപ്പിതു്.

൧൯.

അപ്പൊഴെശൌചയുംപിന്നെ-പറിച്ചങ്ങുകളഞ്ഞഥ
കാപ്പുംകളഞ്ഞുപോന്നീട്ടു-കുളിച്ചങ്ങുദകക്രിയഃ

൨൦.

അന്നുക്കൂട്ടതലായൊന്നു-കൂടിവേണംക്രിയാംഗമായ്
പത്താംദിനബലിംകൃത്വാ-കുററിയങ്ങുപറിച്ചഥ

൨൧.

മാററുതൊട്ടുകുളിച്ചിട്ടു-ങ്ങിരിക്കേണമഥാവലേ
ഇതിൻെറപക്ഷഭേദത്തെ-യുരയ്ക്കുന്നൊണ്ടതിങ്ങനേ.

പിണ്ഡം.

൧.

ഏകാദശേപുലപോക്കി-അനുസ്തരണിചെയ്യുക.
പിന്നെയങ്ങുകുളിച്ചിട്ടു-പശ്ശുദാനംകഴിച്ചഥ.

൨.

ശ്മശാനഞ്ചദശാഹഞ്ച-ഇടത്തിട്ടിട്ടുചെയ്യുക.
ആചമംദാനമദ്ധ്യേയും-തീൎത്ഥവുംമാറിവേണമേ.

൩.

സവ്യപ്രായംവലത്തിട്ടു-ങ്ങാചമിച്ചിട്ടിടത്തിട്ടു
മെഴുകിക്കീറിപുത്തവിരി-ച്ചാവാഹിച്ചിട്ടനന്തരം

൪.

ഏകോദ്ദിഷ്ടമതുംചെയ്തു-പിണ്ഡംവച്ചിട്ടതിന്മേ
കൊടുത്തിട്ടഞ്ജനാദ്യങ്ങൾ-തൃപ്തിയുംപിണ്ഡദാനവും

൫.

ഉദപസിച്ചുപുറത്തിട്ടു-സ്നാനംപുണ്യാഹവുംചരേൽ.
ദീക്ഷപിന്നെതുടങ്ങേണം-സാദരേണയഥാക്രമം

ശാന്തിഹോമം

൧. (വും

ചൊവ്വാ, വെള്ളി, കളിൽപിണ്ഡം–വരികിൽശാന്തിഹോമ
ത്രിപക്ഷത്തിനകംവേണം–ചെയ്വാനെന്നുണ്ടുകാലവും.

൨.

കർത്താക്കടേപിറന്നാള–പ്രേതത്തിൻറെപിറന്നനാൾ
കജ, വെള്ളികളൊന്നുംതാൻ–കൊൾകയില്ലയഥാവിധി.

൩.

കൃഷ്ണപക്ഷേപതിന്നാംക–ങ്ങൊഴിച്ചദ്വാദശീദിനം
ശുഭമാണെന്നുചൊല്ലുന്നു–ചൊല്ലുള്ളോരുമഹാജനം.

൪.

നിത്യമാംബലിയിട്ടങ്ങു–ശ്മശാനഗൃഹമദ്ധ്യമായ്
ഇരുന്നുമെഴുകീത്യാദി–ചാതിഃക്കണമതിങ്ങനേ.

൫.

പ്രോക്ഷണ്യാജ്യസ്ഥാലികളും–നീർമാതളസ്രുംവംജുംഹു
അഭിദ്യോതനവുംകൂട്ട–ചമതാപത്തുപുല്ലതും.

൬.

വഹ്നിക്കഴയെരുത്തുംതോൽ–കരിങ്കൽവെണ്ണയഞ്ജനം
അടയുംകശയുംകൂട്ടി–കാളയുംനൽക്രമത്തില്.

൭.

പ്രോക്ഷണീത്യാദിചെയ്തങ്ങാ–പരിധിവെയ്ക്കുവോളവും
പിണ്ഡകർത്താക്ക'ളാരോഹ'–മന്ത്രാൽതോലിലിരിപ്പിതു.

൮.

പിന്നെത്തൊഴുതുപസ്ഥാനം–'യഥാഹാ'ചെയ്കപിന്നയ്
പരിത്യഗ്നിമുഖംചെയ്ത് –'നഹി'പൂർണ്ണാഹുതീംചരേൽ

൩൯.

പശുദ്ദാനംചെയ്തുപിന്നേ-അപനാദിസ്രുവാഹുതി
പന്തിരണ്ടുംചെയ്തുപിന്നേ-സ്വിഷ്ടകൃത്തുഹൃതത്തിനാൽ.

൪൦.

ദശസ്രുംവാഹുതിംചെയ്തു-ഹോമമങ്ങുമുടിപ്പിതു
'അനഡ്വാ'ഹേതിമന്ത്രത്തേ-കാളയേത്തൊട്ടുചൊല്ലുക.

൪൧.

വഹ്നിതൻകുഴയേക്കൊണ്ടു-'ഇമംജീവാ'ദിമന്ത്രതഃ
കാളേയടിച്ചുപായിച്ചാ-സ്ഥലം'മൃത്യോ'നിരത്തുക.

൪൨.

ഗൃഹത്തിൻതെക്കുഭാഗത്തേ-കയ്യടസ്ഥലകുഴിച്ചുടൻ
അക്ഷതംപുല്ലുമങ്ങിട്ടു-പശുദ്ദാനംകഴിക്കുക.

൪൩.

കരിങ്കല്ലതിലവക്കേണം-'ഇമംജീവേഭ്യ'മന്ത്രതഃ
പിന്നതിന്മേലചവിട്ടീട്ടു-പോന്നുകൊൾകഗൃഹത്തില്

൪൪.

പോരുമ്പോൾവെണ്ണയുംവത്സൻ-കുശയഞ്ജനമെന്നിവ
എടുത്തകത്തുവന്നിട്ടു-പാദക്ഷാളനമാചമം

൪൫.

പതിനിയേയങ്ങിരുത്തീട്ടു-'ഇമാംനാരീ'തിമന്ത്രതഃ
തലയിൽവെണ്ണതേക്കേണം-ഭാൎയ്യയില്ലങ്കിലവേണ്ടിതും.

൪൬.

കുശാഗ്രത്താലഞ്ജനത്തേ-യെഴുതുക'യദാഞ്ജനം'
ഇടത്തേതിലുമീവണ്ണ-മെഴുതുപിന്നയക്കശ.

൧൫.

'യഥാതപമിതി'മന്ത്രേണ-കുശനാളത്തിലങ്ങിട
'അനശ്രുവാ'സനത്തിന്മേ-ലാസനംവച്ചിരുന്നുതാൻ.

൧൬.

പ്രാശിക്കം,ട'അജ്ജോസീതി'-'യവോസീ'കവ്യവുംപുനഃ
ഗ്ഗുരുദക്ഷിണയുംചെയ്ക-പക്ഷഭേദങ്ങളൊണ്ടിതിൽ.

---

# പ്രായശ്ചിത്തം.

---

വിവരണം.

ആധാരാധേയങ്ങൾ കൂടാതെ, ക്രിയകൾക്കു അംഗി-പ്രധാനം എന്നും; അംഗം - അപ്രധാനം എന്നും; രണ്ടു് വിഭാഗങ്ങളുണ്ടല്ലോ. അതിൽ പ്രധാനം പിഴയ്ക്കുകയോ, മറക്കുകയോ ചെയ്താൽ ക്രിയ ആവൎത്തിയ്ക്കേണ്ടതും, അപ്രധാനം പിഴയ്ക്കുകയോ മറക്കുകയോ ചെയ്താൽ ലഘു പ്രായശ്ചിത്തങ്ങൾ കൊണ്ടും, ചിലതിനു ഒന്നും കൂടാതേയും കഴിയ്ക്കാമെന്നുള്ളതുമാകുന്നു.

ആവക പ്രായശ്ചിത്തങ്ങളിൽ ചിലതു് ഇതിൽ വിവരിച്ചിട്ടുള്ളതും, ചിലതു് അനുമാനിപ്പാൻ പ്രയാസമില്ലാത്തതും, ആണു്. പ്രധാനം - പവിത്രധാരണം ചെയ്യേണ്ടതിനു ചെയ്യാഞ്ഞു, ചെയ്വാൻ പാടില്ലാത്തതിനു ധരി

KOTTAYAM PUBLIC LIBRARY
KOTTAYAM

ക്കുക ഇത്യാദികളായ കാര്യ്യങ്ങളുണ്ടാകയും തൽപ്രായശ്ചിത്തം ചെയ്യുകയും ദുർല്ലഭമാകുകകൊണ്ടും, അവ പൂർവ്വഭാഗത്തിന്റെ പ്രായശ്ചിത്തത്തോടു അനുയോജിക്കുന്നതിനാലും, അവ ഈ ഗ്രന്ഥത്തിൽ അധികം പ്രതിവാദിച്ചിട്ടില്ല. പക്ഷാന്തരങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ പൂർവ്വാചാരമനുസരിച്ച് പ്രവൃത്തിക്കേണ്ടതാകുന്നു എന്നു പറകയേ തരമുള്ളു.

നടപ്പില്ലാത്തതും, ഉണ്ടാവാൻ പ്രയാസമെന്നുള്ളതും ആയ ചിലതു, ആവശ്യമെന്നു വരുന്നപക്ഷം, പ്രായശ്ചിത്തവിഭാഗത്തിൽ കടന്ന് അറിയാമെന്നുള്ളതിനാലു, ഇതിൽ പകൎത്തി ഗ്രന്ഥവലുപ്പം ചെയ്തിട്ടില്ലാ.

പ്രായശ്ചിത്തവിഷയങ്ങൾക്കു, കാരണമാവാതെ കഴിയുന്നതും കരുതി അഭ്യുദയമാൎഗ്ഗം നേടേണ്ടതു് യേവരുടേയും ചുമതലയെന്നുള്ളതു് പ്രത്യേകം പ്രസ്താവിക്കേണ്ടതു മില്ലല്ലോ.

ക. ബാലൻ ചെയ്യേണ്ടതായ സംസ്കാരം.

"ജാതക്രിയാനന്തരമേവബാലഃ
പ്രേതക്രിയാദാവധികാരവാന്സ്യാൽ".

ജാതകൎമ്മത്തിനു ശേഷം മാത്രമേ ബാലനു ക്രിയാധികാരമുള്ളു. ബാലൻ പിറന്നാൽ ജാതകൎമ്മത്തിനു മുമ്പ്, അയാളുടെ പിതാവു മരിക്കുന്നുയെങ്കിൽ പുലയില്ലാത്ത ആളിനേക്കൊണ്ടു ജാതകൎമ്മം ചെയ്യിക്കുക. മാതാവു മരിക്കുന്നുയെങ്കിൽ പിതാവിനു ജാതകൎമ്മം ചെയ്യാം. അ

നന്തരം ചരട കെട്ടിച്ചു കോണകം ഉടപ്പിച്ച് അവിഭേ
ദവും കെട്ടിച്ചു അവരുടെ സംസ്കാരാദി അപര ക്രിയ ചെ
യ്യിയ്ക്കണം. മററു പുലയുള്ളവർ കുട്ടിയേയെടുത്തു സം
സ്കാരാദി ക്രിയ ചെയ്യിക്കരുത്. പത്താം ദിവസം മാററു
ടുത്തു കുളിപ്പിയ്ക്കണം; വേണ്ടന്നുള്ള പക്ഷവും ഉണ്ട്. അ
ഛന്മാർ, സഹോദരന്മാർ, യെന്നിവൎക്ക ബാലൻ പിണ്ഡ
കൎത്താവായിരുന്നാൽ സംസ്കാരസഞ്ചയനങ്ങൾ കഴിച്ചു
മററപര ക്രിയകൾ എല്ലാം അയാളേക്കൊണ്ടു ചെയ്യിയ്ക്കേ
ണ്ടതാകുന്നു. ഇവ കൂടി ചെയ്യിച്ചു കൂടന്നും അഭിപ്രായ
ഭേദമുണ്ട്. പെൺകുട്ടിയും ജാതകൎമ്മാനന്തരം പിതൃക
ൎമ്മാധികാരിണിയാകുന്നു. തൊണ്ണൂറുനാഴികയ്ക്കകത്തു ജാ
തകൎമ്മം കഴിയാതെ ഇരിയ്ക്കേ, മാതൃപിതൃമരണം സംഭ
വിച്ചാൽ, പതിനൊന്നാം ദിവസം പുലപോക്കിക്കുളിച്ച്
പുണ്യാഹ മേററു ബാലനു ജാതകൎമ്മം ചെയ്തു, അയാളേ
കൊണ്ടു പശുദാനത്തോടു കൂടി ഉദകബലികൾ കടവി
ൽ കഴപ്പിച്ചു, യഥാവിധി പിണ്ഡം മുതലെല്ലാം ചെയ്യി
ച്ചു കൊൾക. പത്താം ദിനം ആയിരുന്നാലും ദശാഹ
ബലി പട്ടനാട്ടി ചെയ്യിയ്ക്കണമെന്നും ചിലർ പറയുന്നു.
അമ്മമരിയ്ക്കയും, ബാലൻ തൊട്ടു കിടക്കയും ചെയ്യുന്നു
എങ്കിൽ ജാതകൎമ്മം പാടില്ലാ. അതു ഹേതുവായിട്ടു
സംസ്കരിപ്പാൻ കൂടുകയും അരുത്. ഈ സന്ദൎഭത്തിൽ
പിതാവ് കാലഗതിയേ പ്രാപിച്ചാലും ബാലനു സം
സ്കരിപ്പാൻ പാടില്ലാ. പതിനൊന്നാം ദിവസം പെററു
പുണ്യാഹത്തിനു മുമ്പ് ഇവർ മരിച്ചാലും സംസ്കാരാദി

ചെയ്യിച്ചു കൂടാ. പുലപോയി പുണ്യാഹശേഷം, ജാതകൎമ്മം ചെയ്തു മേൽ വിവരിച്ചപ്രകാരം ഉദകാദിചെയ്യിച്ചു കൊള്ളുക. മരിച്ച ആളിന്റെ പുലയിൽ ആ ആളിന്നു ഉണ്ണിയുണ്ടായാൽ, അപ്പോൾ അന്ന്യനേകൊണ്ടു ജാതകൎമ്മം ചെയ്യിച്ചു ഉദകബലികൾ കുടിശിഖതീൎത്ത് ചെയ്യിച്ചു മുറയ്ക്കു തുടരേണ്ടതാകുന്നു. പിണ്ഡാനന്തരമാണു ഉണ്ണി പിറക്കുന്നതെങ്കിൽ, പുണ്യാഹാനന്തരം, ജനിച്ച ദിവസം തുടങ്ങി ബലിയിടീച്ച് ദീക്ഷിപ്പിയ്ക്കണം. പുലയിൽ ചെയ്യുന്ന ജാതകൎമ്മക്രിയയ്ക്കു കൂടുന്നവൎക്കു പുണ്യാഹം വേണ്ടെങ്കിലും വേണമെന്നുള്ളപക്ഷക്കാരു മുണ്ട്. ഈ ഗഡുവിൽ ചെയ്യുന്ന ജാതകൎമ്മത്തിന്നു നാന്ദീമുഖം തൂഷ്ണി ചെയ്കയാണു വേണ്ടതെന്നും ചിലൎക്കു അഭിപ്രായമുണ്ടു പോൽ. ക്രിയകൾക്കു കുട്ടി മന്ത്രം ചൊല്ലേണ്ടതാകയാൽ തൊട്ടു ചെയ്യുന്നവർ ചൊല്ലുകയേ ഗത്യന്തരമുള്ളുവല്ലോ. ബാലനേ കൊണ്ടു ചെയ്യിക്കുന്നേ ഉദകക്രിയ, കുട്ടിയേ കുളിപ്പിച്ച് കുളത്തിൽ നിന്നും ചെമ്പു പാത്രത്തിൽ വെള്ളം കൊണ്ടു വന്ന് അങ്കണ മിററത്തു വച്ചു ചെയ്യിയ്ക്കേണ്ടതാകുന്നു. അച്ഛനമ്മമാർ ഒഴിച്ച് മറ്റു മരിച്ച പുലയിൽ ഉണ്ടാകുന്ന ഉണ്ണിക്കും, അപ്പോൾ, അയാളുടേ അച്ഛന്നു ജാതകൎമ്മം ചെയ്യാം. ആ കുട്ടി സംസ്കാരത്തിന്നു ചേരേണ്ടതു മില്ലല്ലോ.

### വ. കൂട്ടമരണം.

ദമ്പതികളുടെ മരണം ഒരു ദിവസം സംഭവിക്കുന്നെങ്കിൽ മുമ്പിൽ മരിച്ചവരേ ഔപാസനാഗ്നി കൊണ്ടും

(ഇല്ലങ്കിൽ ലോകാഗ്നി) പിന്നിൽ മരിച്ചവരെ ലോകാഗ്നി കൊണ്ടു പിന്നയും സംസ്കരിച്ചു കൊള്ളുക. ആരായിരുന്നാലും സംസ്കാരം മരണ ക്രമത്തിന്നേ പാടൊള്ളു. ഒരു സംസ്കാരം കഴിഞ്ഞാൽ അതിന്റെ ഉദകക്രിയ ചെയ്ത് അടുത്ത സംസ്കാരം ചെയ്യുക. പതിമാരുടെ കൂട്ടു മരണത്തിലും ന്യായം ഇതു തന്നേ. ദമ്പതിമാരുടെ കൂട്ടു മരണത്തിൽ ഒരേ കോണിയിൽ എടുത്തു ഒരേ ചിതയിൽ സംസ്കരിപ്പാൻ വിധി കാണുന്നു എങ്കിലും, മന്ത്രത്തിൽ കൂടി ഭേദം കല്പിച്ച്, വേണ്ടിയിരിക്കുന്നതു കൊണ്ടും മറ്റും ഇത് ഇപ്പോൾ നടപ്പിലിരിക്കുന്ന ഒന്നല്ലാ. അതിനാൽ ഇതേപ്പറ്റി അധിക വിസ്താരം ചെയ്യുന്നില്ലാ. രണ്ടാമത്ത് മരിച്ചവരേ തുടങ്ങി പ്രേത ശുദ്ധി ചെയ്ത് ക്രമത്തിനു സംസ്കരിച്ചു കൊള്ളുക. സഞ്ചയനവും മരണക്രമത്തിനു ചെയ്യേണ്ടതാകുന്നു.

൯. ശവത്തേ മുക്കി സംസ്കാരം.

ചണ്ഡാളാദി സ്പർശനത്തിങ്കലാണ് മൃതശരീരം മുക്കേണ്ടത്. പുലയില്ലാത്ത ബ്രാഹ്മണർ മൃതശരീരം കട്ടിലിൽ കൂട്ടി കെട്ടി കൊളത്തിൽ താത്തുകല്പവച്ചു അവർ മാറിയാൽ മററു ബ്രാഹ്മണർ എടുത്തു കൊണ്ടു വന്നു കൊള്ളുക. മററാൾ പ്രേത ശുദ്ധി ചെയ്ക. പിണ്ഡകത്താവു സംസ്കരിക്കുക. തല, വയറു, മാറ്, ഇവയേ കിട്ടിയൊളളൂ എങ്കിൽ അതിനു പ്രേത ശുദ്ധി ചെയ്ത് സംസ്കരിക്കുക. മററംഗമാണു കിട്ടിയതെങ്കിൽ, ദഹിപ്പി

ച്ച് പുന സ്സംസ്കാരം ചെയ്യുക. മുക്കികൊട്ടത്താവക്കും, എടുത്തു കൊണ്ടു പോന്നവക്കും, കുളിച്ചാൽ പ്രേതശുദ്ധി ചെയ്യാം. പ്രേതശുദ്ധി ചെയ്തവക്ക മാററു തൊട്ടു കുളിച്ചു പുണ്യാഹമേററാൽ സംസ്കാരത്തിനു കൂടാം. ശവത്തെ മുക്കികൊട്ടുക്കുന്നത് ശൂദ്രാദികൾക്കു മാവാം. ശവത്തേ മുക്കുന്ന കുളം തേകി ശുദ്ധപുണ്യാഹം കൊണ്ടേ ശുദ്ധിവരു. പ്രേതത്തിനു അശുദ്ധി വിഷയമുണ്ടായിരുന്നെങ്കിൽ തന്നേ പ്രതിശരീരത്തിനു പ്രേതശുദ്ധി വേണ്ട. പ്രതിശരീര മശുദ്ധിപ്പെട്ടാൽ പ്രേതശുദ്ധി ചെയ്തേ സംസ്കരിപ്പാൻ പാടൊള്ളു താനും.

൪. ബ്രഹ്മചാരിസംസ്കാരം.

ബ്രഹ്മചാരി മരണത്തിൽ കൃഷ്ണാജിനം ധരിപ്പിച്ചു സംസ്കരിക്കണം. ദണ്ഡു ചിതയിൽ ഇടണം. ബ്രഹ്മചാരിയേ പ്പററിപുനസ്സംസ്കാരമുണ്ടാകുന്നു എങ്കിൽ പ്രതിശരീരത്തിൽ പൂണനൂൽ മാത്രം ധരിപ്പിച്ചാൽ മതി. അസ്ഥിസംസ്കാരത്തിലും ഇപ്രകാരമാകുന്നു. പ്രതിശരീരത്തിനു വലിയ സംസ്കാരം ചെയ്യുന്നു എങ്കിൽ ആയുധപ്രദക്ഷിണം ചെയ്തു വന്ദിച്ചു ചിത മൂടി ധാന്യം വിതച്ചു കുളിച്ചു നെല്ലും പൊന്നും, തൊട്ടു ഉദക ക്രിയാദി ചെയ്തു കൊള്ളുക. ദണ്ഡും, മുണ്ടും, ശരീരത്തിൽ ധരിപ്പിക്കണമെന്നും ഗ്രന്ഥാന്തരം.

൫. ക്രിയാഹ്ത.

ബ്രഹ്മചാരി, ഗർഭദീക്ഷിതൻ, ആഹിതാഗ്നി, പ്രേതദീക്ഷിതൻ, അന്ന്യാശൌചി, യെന്നിവർ ജനകജനനീമര

ണത്തുങ്കൽ അവരുടേ, സംസ്കാരാദി അപരക്രിയകൾ എല്ലാം ചെയ്യാം. മററാരുടേയും സംസ്കാരസഞ്ചയനങ്ങൾ ചെയ്തു കൂടാ. ബ്രഹ്മചാരി കർത്താവോ, ഉപകർത്താവോ, ആയിരുന്നാലും പിണ്ഡം കഴിവോളം ഗൃഹത്തിൽ വച്ചു നിത്യകർമ്മം ചെയ്കയും, കൊട്ട ബലിയ്ക്കു ശേഷം കുളിയ്ക്കാതെയും, ഗൃഹത്തിൽ വച്ചു ഭക്ഷിയ്ക്കയും അരുത്. ഉപഭവനത്തിലോ അന്ന്യ ഗൃഹത്തിലോ ഭക്ഷിക്കുക. കുളിച്ചു പുണ്ണ്യാഹം ഏൾക്കണമെന്നും ചിലർ പറയുന്നു. ചിലർ ഗൃഹത്തിൽ ഭക്ഷിയ്ക്കാമെന്നും, കുളിയ്ക്കണ മെന്നില്ലന്നും, അഭിപ്രായപ്പെടാതേ ഇരിയ്ക്കുന്നില്ലാ. അഗ്നി ഹോത്രിയും പിണ്ഡ കർത്താവായി വന്നാൽ ബ്രഹ്മചാരിയേപ്പോലെ ഭക്ഷിയ്ക്കുക. ബ്രഹ്മചാരിയ്ക്കു പുലയിൽ നിത്യകർമ്മമെല്ലാം സമന്ത്രമായി ചെയ്യാം. സമാവർത്തനം പിഴച്ചിട്ടാവർത്തിക്കും മുമ്പ് മാതാപിതാക്കന്മാർ മരിച്ചാൽ കൃഷ്ണാജിനാദികൾ വിധിപോൽ ധരിച്ച് സംസ്കാരാദികൾ ചെയ്യുക. പിതൃവ്യാദികളുടേ മരണത്തുങ്കൽ പിണ്ഡ കർത്താവായി വന്നാൽ മേൽ വിവരിച്ചവർ പിണ്ഡം തുടങ്ങി എല്ലാം ചെയ്യുക. ബ്രഹ്മചാരി എങ്കിൽ പതിമ്മൂന്നാം ദിവസം ബലിയ്ക്കു ശേഷം പാഥിയും, ചെയ്തു് ദീക്ഷ യഥാവിധി വീടിക്കൊൾക. ബ്രഹ്മചാരി പിതൃവ്യാദികളുടെ സംസ്കാരസഞ്ചയനങ്ങൾ ചെയ്തു പോയാൽ പുനരുപനയനാദി പ്രായശ്ചിത്തങ്ങൾക്കു കാരണമാകുന്നു. മാതാപിതാക്കന്മാരേ അന്ന്യോന്ന്യം ദീക്ഷിയ്ക്കുകയും ചെയ്യാം. ബ്രഹ്മചാരി മാററുടുത്തു കുളിയ്ക്കണമെന്നും, വേണ്ടെന്നും, പക്ഷാ

ന്തരം. ഒരുവൻെറ അച്ഛനോ അമ്മയോ മരിച്ചിരിക്കെ, അവനു പുത്രനുണ്ടായാൽ ജാതകൎമ്മം ചെയ്ത ശേഷം യഥാവൽ സംസ്കരിക്കേണ്ടതാകുന്നു. ഭാൎയ്യാമരണത്തുങ്കൽ ഭൎത്താവു സംസ്കരിച്ചു കൂടാ. സംസ്കരിക്കാമെന്നും ചിലർ പറയുന്നു.

൬. അന്ന്യചരണസംസ്കാരം.

അന്ന്യചരണമായി സംസ്കരിപ്പാനേ ചില സന്ദൎഭത്തിൽ ഗത്യന്തരമുള്ളു എന്നു വന്നാൽ അങ്ങിനെ ചെയ്യാമെന്നു കാണുന്നു. അങ്ങിനെ ചെയ്തിരുന്നാലും ഉദകബലി, സഞ്ചയനം, മുതലായവ സ്വചരണമായി മാത്രമെ ചെയ്യപ്പെടാൻ പാടൊള്ളൂ.

൭. അടുപ്പം.

(സംസ്കാരം ചെയ്യപ്പെടേണ്ട ആളിൻെറ ക്രമം)

ഈ ക്രമം അനുസരിച്ചാണ് അപരക്രിയ എല്ലാം ചെയ്യേണ്ടതു. മരിച്ച ആളിൻെറ പുത്രൻ, പിതാവ്, പൌത്രൻ, സഹോദരൻ, ഭിന്നോദരൻ, അഛൻ, ഭിന്നോദരഅഛൻ, ഇവരുടെ പുത്രന്മാർ, മുത്തഛൻ, ഇങ്ങനെ ക്രമംഈ ക്രമത്തിനു അടുത്തഅടുത്തആൾ ഇല്ലങ്കിൽ പിന്നയുള്ളആൾ ചെയ്തുകൊൾക. ഔരസപുത്രനും, ദത്തപുത്രനും, കൂടി സംസ്കരിക്കുകിൽ ഔരസപുത്രനാണ് പ്രാമാണ്യം. ഉപനിച്ചതുകൊണ്ടു അടുപ്പം ഇല്ലതാനും.

൮. സംസ്കാരത്തടവ്.

അനുപനീതർ, സൂതിക, ദാഹ, പ്രഥമാൎത്തവശൌ

ണ്ഡകാദിസ്സ്പർശനത്താൽ പുണ്യാഹനിമിത്തമുള്ളവർ, സന്ധ്യാലോപമുള്ളവർ, പുണ്യാഹനിമിത്തമിരിയ്ക്കു സ്നാതകന്മാർ, എന്നിവർ സംസ്കാരസഞ്ചയനങ്ങൾ ചെയ്യരുതു. സന്ധ്യാലോപികൾ സന്ധ്യ ആവൎത്തിച്ചു ഉദകബലികൾ കുടിശിഖ തീൎത്ത് മാററുടുത്തു കുളിച്ച്, യഥാവൽ പിണ്ഡം വെച്ചു കൊള്ളുക. പുല ഉണ്ടായിരിക്കുമ്പോൾ മാതാപിതാക്കന്മാരേ ഒഴിച്ച് മററാരുടെയും സംസ്കാരസഞ്ചയനങ്ങൾ ചെയ്യരുതു. ഉദകദശാഹങ്ങൾ ചെയ്യാം. ഈപ്രകാരം സംഭവിക്കുമ്പോൾ സംസ്കാരസഞ്ചയനങ്ങൾ അന്ന്യന്മാരെകൊണ്ടു ചെയ്യിയ്ക്കയെ തരമൊള്ളൂ.

൯. സംസ്കാരത്തിനു കൂടൽ.

പുലയില്ലാത്ത ഒരാൾക്കു ഒരു ദിവസം ഒരു സംസ്കാരത്തിനെ കൂടാവൂ. നിവൃത്തി ഇല്ലെങ്കിൽ പലതിനും കൂടാം. അങ്ങിനെ ചേരേണ്ടതു എടുത്തുകൊണ്ടു പോകുന്നേടം മുതലാകുന്നു. കൂടുന്നവർ സംസ്കാരാനന്തരം തദംഗമായ ഉദകക്രിയ കഴിച്ചു മാററുടുത്തു കുളിച്ചു പുണ്യാഹം ഏററു ശുദ്ധനാവണം. ആലത്തൂർ ഗ്രാമക്കാർ ഇങ്ങനെ കൂടുകിൽ, ഒരു സന്ധ്യ കഴിയുവോളവും പുല കൊള്ളുന്നു. അന്ന്യദേശവാസികളായ പിണ്ഡകൎത്താക്കന്മാർ സംസ്കാരത്തിനിടയ്ക്കു വന്നു ചേൎന്നാലു മദ്ധ്യോപസ്ഥാനം മുതൽ ചേരാം. ആ ഉപസ്ഥാനത്തിനു ശേഷം ചേരാൻ പാടില്ലാത്തതുമാകുന്നു.

൰. ചരണം മാറിയാൽ.

ഒരുത്തനുള്ള പുത്രരിൽ ജ്യേഷ്ഠനെ ചരണം മാറി ഉ

പനയിച്ചാൽ, മാതാപിതാക്കന്മാരുടെ സംസ്കാരത്തുങ്ക
മുമ്പു കനിഷ്ഠപുത്രനാകുന്നു. ശേഷം ക്രിയ വെവ്വേറെ ചെ
യ്യേണ്ടതുമാകുന്നു. ജ്യേഷ്ഠപുത്രൻ സംസ്കാരത്തിനു കൂട
മെന്നില്ലെന്നും ചിലർ പറയുന്നു.

൧൧. സംസ്കാരമദ്ധ്യേ സന്ധ്യ.

സംസ്കാരത്തുങ്കൽ സന്ധ്യ വന്നാൽ മദ്ധ്യോപസ്ഥാ
നത്തിനു മുമ്പു കൎത്താക്കന്മാർ കുളിച്ചു്ത്തു് അനുഷ്ഠി
ച്ച് ശേഷം മുഴുവനാക്കുക. ഉപസ്ഥാനത്തിനു ശേഷ
ണ് സന്ധ്യ വരുന്നതു എങ്കിൽ സംസ്കാരാംഗം ഉ
നന്തരം നെല്ലും പൊന്നും തൊട്ടുകുളിച്ച് സന്ധ്യാവ
ചെയ്ക. പുലയില്ലാത്തവർ സംസ്കാരത്തിനു കൂടുന്നെ
ങ്കിൽ അവൎക്കു ഇടയ്ക്കു സന്ധ്യാവന്ദനം ചെയ്യാൻ
ല്ലാ. സംസ്കാരം കഴിഞ്ഞ് ഉദകക്രിയാനന്തരം നെ
പൊന്നും തൊട്ടു മാററുടുത്തു കുളിച്ചു പുണ്യാഹമേറ
ന്ധ്യാവന്ദനം ചെയ്യാവൂ. പുലയുള്ളവരും ഇല്ലാത്ത
കൂടി സംസ്കരിക്കുമ്പോൾ പുലയുള്ളവൎക്കും ഇടയി
ന്ധ്യാവന്ദനം പാടില്ലാ. അതുകൊണ്ടു ഇങ്ങനെ
ന്ന ഘട്ടത്തിൽ ഇടയ്ക്കു സന്ധ്യവരാതെ നോക്കിയെ
യ്യാൻ പാടൊള്ളൂ. ബ്രഹ്മചാരിയ്ക്കും, അഗ്നിഹോ
ഇടയ്ക്കു സന്ധ്യാവന്ദനം പാടില്ലാ. ആലത്തുക്കാർ സം
രത്തിനു കൂടിയാൽ ഒരു സന്ധ്യ പുല കൊള്ളുന്ന
വൎക്കും ഇടയിൽ സന്ധ്യാവന്ദനം പാടില്ല. ഇവ
ന്ധ്യവരാതെ നോക്കിയേ സംസ്കാരത്തിനു കൂടുക
വൊള്ളു.

൧൨. സംസ്കാരമദ്ധ്യേപുല.

സപിണ്ഡസോദകന്മാരെ പുലയിൽ സംസ്കരിക്കു മ്പോൾ പരിസ്തരിച്ചതിൽ പിന്നെ അന്യപുല കേൾക്കി ൽ, മന്ത്രം കൂടാതെ കുളിച്ചുവന്നു ശേഷം ക്രിയ ചെയ്യുക. പുലയില്ലാത്തവനും സംസ്കാരത്തിനു കൂടിയിട്ടുണ്ടെങ്കിൽ അയാൾ മന്ത്രസ്നാനം ചെയ്ത് ശേഷം ക്രിയ ചെയ്യണം. സംസ്കാരമദ്ധ്യെ പുലകേട്ടാൽ, ആ പുലകൊള്ളേണ്ടവൻ കുളിച്ചു കൂടുക എന്നും പക്ഷഭേദം ഉണ്ടു.

൧൩. മദ്ധ്യോപസ്ഥാനം.

സംസ്കാരത്തിൽ, നട്ടു മുറിഞ്ഞാൽ ചെയ്യേണ്ടതായ ഉപസ്ഥാനം, അതിനു മുമ്പു ചെയ്താൽ ആവൎത്തനീയമാ ണ്. പിമ്പ് ചെയ്താൽ പശുദാനം ചെയ്യേണ്ടതുമാകുന്നു.

൧൪. സംസ്കാരപ്പിഴവിൽ.

ഗൎഭിണിസംസ്കാരപ്പിഴവിൽ, പ്ലാശുകൊണ്ടുള്ള പു നസ്സംസ്കാരം മതി. അസ്ഥികൊണ്ടു ചെയ്യുന്നിടത്തും പു നസ്സംസ്കാരക്രിയ മതി. സംസ്കാരവും, ഏകച്ചസംസ്കാ രവും, പിഴച്ചാൽ, ആവൎത്തിക്കുമ്പോൾ മാറി മാറി ചെ യ്യുതുകൊണ്ടു ആവൎത്തിയ്ക്കേണ്ടു. ഏകച്ചകാലത്തിൽ ഭൂ മിദാനം ചെയ്തുപോകിൽ പുനസ്സംസ്കാരം ഏകച്ചമായി ത്തന്നെ ചെയ്യേണ്ടതാകുന്നു.

൧൫. അസ്ഥിസംസ്കാരം.

പ്രേതശുദ്ധി വിഷയത്തുങ്കൽ അത് ചെയ്യാതെ സംസ്കരിച്ചാൽ, അസ്ഥി, കോടിവസ്ത്രം വിരിച്ച്, അ

തിൽ അരവരെയും, കണ്ഠം വരെയും, അതിന്നു മേൽപ്പട്ടും ഉള്ളത് പ്രത്യേകം കുടിലുകൊണ്ടു എടുത്ത് യഥാക്രമം വച്ചു പുല്ലുകൊണ്ടു വെവ്വെറെ കെട്ടി പുല്ലും മണലും വിരിച്ചു അതിൽ തെക്കു തലസ്ഥാനം വരുമാറു വച്ചുകൊള്ളുക. അനന്തരം കുളിച്ചുവന്നു മന്ത്രസംസ്കാരമായോ, ഏകച്ചമായോ, ചെയ്ത് ചിതമൂടി പോന്നു ശേഷം ചെയ്യുകൊൾക. പൂണുനൂലുള്ളവക്ക് അതു ശുദ്ധമായി പിരിപ്പിച്ച് ഇട്ടുവേണം സംസ്കാരം ചെയ്വാൻ എന്നുമുണ്ടു. കൊണ്ടുപോകുന്നതു കോണിയിൽ വച്ചു വേണമെന്നുമില്ലാ. അസ്ഥി മുക്കി സംസ്കരിക്കേണ്ടതാണെങ്കിൽ, മൃതശരീരം മുക്കുന്ന രീതിയെല്ലാം ചെയ്തുകൊള്ളുക. അസ്ഥി വാരി നദിയിൽ കളഞ്ഞു പുനസ്സംസ്കാരം ചെയ്താൽ മതി എന്നും അഭിപ്രായഭേദമുണ്ടു.

### മന്ത്രസംസ്കാരാവൎത്തനം.

ഏകച്ചത്തിൽ ഉപസ്ഥാനവും, പൃഷദാജ്യം കൊട്ടുക്കലും, പിഴച്ചാൽ പുനസ്സംസ്കാരം ചെയ്യണം. പുനസ്സംസ്കാരത്തിൽ, പ്ലാശിൻ കുഴകൾ വിധിച്ചുവണ്ണമല്ലാതെ അംഗങ്ങളിൽ കൂടുതൽ കുറവു വന്നാൽ പുനസ്സംസ്കാരം ചെയ്യണം. ഗൎഭിണി സംസ്കാരത്തിൽ സ്രുവസംമാൎജ്ജനത്തിനുശേഷം ഉള്ള വിശേഷവിധികൾ പിഴച്ചാൽ ആവൎത്തിക്കണം. മന്ത്രസംസ്കാരത്തുങ്കൽ ആജ്യസംസ്കാരം, സ്രുവസംമാൎജ്ജനം, ഉപസ്ഥാനമന്ത്രങ്ങൾ, ഇവ പിഴച്ചാലും ആവൎത്തനീയം തന്നെ. ആവ

ത്തനവിഷയം സഞ്ചയനത്തിന്നുമുമ്പ് അറിഞ്ഞാൽ അസ്ഥികൊണ്ടു പുനസ്സംസ്കാരം ചെയ്യാം. പ്രേതലകാരം മറന്നാൽ ചിതമേൽ വച്ചും മുമ്പും ചെയ്യാം. ഗുരുക്രിയാപ്രമാദത്തിൽ, പിണ്ഡത്തുങ്കൽ ബഹുത്വം വൎദ്ധനം ചെയ്ക തന്നെ.

## ൧൭. കർമ്മമദ്ധ്യേപുല.

ഉപനയനത്തിൽ പൂണൂൽ ഇട്ടശേഷവും, വേളിക്കു പാണിഗ്രഹണം കഴിഞ്ഞിട്ടും, മാതാപിതാക്കൾ മരിച്ചാൽ, കുളിച്ച് ഈ ക്രിയ മുഴുവനാക്കി സംസ്കാരാദി ചെയ്തുകൊള്ളുക. ഇവയ്ക്കു മുമ്പാണെങ്കിൽ എല്ലാമുപേക്ഷിച്ചു പിണ്ഡദാനാന്തരം ചെയ്തുകൊള്ളുക. അതിന്നുള്ള ക്രിയ അന്യദിക്കിൽ വച്ചു ചെയ്തുകൊള്ളുക. ഗോദാനത്തിങ്കലും, മഹാനാമ്നിയിങ്കലും ന്യായം ഇതുതന്നെ. നാമകരണം, വാതിൽ പിറപ്പാട്, അന്നപ്രാശനം, ശ്രാദ്ധം, ഇത്യാദിക്രിയകളുടെ മദ്ധ്യത്തിൽ ഗുരുക്കന്മാരുടെ മരണം സംഭവിക്കിൽ എല്ലാമുപേക്ഷിച്ചു പിണ്ഡദാനാന്തരം ചെയ്യേണ്ടതാകുന്നു. നാമകരണം അഛൻ ചെയ്കയാണെങ്കിൽ കുളിച്ചു മുഴുവനാക്കി, സംസ്കാരം ചെയ്തുകൊള്ളുക. അഷ്ടകാപാർവ്വണം, സപിണ്ഡി, ഇവയിൽ ഇങ്ങിനെ സംഭവിക്കിൽ കുളിച്ച് അഗ്നിയിങ്കലെ ക്രിയ മുഴുവനാക്കി സംസ്കരിക്കുക. താന്ത്രികകർമ്മമദ്ധ്യേ തന്ത്രിക്കു ഗുരുമരണാശൌചം സംഭവിക്കിൽ അന്യന്മാർ ക്രിയ സമാപ്തിയാക്കിൽ മതിയല്ലോ. സാദ്ധ്യായ

ത്തിൽ ആണെങ്കിൽ കുളിച്ചു മുഴുവനാക്കി, സംസ്കാരാദി ചെയ്യുക.

### ൰൨. അഗ്നിഹോത്രിസംസ്കാരം.

അഗ്നിഹോത്രി സംസ്കാരം ത്രേതാഗ്നികൊണ്ടു ചെയ്യേണ്ടതാകുന്നു. അവിടെ ത്രേതാഗ്നി കൂട്ടുന്നസമയം മുതൽക്കാണ് പുല തുടങ്ങുക. മരിച്ച ദിവസമല്ലാ സംസ്കരിക്കുന്നതെങ്കിൽ സംസ്കാരദിനത്തിന്റെ പതിനൊന്നാംദിവസമാണ് പിണ്ഡം. അനന്തരം പുണ്യാഹശേഷമുള്ള നിത്യബലിയ്ക്കൽ, മരണത്തിനുശേഷം സംസ്കാരദിനത്തിനു ഇടയിൽ എത്ര ദിവസമുണ്ടോ അത്രയും പിണ്ഡം വയ്ക്കണം. ചാത്തത്തിനു മരിച്ച സമയത്തെ തിഥിയാണ് — നക്ഷത്രമാണ് ഗണിയ്ക്കുക. അന്യദേശത്ത് മരണം സംഭവിക്കയും അഗ്നിഹോത്രമുള്ളേടത്തേക്കു മൃതശരീരം കൊണ്ടുവരാൻ സാധിക്കാതെയും വന്നാൽ വെറുതെ ദഹിപ്പിച്ച്, അസ്ഥി കൃഷ്ണാജിനത്തോലുകളിൽ ക്രമത്തിനു കെട്ടികൊണ്ടു വന്ന് അസ്ഥിസംസ്കാരത്തിൽ വിവരിച്ച വണ്ണം ത്രേതാഗ്നികൊണ്ടു സംസ്കരിച്ചുകൊൾക. അസ്ഥികൊണ്ടു വരുന്ന ആൾ, സന്ധ്യാവന്ദനാദി ചെയ്യേണ്ടതായി വന്നാൽ, അസ്ഥി വച്ചു കുളിച്ച് പുണ്യാഹമേററു ചെയ്തുകൊൾക. ശുദ്ധബലിവിഷയം ഉണ്ടായാൽ അതു ചെയ്തു സംസ്കരിക്കുക. ഈ പ്രകാരമുള്ള, അഗ്നിഹോത്രി പത്നിയുടെ മരണത്തിങ്കലും ഇപ്രകാരം ചെയ്യേണ്ടതാകുന്നു.

൫൯. സംസ്കാരാദികൾ കൂടുന്നവർ.

സംസ്കാരത്തിനു കൂടുന്നവൻ, കഴപ്പിക്കുന്നവൻ, സഞ്ചയനം ചെയ്തവൻ, ചടങ്ങു കാട്ടിയവൻ, ദശാഹ മുണ്ടവൻ, അതിനുവച്ചവൻ, ഏകോദിഷ്ടം ചെയ്തവൻ, വാങ്ങിയവൻ,— ഉണ്ടവൻ, ഇവർ ആ ദിവസം, അതി നുശേഷം നിത്യകൎമ്മം മാത്രമെ ചെയ്വാൻ പാടൊള്ളു. മറ്റൊന്നും ചെയ്തുകൂടാ. പ്രായശ്ചിത്തം വാങ്ങിയവന് കുളിച്ചാൽ മററു എല്ലാത്തിനും കൂടാം. ശ്രാദ്ധാദിയുണ്ണാ കയുമാവാം.

൬൦. സംസ്കാരം ചെയ്യിക്കൽ.

ഒരു ദിവസം ഒരാചാൎയ്യനു ഒരു സംസ്കാരമെ ചെ യ്യിക്കാൻ പാടൊള്ളു. നിവൃത്തി ഇല്ലെങ്കിൽ രണ്ടിനാവാം. അഗ്നിഹോത്രി, പ്രേതദീക്ഷിതൻ, പുലയുള്ളവൻ, ഗൎഭ ദീക്ഷിതൻ, ഇവർ സംസ്കാരസഞ്ചയനങ്ങൾ കഴപ്പിച്ചു കൂടാ.

൬൧. ഗ്രഹണം.

മരണാനന്തരം ഗ്രഹണമുണ്ടായാൽ ആ കിടക്കുന്ന മുറി ഗ്രഹണാരംഭത്തിനു മുമ്പ് അടച്ചാൽ മതി. ആ ഗ്രഹണശുദ്ധം ബാധകമല്ലാ. ഗ്രഹണമദ്ധ്യത്തിൽ മ രിച്ചാൽ പ്രേതശുദ്ധി ചെയ്ത് സംസ്കരിക്കണം. പുല ക്കിടയിൽ ഗ്രഹണം സംഭവിച്ചാൽ, പട്ടക്കൽ പഞ്ചഗ വ്യംകൊണ്ടു പുണ്യാഹം തളിച്ചുകൊള്ളുക.

൬൨. ബാലമരണാദിയിങ്കലുള്ള അശുദ്ധി.

ദുർമൃതിയിലും, ബാലമരണത്തിലും, അന്യബ്രാഹ്മ

ണ്ണമരണത്തിലും, ആ കിടക്കുന്ന മുറിക്കു അശുദ്ധിയെ ഉള്ളു. മൃതശരീരം മാററിയാൽ ആ അകം പലവട്ടം മെഴുകി ശുദ്ധപുണ്യാഹം തളിച്ചാൽ ശുദ്ധിയാകും. ശവശുദ്ധിയിങ്കല എവക്കും മാററുടുത്തു കുളിച്ച പുണ്യാഹം വേണം. ശൂദ്രർ ചത്താൽ മുപ്പതും, പതിതൻ ചത്താൽ രണ്ടുമാസവും, തക്ഷകാദി ചണ്ഡാളന്മാർ ചത്താൽ നാലുമാസവും, കഴിഞ്ഞ സ്ഥലം ശുദ്ധിവരു. അതിനു മുമ്പ അത്യാവശ്യമെങ്കിൽ ഖനനാദികൊണ്ടു ശുദ്ധി വരികയും ചെയ്യും.

൨൩. സമാശൌചമുള്ള പല തറവാടു.

സമപുലയുള്ള തറവാടുകളിൽ ഒന്നില ആരെങ്കിലും പ്രായപൂരണമുള്ളവർ മരിച്ചാൽ എല്ലാതറവാടുകാരും പതിനൊന്നാം ദിവസം പുല പോക്കി കുളിക്കുണ്ടതും കൎത്താക്കന്മാരും, പ്രേതശുദ്ധമായവരും ശുദ്ധപുണ്യാഹമേക്കേണ്ടതും, ആകുന്നു. പുല പോയിട്ടു കേട്ടാൽ സ്നാനം ചെയ്തു ശുദ്ധനായിക്കൊള്ളുക.

൨൪. കൎത്താവു മരണം കേട്ടാൽ.

ഒരാൾ മരിച്ചതായി, ഒരു പിണ്ഡകൎത്താവു കേട്ടാൽ പത്തു ദിവസിക്കു മുമ്പാണെങ്കിൽ, സംസ്കാരം കഴിഞ്ഞിട്ടില്ലെങ്കില അതു ചെയ്തു മുറക്കു ഉദകബലികൾ തുടങ്ങുക. പത്താം ദിവസം ഊണു കഴിഞ്ഞാണു കേട്ടതെങ്കില, അപ്പോൾ സംസ്കാരം ചെയ്തു ഉദകബലികളും തീൎത്തു ചെയ്തു, പിറേറദിവസം പിണ്ഡവും വെച്ച ദീക്ഷി

ച്ചുകൊൾക. രാത്രിയിലാണ് കേട്ടതെങ്കിൽ ഉദയത്തി ന്മുമ്പു ചെയ്തു പിറ്റെദ്ദിവസം പിണ്ഡം ചെയ്ക. പതി നൊന്നാംദിവസം പുല പോയിട്ടു കേട്ടാൽ, അപ്പോൾ സംസ്കാരം ചെയ്യേണ്ടതെങ്കിൽ ചെയ്തു, ഉദകബലി യും തീൎത്തു ചെയ്തു്, മറ്റു പിണ്ഡാവച്ചുകൊൾക. അ ന്നു പിണ്ഡം വയ്ക്കാൻ സാധിക്കാതെ വന്നാൽ, പന്ത്രണ്ടാം ദിവസം പിണ്ഡം വെയ്ക്കുക. പന്ത്രണ്ടാം ദിവസമാണ് സംസ്കാരാദി ചെയ്യുന്നതെങ്കിൽ, അന്നു മാറ്റുടുത്തു കു ളിച്ചു പതിമ്മൂന്നാം ദിവസം പിണ്ഡം വച്ചു ദീക്ഷിച്ചു കൊള്ളുക.

൨൭. സന്ധ്യാവൎത്തനം.

പുലയിലെ സന്ധ്യകൾ പുല പോയിട്ടു ആവൎത്തി ക്കേണ്ടതായിരുന്നാൽ സമന്ത്രമായി ചെയ്യണം. പുല യ്ക്കു മുമ്പുള്ള സന്ധ്യകൾ പുലയിൽ ആവൎത്തിക്കേണ്ടതാ യി വന്നാൽ മന്ത്രം കൂടാതെ ചെയ്യേണ്ടതാകുന്നു.

൨൮. പുലയിൽ പുണ്യാഹം.

ദശാഹബലിയിടുന്നവർ, സൂതിക, രജസ്വല, അ ന്യശവദാഹദശാഹദീക്ഷിതർ, ഇവരെ സ്പൎശിക്കുകയും, ഇവരുടെ വിടുപ്പു്, വസ്ത്രം, എച്ചിൽ, ഇവയുടെ ശുദ്ധ മാകയും, പതിതൻ, തക്ഷകാദി ചണ്ഡാലപൎയ്യന്തമുള്ള തീണ്ടൽ ജാതി, പുലയുള്ള ശൂദ്രജാതി, ഇവരെ സ്പൎശി ക്കയും, ചെയ്താൽ, പൂണൂൽ മാറി ശുദ്ധപുണ്യാഹം — നാലർപുണ്യാഹം ഏൽക്കണം. ഇവരെ തീണ്ടപ്പെ

കിൽ ഒററപ്പുണ്ന്യാഹം ചെയ്താൽ മതി. പുണ്ന്യാഹം ത
ളിയ്ക്കുന്നവർ കുളിയ്ക്കയും വേണം. പുലക്കിടയിൽ പുല
തീണ്ടിത്തൊട്ടാൽ പതിനൊന്നാം ദിനമേ പുണ്ന്യാഹം
ചെയ്യാൻ പാടൊള്ളു. അനന്തരം പതിനൊന്നാം ദിവ
സം പുല പോക്കി കുളിച്ചു പൂണനൂൽമാറി ശുദ്ധപുണ്ന്യാ
ഹമേററ് പൂണനൂൽ ഇട്ട് കുളിച്ച് സന്ധ്യാവന്ദനങ്ങൾ
ആവൎത്തിച്ചു ദശാഹബലികൾ കുളക്കടവിൽ ഇട്ടു മാററു
തൊട്ടു കുളിച്ചു പുണ്ന്യാഹമേററു വീണ്ടും പൂണനൂൽ ഇട്ടു
പിണ്ഡം വച്ചു കുളിച്ചു പുണ്ന്യാഹം ചെയ്ത് പൂണനൂല്
ഇട്ടു ദീക്ഷ തുടങ്ങിക്കൊള്ളുക. ഇതിന്നിടയിൽ ബ്രഹ്മചാ
രി ഉണ്ടെങ്കിൽ അപ്പോൾ — അശുദ്ധി പററിയ ഉടൻ മാ
ററുടുത്തു കുളിച്ച് ശുദ്ധപുണ്ന്യാഹമേററു പൂണനൂൽ ഇട്ടു
ദശാഹബലി ഇട്ടിരിയ്ക്കേണ്ടതാകുന്നു.

൭൭. കുടിയ്ക്കുനീർ.

ശ്രാദ്ധദിവസം ശ്രാദ്ധമൂട്ടേണ്ടയാൾ, സൂതികാശൌ
ചി, ശാവാശൌചി, എന്നിവർ ആൎക്കും, ശാവാശൌ
ചികൾതന്നെ തങ്ങളിലും, വിളമ്പി കൊടുക്കുക കുടിയ്ക്കു
നീർ വീഴ്ത്തുക ഇവ ചെയ്യരുതു.

൭൮. പുലയിൽ പൂണനൂൽ പൊട്ടിയാൽ.

പുലയിൽ പൂണനൂൽ മുറിഞ്ഞാൽ, ശുദ്ധമായി പി
രിപ്പിച്ച്, അപ്പോൾ സമന്ത്രമായി ധരിക്കുക. അപ്പോ
ൾ മന്ത്രത്തോടു കൂടാതെ ധരിച്ച്, പുല പോയാൽ മന്ത്രം
ചൊല്ലി ധരിയ്ക്കണമെന്നു ചിലർ അഭിപ്രായപ്പെടുന്നു

ഈ പക്ഷത്തിൽ പിണ്ഡകർത്താവു പിണ്ഡാനന്തരം പു ണ്യാഹം കഴിഞ്ഞാൽ മന്ത്രത്തോടുകൂടി ഒരു പൂണൂനൂൽ കൂടി ധരിക്കേണ്ടതുമാകുന്നു. ഈ അഭിപ്രായമത്രെ പല രും സ്വീകരിക്കുന്നതു.

൨൯. ക്ഷൌരനിമിത്തം.

ഗണഹോമമദ്ധ്യത്തിലും, ഗർഭദീക്ഷയിലും, അന്ത്യ ദീക്ഷകളിലും, മാതാപിതാക്കന്മാർ മരിച്ചാൽ, തദംഗ മായ ക്ഷൌരം ചെയ്യിക്കാം. ഒത്തമ്മ, വലിയമ്മ, ചെ റിയമ്മ, പിതൃവ്യാദിഗുരുഭൂതന്മാർ, ഭാര്യ, അനുജൻ, പു ത്രൻ, ഇവരുടെ മരണത്തുങ്കൽ മേൽപ്പറയപ്പെട്ടവർ ക്ഷൌരം ചെയ്യിക്കരുതു. പിതൃവ്യാദികളുടെ മരണത്തു ങ്കൽ പിണ്ഡം വെപ്പാനാളില്ലെങ്കിൽ തദംഗമായ ക്ഷൌ രം ചെയ്യിക്കാം എന്നും ചിലർ പറയുന്നു. സംസ്കരി ക്കാമെന്നു മററു ചിലരും അഭിപ്രായപ്പെടുന്നു. മഹാനാ മ്ന്യാദിവ്രതംകൊണ്ടിരിക്കുന്ന ബ്രഹ്മചാരി, മാതൃദീക്ഷി തൻ, ചൌളം കഴിയാത്തവൻ, ചാതുർമ്മാസ്യവ്രതധാരി എന്നിവർ ഒരു ഹേതുകൊണ്ടും ക്ഷൌരം ചെയ്യിച്ചുകൂടാ. നേരെ അച്ഛന്റെ ദീക്ഷയിൽ അമ്മ മരിച്ചാൽ ക്ഷൌ രം ചെയ്യിക്കണമെന്നും അമ്മയുടെ ദീക്ഷയിൽ അച്ഛൻ മരിച്ചാൽ ക്ഷൌരം ചെയ്യിച്ചുകൂടന്നും ഉള്ളതു ഒരു പ്ര ത്യേകവിധിയാകുന്നു. നാരായണബലി കർത്താവു തദംഗ മായ ക്ഷൌരമല്ലാതെ നിത്യക്ഷൌരം ചെയ്യിക്കരുത്. അവിടെയും അഫനമ്മമാരുടെ മരണം പ്രമാണിച്ച്

ക്ഷൌരം ചെയ്യിക്കണം. വിവാഹദീക്ഷയിൽ പിണ്ഡം വെയ്ക്കേണ്ടതായാൽ ക്ഷൌരമാകാം. പിണ്ഡാംഗമാകുന്നു ക്ഷൌരം. ക്ഷൌരത്തടവിൽ ബലാബലം അനുസരിച്ചു അതു കൂടാതെയും പിണ്ഡം വെയ്ക്കാമെന്നും അഭിപ്രായക്കാരുണ്ടു.

ഗുരുത്വമേറിയവർ മരിച്ച ദീക്ഷയിൽ ഗുരുത്വം കുറഞ്ഞവർ മരിച്ചാൽ ക്ഷൌരം ചെയ്യിയ്ക്കരുതു. ഗുരുത്വം കുറഞ്ഞ ദീക്ഷയിൽ ഗുരുത്വമേറിയവർ മരിച്ചാൽ ക്ഷൌരം ചെയ്യിയ്ക്കണം. ഗുരുത്വം സമമാണെങ്കിൽ ക്ഷൌരം ചെയ്യിയ്ക്കുകയും വേണ്ട. ഇങ്ങനെ ഇതിന്നു പക്ഷഭേദങ്ങളും കാണുന്നുണ്ടു.

അഗ്നിഷ്ടോമം, മുതലായ യാഗം, "സമ്മിതം" എന്ന വ്രതം, കൂശ്മാണ്ഡിഗണഹോമം, പുനരാധാനം, ഇതുകൾ തുടങ്ങുന്ന അവസരത്തിലും, ഗർഭദീക്ഷയുള്ളവന്നു ക്ഷൌരം ചെയ്യിക്കാം. ഉപനിച്ചാൽ ശേഷിച്ചചാരുന്നതിന്നുമുമ്പു പുനരുപനയനം വേണ്ടിവന്നാൽ ക്ഷൌരം ചെയ്യിക്കാം. ചെയ്യേണമെന്നില്ലന്നും പക്ഷാന്തരമുണ്ടു.

നാ. കൊട്ടുബലിപ്പിഴ.

ഇതു പിഴച്ചാൽ അറിയും ദിവസം ഉദകവും, ബലിയും, ഒക്കെ ആവൎത്തിയ്ക്കുക. ബലി പിഴച്ചതു അപ്പോൾ അറികിൽ അപ്പോൾ തന്നെ ആവൎത്തിച്ചാൽ മതി. ആവൎത്തിക്കുമ്പോൾ പട്ടു വേറെ നാട്ടുക ഉത്തമം, പട്ടു നാട്ടിയതിന്നു വലിയ അശുദ്ധി വന്നാൽ പട്ടു കള

ഞ്ഞു കുളിച്ച് വീണ്ടും പട്ടനാട്ടി ബലി ഇട്ടുകൊൾക. ഇത്യാദികൾക്ക വിശേഷിച്ച പിണ്ഡത്തുന്നാൾ പത്തുദ്ദാനങ്ങൾ ചെയ്ക. ദശാഘബലിക്കു കല്ല് മാറിക്കൂടാ എന്നു നിശ്ചയമുണ്ടു.

൩൧. കൊട്ടുബലിക്കു കൂടൽ.

ചില പിണ്ഡകർത്താക്കന്മാർ കൊട്ടുബലി ചെയ്തിരിക്കുമ്പോൾ മററു പിണ്ഡകർത്താക്കന്മാർ വന്നു ചേർന്നാലും അവരും ആ പട്ടയിൽ തന്നെ ബലി ഇട്ടു തുടങ്ങുകയേ വേണ്ടു. പത്താംദിവസം പട്ട പറിച്ചശേഷം പന്ത്രണ്ടാം ദിനത്തിനകം ഇപ്രകാരം വന്നു ചേർന്നാൽ അവർ വേറെ പട്ടനാട്ടി ബലിയിട്ടു ക്രമത്തിനു പിണ്ഡവും വെയ്ക്കേണം. ഇവൎക്കും ക്രിയ ക്രമീകരിച്ചാൽ എല്ലാ കർത്താക്കന്മാരും കൂടി ദീക്ഷിയ്ക്കയുമാകാം.

൩൨. രണ്ടു കൊട്ടുബലി.

സംസ്കാരസഞ്ചയനങ്ങൾ മരണക്രമത്തിനാണല്ലോ. എന്നാൽ ഉദകബലികൾ ഗുരുക്രമത്തിനു ചെയ്യേണ്ടതാകുന്നു. ഒരു ഉദകബലി കഴിഞ്ഞു കുളിച്ചു മററുദകബലി ചെയ്യുക. പ്രത്യേകകുളി വേണ്ടെന്നും പക്ഷം ഉണ്ടു. രണ്ടു കൊട്ടുബലി ഒരു മുററത്തിടുമ്പോൾ മറച്ചു കെട്ടേണ്ടതാകുന്നു. പട്ട രണ്ടും മാററിയ ശേഷമെ മാററുതൊട്ടു കുളി വേണ്ടതായിട്ടൊള്ളൂ. പട്ടയ്ക്കു ശുദ്ധി പാററിയാൽ അതു കളഞ്ഞു കുളിച്ചു മററുപട്ട നാട്ടി മുറയ്ക്കു ഇട്ടുകൊള്ളുക. പച്ച പുല്ല കൂടിയാൽ സമാപ്തി പുല്ലയിലെ മാററു

തൊട്ടു കുളിക്കേണ്ടതായിട്ടൊള്ളു. ഇങ്ങിനെ വരുമ്പോൾ മററുപുലയില്ലാത്ത കൎത്താക്കൾ ബലി കഴിഞ്ഞാൽ കുളി കഴിച്ചേ ഭക്ഷണം ചെയ്യാൻ പാടൊള്ളു. പല പുല കൊണ്ടു ഉദകദശാഹങ്ങൾക്കു മുടക്കമില്ല. കവ്യവും ഉപകരണങ്ങളും എല്ലാം പ്രത്യേകംതന്നെ വേണം. ദാഹകന്മാരും സപിണ്ഡന്മാരും മററും അന്യോന്യം സ്പൎശിക്കരുതു. കൎത്താക്കൾക്കു ക്രിയയിൽ തൊടുകയും ചെയ്യാം. പത്താംദിവസം എപ്പോൾ കേട്ടാലും അപ്പോൾ ഉദകദശാഹങ്ങൾ തീൎത്തു ചെയ്തു് പതിനൊന്നാം ദിവസം പിണ്ഡം വെയ്ക്കണം. പത്തിനു മുമ്പു കേട്ടാൽ പിററാ ദിവസം നേരത്തെ അതുവരെ തീൎത്തു ഉദകദശാഹങ്ങൾ ചെയ്തു മുറസ്സു ചെയ്യുക. മേൽവിവരിച്ചവയ്ക്കെല്ലാം — സകല ന്യൂനതകൾക്കും പിണ്ഡദിവസം ബഹുതപമായി പശുദാനം ചെയ്തുകൊള്ളുക. അപരരാത്രത്തിലും, സന്ധ്യക്കും, ഉദകദശാഹങ്ങൾ ചെയ്യരുത്. രണ്ടു ഏകാദശപിണ്ഡം ഒരു സ്ഥലത്തു ചെയ്യരുതു. സപിണ്ഡസോദകന്മാരുടെ ആണെങ്കിൽ നടത്തുകയും ചെയ്യാം. കൎത്താവ് ഒന്നാണെങ്കിൽ ഗുരുക്രമത്തിനു ഒരു ക്രിയ ചെയ്തു് കുളിച്ചു മറേറതും മുറസ്സു ചെയ്യുക. ഇപ്രകാരമുള്ള ഒരു ഉദകദശാഹത്തിന്റെ പത്താം ദിവസം മററുദകദശാഹത്തിന്റെ ഇടയ്ക്കുള്ള ഏതു ദിവസമായിരുന്നാലും, അതിന്റെ പത്താം ദിവസംവരയുള്ള ഉദകദശാഹങ്ങൾ കൂടി ചെയ്തുതീൎത്തു്, കററികൾ മാററി മററുടുത്തു കുളി

ച്ചു പിറേറദിവസം ആദ്യത്തെതിന്റെ പിണ്ഡവും, മറേറതിന്റെ പതിനൊന്നാംദിവസം അതിന്റെ പിണ്ഡവും വച്ചു, പുണ്യാഹാനന്തരം ദീക്ഷിയ്ക്കുക. ആദ്യത്തെതിന്റെ ദീക്ഷ — ബലിയ്ക്കൽ — മുടക്കം തീൎത്ത് പിണ്ഡം വെക്കയും ചെയ്യേണ്ടതാകുന്നു.

### ൩൩. ചിതഅശുദ്ധി—സഞ്ചയനം.

സഞ്ചയനദിവസം ചില ഭാഗം ദഹിയ്ക്കാതെ കണ്ടാൽ ചിതയിൽ തീകൂട്ടി ദഹിപ്പിച്ചശേഷം സഞ്ചയനം ചെയ്യുണം. ചണ്ഡാളാദിസ്പൎശനംകൊണ്ടു അശുദ്ധിപ്പെട്ടാൽ അസ്ഥി വാരി നദിയിൽ ഒഴുക്കി സ്ഥലം വെട്ടി മൂടിക്കൊള്ളുക. ഇതിനു പിണ്ഡദിവസം വളരെ പശുദാനം ചെയ്യേണ്ടതുമാകുന്നു. ശ്മശാനം പ്രേതശുദ്ധി ചെയ്ത് സഞ്ചയനം ചെയ്യാമെന്നും ചിലർ അഭിപ്രായപ്പെടുന്നു. സഞ്ചയനത്തിനു മുമ്പു ഗ്രഹണമുണ്ടായാൽ, കുശോദകമോ പഞ്ചഗവ്യമോ, ദൎഭോദകമോ, കൊണ്ടു പുണ്യാഹം ഒരു ബ്രാഹ്മണനെക്കൊണ്ടു തളിപ്പിച്ചു ശുദ്ധിവരുത്തി സഞ്ചയനം ചെയ്യാം. കാഷ്ഠാദികളെക്കൊണ്ടു അശുദ്ധിപ്പെട്ടാൽ ഒരു ബ്രാഹ്മണൻ അതു കളഞ്ഞു ചാണകനീർ തളിച്ചാൽ മറെറാരു ബ്രാഹ്മണനെക്കൊണ്ടു പുണ്യാഹം തളിപ്പിച്ചു സഞ്ചയനം ചെയ്യുക. ചിത വൃത്തീകരിച്ച ബ്രാഹ്മണൻ മാററു തൊട്ടു കുളിച്ചു പുണ്യാഹമേററു ശുദ്ധമായിക്കൊള്ളുക. തീണ്ടൽകൊണ്ടു അശുദ്ധിപ്പെട്ടാലും പുണ്യാഹംകൊണ്ടു ശുദ്ധിവരും. പുല കഴിഞ്ഞിട്ടു സഞ്ച

യനം നടപ്പില്ലങ്കിലും, ചെയ്യുന്നു എങ്കിൽ ചാത്തം, മാസം, ഇവ ഊട്ടണ്ട. ദിവസങ്ങൾ കഴിച്ചു ചെയ്തു കൊള്ളുക. ഇപ്രകാരം ചെയ്യുമ്പോൾ സഞ്ചയനമാസം പ്രത്യേകമൂട്ടണം. സഞ്ചയനം ചെയ്യുന്നതുവരെ കർത്താക്കന്മാർ ഉപ്പുപുല ആചരിക്കണം. സഞ്ചയനം അന്യന്മാരാണ് ചെയ്യുന്നതെങ്കിൽ സഞ്ചയനപിണ്ഡം വേണ്ടതാനും. തദംഗമായ ഉദകം ചെയ്കയും വേണം. അയാൾ മാററുടുത്തു കുളിച്ചു പുണ്യാഹമേറേറ ശുദ്ധനാകയുള്ളു.

൯൪. സഞ്ചയനം മറന്നാൽ.

സഞ്ചയനം ചെയ്വാൻ മറന്നു പോയാൽ ഓക്കുമ്പോൾ ചെയ്തു് പ്രായശ്ചിത്തവും ചെയ്തുകൊൾക. സപിണ്ഡിച്ചശേഷമാണ് അറിയുന്നതെങ്കിൽ അപ്പോൾ കുളിച്ചു ബഹുതപമായി പശുദ്ദാനം ചെയ്തുകൊള്ളുക.

൯൫. പുലപോയ ദശാഹം.

പുല പോയിട്ടു രണ്ടു ദശാഹം ഒരുമിച്ചു വന്നാൽ ഗുരുക്രമത്തിനു ഒന്നു കഴിഞ്ഞ് മാററുടുത്തു കുളിച്ചു പുണ്യാഹം. അനന്തരം മറേറ ഉദകബലികളും ചെയ്തു മാററുടുത്തു കുളിച്ചു പുണ്യാഹം. പിന്നെ യഥാവിധി ഗുരുക്രമത്തിനു പിണ്ഡം വച്ചുകൊള്ളുക. ഒരു പിണ്ഡം കഴിഞ്ഞാൽ പുണ്യാഹം കൂടി ചെയ്തു മറേറപിണ്ഡം തുടങ്ങണമെന്നും പക്ഷം കാണുന്നു.

൯൬. ജാതകർമ്മത്തിനു മുമ്പു ഏകാദശപിണ്ഡം.

ജാതകർമ്മം കഴിക്കും മുമ്പ് അച്ഛനൊ, അമ്മയൊ

ഏകാദശപിണ്ഡം വയ്ക്കേണ്ട വിഷയം വന്നാൽ പതിന്നൊന്നാം ദിവസം ശുദ്ധപുണ്യാഹമേറ്റ് ജാതകർമ്മാ കഴിച്ച് ഉദകദശാഹങ്ങൾ വേണ്ടുകിൽ അതും ചെയ്തു മുറക്കു പിണ്ഡംവച്ചുകൊള്ളുക.

൯൮. വിവാഹദീക്ഷയിൽ പിണ്ഡം.

വിവാഹദീക്ഷയിൽ വധൂവരന്മാർ പിണ്ഡം വെയ്ക്കേണ്ടതായി വന്നാൽ പിണ്ഡത്തുന്നാൾ മുറയ്ക്കു പിണ്ഡം വച്ചു കുളിച്ചുകൊള്ളുക. അനന്തരം ദീക്ഷ മടക്കി കഴിഞ്ഞാൽ മുട്ടിയ ശ്രാദ്ധാദി ഊട്ടി മുറയ്ക്കു ദീക്ഷിച്ചുകൊൾക. പത്നിയാണു പിണ്ഡകർത്രി എങ്കിൽ — കുളി പാറുന്നതുകൊണ്ടു അന്നാദിഷ്ടം ചെയ്യണം. പതിക്കാണു ദീക്ഷ എങ്കിൽ ശേഷവും മറ്റും മുറയ്ക്കു ചെയ്യാം. ബലിക്കു ഉടുത്തുകെട്ടു മാറി അലക്കിയതോ — ദേശാചാരം പോലെ മുക്കിയുണങ്ങിയതോ ആയ വസ്ത്രം ഉടുക്കേണ്ടതാകുന്നു.

൯൯. സ്ത്രീകൾ പിണ്ഡം വെയ്ക്കൽ.

സ്ത്രീകൾ സാധാരണ ക്രിയാധികാരിണികളല്ലല്ലോ. അവർ സ്വന്തം അച്ഛൻറെയും, അമ്മയുടെയും, ഭർത്താവിൻറെയും, പിണ്ഡംവച്ചു ദീക്ഷിച്ചു ബലി ഇടുകയേ വേണ്ടു. അവർ ഒരു വിധത്തിലും സംസ്കാരാത്യുദകദശാഹ സപിണ്ഡികൾ ചെയ്യേണ്ടതായിട്ടില്ലത്രെ. ഇവരുടെ പിണ്ഡം സ്വന്തം ആൺമക്കളോടും, ഇല്ലെങ്കിൽ തനിച്ചും ചെയ്കയാണു സാധാരണ. ആൺമക്കൾ ഇല്ലാത്തവരും

ഭർത്താവിൻെറ പിണ്ഡം, വേറൊരാൾ വെയ്ക്കയുമാണെങ്കിൽ— മററുസപിണ്ഡന്മാർ അതിൻെറ പിന്നാലെ പിണ്ഡം വെയ്ക്കയും മററും ചെയ്യു. പുറം തൊടങ്ങതായ ഘട്ടത്തിൽ പുല്ലുകൊണ്ടു ആ ആളിൻെറ പുറം തൊടാമെന്നും ആണ് വൈദികമതം.

മംഗല്യസ്ത്രീകളും, കന്യകമാരും, പിണ്ഡം, ബലി, ദീക്ഷ, മുതലായതു കിഴക്കോട്ടു മന്ത്രം കൂടാതെ ചെയ്കയാണു പതിവ്. കുറുമ്പുല്ല്, തുളസിപ്പൂവ്, അക്ഷതം, ഇവയാണ് അവക്കു ബലിക്കവേണ്ടത്. ദീക്ഷ നാല്പത്തൊന്നിനു നിൎത്തി ഇടമാസം ഊട്ടി, മാസദിവസം ദീക്ഷ വീടിയാൽ മതി. ഭൎത്താവു ഇല്ലെങ്കിൽ ഇവർ സംവത്സരം നിത്യബലി ഇട്ടു ദീക്ഷിക്കേണ്ടതാകുന്നു.

൩൯. ആശൌചപിണ്ഡം.

അന്യന്മാർ ഉപനിച്ചാൽ ആ ആൾ മരിക്കുമ്പോൾ ക്ഷൌരം ചെയ്ത് കുളിച്ചു പതിനൊന്നാം ദിവസം പിണ്ഡവും വെച്ച് പന്ത്രണ്ടാം ദിവസം ഒരു ദാനം ചെയ്തു വീടുക. അച്ഛനല്ലാതെ സപിണ്ഡസോദരിൽ ഒരാൾ ഉപനിച്ചാൽ ഉദകക്രിയാദി ചെയ്തു പതിനൊന്നാം ദിനം പിണ്ഡം വച്ചു പന്ത്രണ്ടാം ദിവസം വീടണം. ഈ സന്ദൎഭത്തിൽ ബ്രഹ്മചാരി എന്നു വരികിൽ ഉദകക്രിയാദി അന്യരെക്കൊണ്ടു ചെയ്യിച്ച് മുറെക്കു പിണ്ഡം വച്ചു പന്ത്രണ്ടിനു ദീക്ഷ വീടുക.

### ൪൦. സർവ്വസ്വദാനത്താലും മററും പിണ്ഡം വെയ്ക്കൽ.

സർവ്വസ്വദാനം മുതലായവയാൽ പുത്രനായി വരി
യ്ക്കപ്പെട്ടവൻ സംസ്കാരം ചെയ്തു അവിടെ ഉദകക്രിയയും
മററും ചെയ്തു മാററുടുത്തു കുളിച്ചു പുണ്യാഹം ഏൽക്ക
ണം. ദത്തു, ശാസ്ത്രവിധി പ്രകാരമല്ലാത്തതിനാൽ പു
ലയില്ലാത്തതുകൊണ്ടു ദിവസവും പുണ്യാഹം ചെയ്യണം.
പുണ്യാഹാനന്തരം അന്യ[illegible]ത്തിൽ വച്ചു ശ്രാദ്ധം വ
ന്നാൽ ഊട്ടാം. അല്ലെങ്കിൽ എല്ലാദിവസത്തേയും ഉദക
ക്രിയ, കൊട്ടുബലികൾ, പത്താംദിവസം ഒന്നായി ചെ
യ്തു മാററുടുത്തു കുളിച്ചു പുണ്യാഹം ചെയ്താലും പോരാ
ഴികയില്ലാ. പതിനൊന്നാം ദിവസം പിണ്ഡവും വെ
യ്ക്കണം. മേൽ വിവരിച്ച അശാസ്ത്രീയദത്തന് ഒരു ദീ
ക്ഷയുള്ളപ്പോൾ മേൽപ്രകാരം ചെയ്യേണ്ടി വന്നാൽ,
സംസ്കാരസഞ്ചയനം, ഉദകബലികൾ മറെറാരാളെക്കൊ
ണ്ടു ചെയ്യിച്ചു, താൻ പിണ്ഡം മുതൽക്ക് ചെയ്യുകയും
വേണം. ദത്തൻ മരിച്ചാൽ സംസ്കാരാനന്തരം, രണ്ടി
ല്ലത്തും— ദത്തു കൊടുത്ത പിതാവും, കൊണ്ട പിതാവും
ദശാഹാദി പിണ്ഡം വെയ്ക്കണം.

### ൪൧. പഞ്ചപുലയില്ലാത്ത പിണ്ഡകർത്തവ്യം.

കന്യകയുടേയും, ഉപനയിക്കാത്ത ഉണ്ണിയുടെയും,
മരണത്തുങ്കൽ ഇപ്രകാരമുള്ള പിണ്ഡകർത്താവു സംസ്ക
രിച്ചാൽ, ഒരു പുലക്കാരനെങ്കിൽ അന്നു തന്നെ എല്ലാ
ദിവസത്തേയും ഉദകക്രിയ, കൊട്ടുബലികൾ, ചെയ്ത്

മാറുകതൊട്ടു കളിച്ചു, മന്ത്രസ്നാനം ചെയ്തു മന്ത്രത്തോടു കൂടി നിത്യകൎമ്മം ചെയ്തിരിക്കുക. മൂന്നു പുലക്കാരനെങ്കിൽ ഒന്നും, രണ്ടും, ദിവസം ഓരോ ഉദകക്രിയയും ബലിയും, മൂന്നാംദിവസം ബാക്കി മുഴുവനും ചെയ്തു നാലാംദിവസം മാറ്റുടുക്ക മുതലായതു ചെയ്തു മന്ത്രത്തോടു കൂടി നിത്യകൎമ്മം ചെയ്തു ഇരിക്കുക. പതിനൊന്നാം ദിവസം പിണ്ഡവും വച്ചു ദീക്ഷിച്ചു വിടികൊള്ളുക. സംസ്കാരത്തിനു കൂടാത്ത സോദകൻ പിണ്ഡകൎത്താവായി വന്നാൽ തന്റെ മൂന്നു പുലയിൽ ഒന്നാംദിവസം മൂന്നും, രണ്ടാംദിവസം നാലും, മൂന്നാം ദിവസം മൂന്നും, ദിവസങ്ങളിലെ ഉദകക്രിയാദി ചെയ്തു മേൽവിവരിച്ച വിധം ഇരുന്നു പതിനൊന്നാം ദിവസം പിണ്ഡം വച്ചു ദീക്ഷിക്കുക എന്നും പക്ഷമുണ്ടു.

൪൨. പിണ്ഡവും ശ്രാദ്ധവും.

ഇവ ഒന്നിലധികം ഒരു ദിവസം വന്നാൽ അച്ഛൻ, അമ്മ, അഫൻ, മാതൃസപത്നി, തന്റെ പത്നി, പുത്രൻ, സഹോദരൻ, മുത്തച്ഛൻ, മുത്തശ്ശി, അമ്മാത്തു മുത്തച്ഛൻ, മുത്തശ്ശി ഈ ക്രമത്തിനു ഊട്ടിക്കൊള്ളുക. ഈ ക്രമത്തിനു — എന്നു താല്പൎയ്യം — അഫന്റെ പിണ്ഡം മാതാമഹപിണ്ഡത്തിനു (മാതാവിനു — നോട്ടു) മുമ്പു എന്നും പുത്രന്റെ പിണ്ഡം പത്നിയുടെ പിണ്ഡത്തിനു മുമ്പു എന്നും ചിലർ അഭിപ്രായപ്പെടുന്നു. ഇതിനു മറു അഭിപ്രായങ്ങളുമുണ്ടു. ഒരുപോലെ ഗുരുത്വമുള്ളവ ഒന്നി

ലധികം ഉണ്ടായാൽ പ്രായം കൂടിയവരുടേത് മുമ്പു ചെയ്തു കൊള്ളേണ്ടതുമാകുന്നു. മരിച്ച ആളിന്നു പുത്രനില്ലെങ്കിൽ മാത്രമെ അച്ഛന്നു പിണ്ഡകർത്തൃത്വമൊള്ളു. പുത്രനും, പിതാവും, ഇല്ലെങ്കിൽ ഭ്രാതാക്കന്മാർ പിണ്ഡകർത്തൃത്വമുള്ളവരാകുന്നു. അവരുമില്ലെങ്കിൽ പിന്നീട്ട അടുത്തവർ പിണ്ഡാധികാരികളാകുന്നു അച്ഛനില്ലെങ്കിൽ അച്ഛൻ വയ്ക്കേണ്ടതായ പിണ്ഡം പുത്രൻ വയ്ക്കേണ്ടതാകുന്നു. ആണുങ്ങളും, പെണ്ണുങ്ങളും, കൂടി പിണ്ഡം വയ്ക്കുന്നിടത്ത് ഒടുവിൽ പിണ്ഡം വയ്ക്കേണ്ടതു പെണ്ണുങ്ങൾ ആകുന്നു. അമ്മേടെ പിണ്ഡം വയ്ക്കുന്നിടത്തു അച്ഛൻ പുത്രന്മാരുടെ പിന്നാലെ ആണ് പിണ്ഡം വയ്ക്കുക. സ്ത്രീകൾ തനിച്ച് പിണ്ഡം വയ്ക്കുന്നിടത്തു പ്രത്യേകം പുല്ലിൽ വെക്കുകയേ പാടൊള്ളു. രണ്ടു ചടങ്ങിനാൽ ശ്രാദ്ധം ഒരു ദിവസം ഉണ്ടായാൽ ഒന്നു ചെയ്ത് കുളിച്ച് മറ്റെതും ചെയ്യുക. സപിണ്ഡിക്കും ഇതു തന്നെ ന്യായം.

൪൩. പിണ്ഡം വയ്ക്കേണ്ടാത്തതു.

പതിതന്റെയും, സന്ന്യാസിയുടെയും, പിണ്ഡം വെയ്ക്കേണ്ടാ. പതിതൻ കൈകൊട്ടുന്നതിന്നു മുമ്പു മരിച്ചാൽ, ശൂദ്രരെക്കൊണ്ടു ദഹിപ്പിച്ച്, പുനസ്സംസ്കാരം, ഉദകബലികൾ ചെയ്തു (പടിയടച്ച്) പിണ്ഡം വച്ചു പന്ത്രണ്ടാം ദിവസം ദീക്ഷ വിടാം. കൈകൊട്ടിയതിന്നു ശേഷം മരിക്കുന്നു എങ്കിൽ ഒന്നും ചെയ്യേണ്ടതുമില്ലല്ലോ. സംസ്കാരാദി ചെയ്യാമെന്നും ചിലർ പറയാതിരിക്കുന്നില്ല. മേ

ൽവിവരിച്ചപ്രകാരം ശുദ്ധരെക്കൊണ്ടു ദഹിപ്പിച്ചു പുനസ്സംസ്കാരം തുടങ്ങി ചെയ്യാമെന്നു മറ്റുചിലരും അഭിപ്രായപ്പെടുന്നു.

### ൪൮. കൂടിയാൽ കൂടാവുന്നതും അല്ലാത്തതും.

ഏകോദിഷ്ടം വാങ്ങിയവൻ, ഉണ്ടവൻ, ചെയ്തവൻ, ഇവർ ആ ദിവസം ഒന്നിനും കൂടരുത്. പ്രായശ്ചിത്തം വാങ്ങിയവൎക്ക്, കുളിച്ചാൽ, എല്ലാക്രിയകൾക്കും കൂടാം. ശ്രാദ്ധം, ചടങ്ങിനാൽശ്രാദ്ധം, സപിണ്ഡി, ഇവയ്ക്കു ഭക്ഷണം ചെയ്യുകയുമാവാം.

### ൪൯. പുലയിൽ ക്രിയ.

സ്ഥാലീപാകം, ഔപാസനം, വേളി, ഇവ വിവാഹം ചെയ്ത ആളിന്നു പുലയുള്ളപ്പോൾ ചെയ്തുകൂടാ. പത്നിക്കു മാത്രം പുലയുള്ളപ്പോൾ ഔപാസനം ചെയ്യാം. സ്ഥാലീപാകം പാടില്ലതാനും. പത്നിക്കു മാത്രപ്പുലയാണെങ്കിൽ സ്ഥാലീപാകവും ചെയ്യാമെന്നു ചിലർ പറയുന്നു. പാടില്ലെന്നു ചിലർ അഭിപ്രായപ്പെടുന്നു. പുല കഴിഞ്ഞ്, തൻമൂലം മുടങ്ങുന്നതു ആവൎത്തിക്കയും പതിവില്ല. അഷ്ടകാപാൎവ്വണകാലങ്ങളിൽ പുലയുണ്ടായാൽ അതു കഴിഞ്ഞ് ഇവ ചെയ്യാം. കാലം കഴിഞ്ഞതു അഷ്ടകാദി ചെയ്യേണ്ടതല്ലെന്നു ചില ആചാൎയ്യന്മാർ പറയുന്നു. ഭാൎയ്യാഭൎത്താക്കന്മാൎക്ക് ഉപ്പുപുലയുള്ള കാലത്തും ചെയ്യാൻ പാടില്ല. അഗ്നിഹോത്രി, പുലയിൽ കുളിച്ചു സന്ധ്യാവന്ദനം ചെയ്ത് മന്ത്രസ്നാനം ചെയ്തു അഗ്നി

ഷോത്രം ചെയ്യാം. അങ്ങിനെ ചെയ്യുമ്പോൾ തീ മൂടി കഴിഞ്ഞ ക്രിയ മുടിയാൻ പാടൊള്ളൂ. അല്ലെങ്കിൽ മറെറാരാൾ തീ മൂടേണ്ടതാകുന്നു. ശ്രൌതസ്മാൎത്തങ്ങളായ കൎമ്മങ്ങളുടെ ഇടയിൽ, പുല വാലായ്മ കേട്ടാൽ, മന്ത്രസ്നാനം ചെയ്തു ആ ക്രിയ അവസാനിപ്പിക്കാം. ഈ സമയം പുല ഇല്ലെന്നു താല്പൎയ്യം. താന്ത്രികങ്ങൾക്കു കൎത്തൃനിയമമില്ലാത്തതിനാൽ പുല കേൾക്കുന്ന ഘട്ടത്തിൽ മറെറാരാൾ ക്രിയ മുഴുവനാക്കിക്കൊള്ളുകയും ചെയ്യാം.

൪൬. അതികാലാശൌചം.

പുല കഴിഞ്ഞ് മരണം കേട്ടാൽ കൊള്ളേണ്ടതായ പുലയിൽ ഒന്നാംദിവസം ഒരു ദിവസത്തേയും, രണ്ടാം ദിവസം നാലുദിവസത്തേയും, മൂന്നാം ദിവസം അഞ്ചു ദിവസത്തേയും, ഉദകബലികൾ ചെയ്തു മാറുടുത്തു കുളിച്ചു നാലാം ദിവസം പിണ്ഡവും വച്ചു, അന്നുവരേയുള്ള മാതൃശ്രാദ്ധം, ഇടമാസം, ഇവ ഊട്ടിക്കൊള്ളുക. അനന്തരം മുറയ്ക്കു ദീക്ഷയും ചെയ്യുക. ഒരു വൎഷം കഴിഞ്ഞു മരണം കേട്ടാൽ, പിണ്ഡദിവസം തന്നെ ദീക്ഷവിടുകയും പിറെറദ്ദിവസം സപിണ്ഡി ഊട്ടുകയുമാവാം. അതികാലാശൌചമില്ലാത്തവൻ പിണ്ഡകൎത്താവാണെങ്കിൽ ഒരാണ്ടു കഴിഞ്ഞു കേട്ടാൽ അന്നുതന്നെ ഉദകദശാഹാദി സപിണ്ഡ്യന്തം ചെയ്യാം. സപിണ്ഡി ചെയ്യുന്നതു പിറെറദ്ദിവസവുമാവാം. പിണ്ഡദിവസം സപിണ്ഡി ചെയ്യുന്നതു മദ്ധ്യമമെന്നും പക്ഷമുണ്ടു്. മരിച്ച മാസം, അ

സമയത്തെ നക്ഷത്രതിഥികൾ ഇവ നിശ്ചയമില്ലാത്ത വ
ൎഷംതോറും, ആണ്ടുബലി കൎക്കടകത്തിലെ കറുത്ത വാവി
ന്ന ചെയ്യുക. കുംഭമാസത്തിൽ ചെയ്യണമെന്നും മറ്റു
പല പക്ഷവും കാണ്മാനുണ്ടു. ദേശാന്തരം പോയവന്റെ
ശതാബ്ദവൃത്തിക്കു ശേഷം പുനസ്സംസ്കാരം ചെയ്ത് മേ
ത്ത വിവരിച്ച വിധം മൂന്നു പുലകൊണ്ടു ഉദകക്രിയാദി
സപിണ്ഡിവരെ ചെയ്യേണ്ടതുമാകുന്നു. ഏതു വിധത്തി
ലായാലും സംസ്കാരം കഴിഞ്ഞിട്ടില്ലെങ്കിൽ പുനസ്സംസ്കാ
രം ചെയ്ത് ഉദകബലി തുടരേണ്ടതുമാകുന്നു.

### ൪൭. ഉപ്പുപുലയിൽ ശ്രാദ്ധാദി.

ഉപ്പുപുലയിൽ ശ്രാദ്ധമൂട്ടാം. ഉണ്ണരുത്. പതി
ക്കു സ്വന്തം അച്ഛനമ്മമാർ മരിച്ചു, മൂന്നു പുല കഴിഞ്ഞു
പിണ്ഡം വെക്കുന്നതിനു മുമ്പുള്ള ഉപ്പുപുലയിൽ, സ്ഥാ
ലീപാകം, ഔപാസനഹോമം, വൈശ്വദേവം, ദർശപൗ
ൎണ്ണമാസം ഇവ ചെയ്യുന്നതു മദ്ധ്യമമാകുന്നു. ശ്രാദ്ധമൂ
ട്ടാം — എന്നു വേണ്ടാ — മൂന്നു പുലകൊണ്ടു പിണ്ഡം വെ
ക്കുന്നവൎക്കെല്ലാം — മൂന്നു ദിവസം കഴിഞ്ഞ് പിണ്ഡം
വെക്കേണ്ട പതിനൊന്നാം ദിവസത്തിന്റെ ഇടക്ക ശ്രാ
ദ്ധമൂട്ടേണ്ടതായി വന്നാൽ ഊട്ടാം. എന്നാൽ ഭാൎയ്യ
യുടെ മാതാപിതാക്കന്മാരുടെയും, ആചാര്യന്റെയും പി
ണ്ഡം വെക്കുന്നവർ മാത്രമേ ഈ അന്തരാളത്തിൽ ശ്രാ
ദ്ധമൂട്ടേണ്ടതായി വന്നാൽ ഊട്ടാൻ പാടൊള്ളൂ. എന്നാ
ണ് മറ്റു ചില വിദ്വാന്മാരുടെ അഭിപ്രായം. ശ്രദ്ധി

പ്രായഭേദമുള്ള കാൎയ്യങ്ങൾക്കു ഭംഗിയും അതാതു ദേശനടപ്പും നോക്കി ചെയ്യുകയേ നിവൃത്തിയൊള്ളൂ. സ്വതന്ത്രമായി നിത്യകൎമ്മം ചെയ്യാം.

൪൬. ദീക്ഷയിൽ ക്രിയ.

തറവാട്ടിൽ പ്രേതദീക്ഷയുള്ളപ്പോൾ ദീക്ഷയില്ലാത്ത ആളിന്ന അഷ്ടക ചെയ്യാം. പാൎവ്വണം ചെയ്തുകൂടാ. മാതാമഹദീക്ഷയിൽ ദീക്ഷയില്ലാത്തവൎക്കു രണ്ടും ചെയ്യാം. ഭാൎയ്യക്കു ദീക്ഷയുള്ളപ്പോൾ ഇവ ചെയ്യേണ്ടി വന്നാൽ നിത്യബലി കഴിഞ്ഞു ഭാൎയ്യയെ കുളിച്ചു വരുത്തി കൂട്ടി ചെയ്തുകൊള്ളുക. ദീക്ഷയുള്ള ആൾ അഷ്ടകാപാൎവ്വണപിതൃയജ്ഞങ്ങളും മന്ത്രത്താൽ നാന്ദീമുഖവും ചെയ്യരുതു. ദീക്ഷയിൽ പുംസവനസീമന്താദി ചെയ്യേണ്ടി വരികിൽ, ശ്രാദ്ധം കഴിഞ്ഞ് ശേഷം കൊള്ളുന്ന ചെയ്തുകൊള്ളുക. പിറ്റേന്നാൾ മുതൽ ചാത്തത്തുങ്കൽ രണ്ടാം ദക്ഷിണയ്ക്കു മുമ്പു ഉദകുംഭദാനവും ചെയ്യേണ്ടതാകുന്നു. പ്രസവാൽപരം ചെയ്യേണ്ടും പുംസവനാദിയും ദീക്ഷയിൽ ചെയ്യേണ്ടതായി വന്നാൽ ന്യായം ഇതുതന്നെ. ഭൎത്താവിന്റെ ദീക്ഷയിൽ ഭാൎയ്യക്കു ഇവ ചെയ്യേണ്ടതായി വരികിൽ ജ്ഞാതിയായി ഉടകമോർ (നങ്ങണ്ടാത്തോർ) ചെയ്തുകൊള്ളുക. പിതാവിന്നാണ് ദീക്ഷയുള്ളതെങ്കിൽ ഇവ യഥാവിധി തന്നെ ചെയ്യാം. എന്നാൽ ക്രിയ ചെയ്യേണ്ടതിന്റെ തലേദിവസം ബലി കഴിഞ്ഞു സപിണ്ഡി ചെയ്തു പിറ്റേദിവസം സ്വതന്ത്രമായി നാന്ദീമുഖം തുടങ്ങി പും

സവനസീമന്താദി ചെയ്ത് നിത്യബലിയും ചെയ്തു പോരുക. എന്നാൽ ഇപ്പക്ഷത്തിലും രണ്ടാം ദക്ഷിണന്ത്യ ന്ത്യ ഉദകുംഭദാനവും ചെയ്യേണ്ടതാകുന്നു. മററു ദീക്ഷക്കാരോടുകൂടി പിന്നെ ദീക്ഷിയ്ക്കരുതെന്നും, ദീക്ഷിയ്ക്കാമെന്നും, മററും പല അഭിപ്രായവുമുണ്ടു. ഇപ്രകാരം ദീക്ഷിയ്ക്കുന്ന ആൾ മാസദിവസം ദീക്ഷ നിൎത്തി അഷ്ടകചെയ്യേണ്ടതുമാകുന്നു. ഇപ്പക്ഷം അധികം നടപ്പില്ലാത്തതിനാൽ അധികവിസ്താരം ചുരുക്കുന്നു. എങ്കിലും ദേശാചാരം പ്രമാണികരിയ്ക്കയും വേണം. ദീക്ഷിതനായ പിതാവ് ജാതകൎമ്മം പതിനൊന്നാം ദിവസം ചെയ്യുന്നു എങ്കിൽ ജാതകൎമ്മം ചെയ്തു കുളിച്ചു ബലി ഇടുക. അച്ഛനല്ലാത്ത ദീക്ഷിതൻ ചെയ്യുന്നു എങ്കിൽ ബലി ഇട്ടു കുളിച്ചു ജാതകൎമ്മം ചെയ്തു ശേഷം കൊൾക. ഇപ്രകാരമാകുന്നു. ദീക്ഷയിൽ ബലി കഴിച്ച് കുളിച്ചാൽ ദൎശപൂൎണ്ണമാസം, ആഗ്രയണം, ഇവ ചെയ്യാം. അച്ഛൻ ദണ്ഡു ചാരേണ്ടതും നിത്യബലിയ്ക്കു മുമ്പാണ് ചെയ്യേണ്ടതു. അന്യദീക്ഷിതനാണെങ്കിൽ ബലി ഇട്ടു കുളിച്ചു ദണ്ഡു ചാരി, ശേഷംകൊൾക. ഇപ്രകാരമാകുന്നു.

### ൪൯. ദീക്ഷയിൽ ശ്രാദ്ധാദി.

ബ്രഹ്മചാരിയ്ക്കു പ്രേതദീക്ഷയിൽ മററുപുല ഉണ്ടായാലും നിത്യശ്രാദ്ധാദിമാസികങ്ങൾ ഊട്ടാം. ഉണ്ടവർ കുളിയ്ക്കണം. ബ്രഹ്മചാരി പിണ്ഡകൎത്താവല്ലെങ്കിൽ കുളിയ്ക്കണമെന്നില്ല. ഭാൎയ്യയ്ക്കു ഭൎത്താവിന്റെ ദീക്ഷയി

ൻ്, അഛനൊ, അമ്മയെയൊ, മരിച്ചമൂന്നു പുല കഴിഞ്ഞ് പിണ്ഡത്തിന്നു മുമ്പുള്ള അന്തരാളത്തിൽ ഉള്ള നിത്യശ്രാദ്ധമുണ്ണുന്ന ആൾ കുളിക്കണമെന്നില്ല. ദീക്ഷയിൽ ശ്രാദ്ധം ദാനം ചെയ്യരുതു. രണ്ടു ശ്രാദ്ധം വന്നാൽ കന്നു ദാനം ചെയ്കയുമാകാം. അതു പാടില്ലെന്നും ചിലർ വാദിക്കുന്നു.

### ൭൦. ദീക്ഷ വീടൽ.

“ദ്വാദശാഹേത്രിപക്ഷേവാ
ഷൺമാസേവത്സരേപിവാ”

എന്നുള്ള ഏതു സന്ദർഭത്തിലും ദീക്ഷ വീടാം. ത്രിപക്ഷേവാ എന്നു തുടങ്ങിയുള്ള ശബ്ദവുകളിൽ, ആ ദിവസം ദീക്ഷ നിൎത്തുകയും അന്നു മുതൽ അഞ്ചു ദിവസം വരെ സപിണ്ഡി ഊട്ടാമെന്നും വിധിയുണ്ടു. എല്ലാ ദിവസവും ദീക്ഷ നിൎത്തുക ആകാമെന്നും ചിലർ പറയുന്നു. അതു സൎവ്വസമ്മതമല്ല. എത്ര സപിണ്ഡി ഒരു ദിവസം ഊട്ടുന്നു എന്നു വരികിലും, അവ ഊട്ടി ഒടുവിൽ എല്ലാത്തിന്നും കൂടി ഒരു അഷ്ടക ചെയ്താൽ മതി. പ്രത്യേകം പ്രത്യേകം അഷ്ടക പാടില്ല. ബ്രഹ്മചാരി സപിണ്ഡി ചെയ്യുമ്പോൾ അഷ്ടക ചെയ്വാൻ പാടില്ലെന്നാണു. നിത്യശ്രാദ്ധാദികളിൽ, കവ്യവിദലം, മറ്റൊ, രോമാദികണ്ടു ആവൎത്തനവിഷയം വന്നാൽ കുളിച്ചാവൎത്തിക്കണം. അന്നു ആളെ കിട്ടാൻ പ്രയാസമെങ്കിൽ, ബലിയിട്ടു പിറ്റേദിവസം രണ്ടാളെ ഊട്ടി ബലിക്കു രണ്ടു പിണ്ഡവും വെക്കു

KOTTAYAM LIBRARY

ണനം. തറവാട്ടിൽ ദീക്ഷയുള്ള നാൾ തിരുനെല്ലി, തിരുവല്ലം, ഇത്യാദിസ്ഥലത്തു ചെന്നു ആരും പിണ്ഡം വച്ചുകൂടാ. ഗർഭദീക്ഷിതനും, ഈ സ്ഥലങ്ങളിൽ പോയി ബലി ഇട്ടുകൂടാ സന്യാസിയുടേ പതിയുടേ സപിണ്ഡി ചെയ്യേണ്ടതായ വിഷയത്തിൽ; സന്യാസിയുടെ സപിണ്ഡിസ്ഥാനത്തുള്ള യോഗീശ്വരപൂജദിവസം, ചെയ്യേണ്ടതാകുന്നു. ദുർമ്മൃതൻെറ പതിയുടെ സപിണ്ഡി ചെയ്യേണ്ടി ഇരിക്കും വിഷയത്തുങ്കൽ, അയാളുടെ നാരായണബലിദിവസം ചെയ്യണം. പതിതൻെറ ഭാര്യയുടേ സപിണ്ഡി, ചെയ്യേണ്ട വിഷയത്തിൽ, ആയാളുടെ മരണം കേട്ട മററെല്ലാ സപിണ്ഡി ചെയ്യും ദിവസം ചെയ്യുക. രണ്ടു ദീക്ഷയുള്ളപ്പോൾ. ഒരു ദീക്ഷ വീടണമെന്നു വരികിൽ ശ്രാദ്ധദിവസങ്ങളിൽ ചെയ്യരുതു. സപിണ്ഡി ദിവസം മററുചാത്ത മൂട്ടേണ്ടതുണ്ടെങ്കിൽ അതും ചെയ്തു ദീക്ഷ നിൎത്തി പിറേറന്നാൾ സപിണ്ഡി ഊട്ടുക. രണ്ടു സപിണ്ഡി ഒരു ദിവസം വന്നാൽ, നേരം പോരെങ്കിൽ അപരപക്ഷമായി, രണ്ടാമത്തേത് പിറേറദ്ദിവസം ചെയ്യാം. തലേ ദിവസംതന്നെ ദാനമായി ചെയ്കയുമാകാം സപിണ്ഡിദ്ദിവസം ഉപ്പുപുല ആണെങ്കിലും ഊട്ടുകയാണു നടപ്പ്. അനുയാത്രയ്ക്കുശേഷം തിലോദകം കഴിഞ്ഞാൽ തിലോദകം ഉണ്ടാക്കി ഒരു ദാനം ചെയ്തു തിലോദകം യഥാവിധി കൂട്ടുക. പിണ്ഡം നശിച്ചാൽ, മുൻകവ്യത്താൽ— പിണ്ഡമുണ്ടാക്കി കൂട്ടുക. ഇവിടെ മിന്ദാഹുതി, വ്യാഹൃതി, പ്രാജാപത്യാദിഗണം, ഇവ സ്വാഹാഹുതി ചെയ്യേണ്ടതാകുന്നു.

൮൧. ശ്രാദ്ധം.

അനുജന്മാർ ശ്രാദ്ധം ഊട്ടുമ്പോൾ ജ്യേഷ്ഠൻ വന്നു ചേൎന്നാൽ കളിച്ചുശേഷം ചെയ്തു കൊൾക. ഉടപെസിച്ചു പോയി എങ്കിൽ വേറെ ചെയ്തുകൊള്ളുക. ചാത്തം ചടങ്ങിനാലെങ്കിൽ അൎഗ്ഘ്യോല്പത്തിക്കു മുമ്പു മാത്രമേ ചേൎന്നു ചെയ്വാൻ പാടൊള്ളൂ. അഞ്ജനാഭ്യംഗാദികളുടേ അശുദ്ധിയിങ്കൽ സ്വസ്ത്യാദികൾ ചാതിച്ച് രണ്ടാമത്തു ബലി ഇടണം. നാന്ദീമുഖത്തുങ്കൽ ഉള്ള പിത്ര്യാൎത്ഥവും ചടങ്ങിനാലശ്രാദ്ധവും, ഗോത്രത്തിൽ ചെയ്യരുതു. ഒരു ശ്രാദ്ധവും തന്നെ ഗോത്രത്തിൽ ചെയ്യുന്നതു ഒട്ടും ഉചിതവുമല്ലാ. മാതാമഹാദികളുടെ (അമ്മാത്തുവക) ചാത്തം ഗോത്രത്തിൽ ചെയ്യാം താനും. ഇഷ്ടിസ്സു കൂടിയാൽ ശ്രാദ്ധം ഉണ്ണാം. ഊട്ടാൻ പാടില്ലാ. ദാനം, പശുദ്ദാനം, പ്രായശ്ചിത്തം, ഇവ വാങ്ങിയാല ശ്രാദ്ധം ഉണ്ണാം. ശ്രാദ്ധം ദാനം വാങ്ങിയാലും, നാന്ദീമുഖം വാങ്ങിയാലും, ശ്രാദ്ധം ഉണ്ണരുതു. ഏകോദിഷ്ടം, നാന്ദീമുഖം, ഇവ ഒഴിച്ച് മററു ദാനങ്ങൾ വാങ്ങിയാൽ, ആലത്തൂർ ഗ്രാമികൾ ശ്രാദ്ധമൂട്ടുന്നു. ശുകപുരത്തുകാർ ശ്രാദ്ധമൂട്ടുന്നതിനു മുമ്പു ഒരു ദാനവും വാങ്ങുക പതിവില്ലാ. പ്രഥമസ്ഥാലീപാകദിവസം ചാത്തമൂട്ടേണ്ടതായി വന്നാല സ്ഥാലീപാകാനന്തരം കുളിച്ച് ശ്രാദ്ധമൂട്ടാം. പശുദ്ദാനം ചെയ്യുന്നവനും ചാത്തമൂട്ടാം.

൮൨. സ്ത്രീകൾ ശ്രാദ്ധമൂട്ടൽ.

സ്ത്രീകൾ മാത്രം ബലി ഇടേണ്ടതായി വന്നാല ഒരാൾ [illegible] കഴകിച്ച് വെള്ളം കൊടുത്ത് ഊട്ടണം. ഉ

ക്ഷിണ പലകയിൽ ചെയ്യിച്ചേട്ടക്കണം. രണ്ടു സ്ത്രീകൾ ബലി ഇടേണ്ടതായി വന്നാൽ രണ്ടു പുല്ലിൽ, പ്രത്യേകം പ്രത്യേകം, ബലി ഇടണം. വലത്ത് ജ്യേഷ്ഠത്തിയും, എടത്ത് അനുജത്തിയും, ഇടണം. മറ്റെല്ലാ ഉപകരണങ്ങളും ശ്രാദ്ധക്കാരനും ഒന്നുമതി. ഇവൎക്ക ശ്രാദ്ധങ്ങൾ ഒരുമിച്ചു വന്നാൽ ക്രമമുറ— ഭൎത്താവു, അച്ഛൻ, അമ്മ, ഈ മുറയ്ക്കു വേണം ബലി ഇടാൻ. ഇവൎക്ക തീണ്ടാൻകുളി (൪-ാംദിനം) കഴിഞ്ഞാൽ ശ്രാദ്ധം ഊട്ടാം. പ്രഥമാൎത്തവത്തിൽ അഞ്ചാം ദിനം പുണ്യാഹം കഴിഞ്ഞേ പാടൊള്ളൂ.

### ൩൨. ശാന്തിഹോമം.

ദശാഹബലിയോടു കൂടിയുള്ള പിണ്ഡത്തുന്നാൾ ചൊവ്വാ, വെള്ളി, ഈ ആഴ്ചകൾ വന്നാൽ മാത്രമേ ശാന്തിഹോമം ചെയ്യേണ്ടതായിട്ടൊള്ളൂ. മറ്റേതുവിധമുള്ള പിണ്ഡദിവസവും ഈ ആഴ്ചകൾ വന്നാൽ ശാന്തിഹോമം ചെയ്യേണ്ടതായിട്ടില്ലാ. അനുപനീതൻ തന്നെ പിണ്ഡം വെയ്ക്കേണ്ടതായി വന്നാൽ, പിണ്ഡദിവസം, ചൊവ്വാഴ്ചയോ, വെള്ളിയാഴ്ചയോ, വന്നാലും ശാന്തിഹോമം ചെയ്യേണ്ടാ. പ്രതിരൂപദാനം വേണ്ടതുമാകുന്നു. സ്ത്രീകൾ തനിച്ച് പിണ്ഡം വയ്ക്കുന്ന ദിവസം ഈ ആഴ്ചകൾ വന്നാലും ഈ ക്രിയ ചെയ്യേണ്ടതില്ലാ. ശാന്തിഹോമം ദീക്ഷ കഴിയും മുമ്പു ചെയ്താൽ മതി എന്നും കല്പിച്ച് ഒരു അഭിപ്രായമുണ്ടു. അന്ത്യശ്രാദ്ധമൂട്ടേണ്ടദിവസവും സഞ്ചയനം കഴിയാതെ ഇരിക്കുമ്പോഴും ഈ ഹോമം ചെയ്തുകൂടാ.

സമാപ്തം.

ഓം. തത്സൽ.

# ജ്യോതിഷപുസ്തകങ്ങൾ.

| | | |
|---|---|---|
| ജാതകാദേശം | ... | 1—0 0 |
| പഞ്ചബോധം | ... | 1—0—0 |
| ദശാഫലങ്ങൾ | ... | 0 4—0 |
| പഞ്ചാംഗഫലം | ... | 0—3—0 |
| ഹോരാശാസ്ത്രം | ... | 1—8—0 |
| ബലപിണ്ഡം | ... | 0—2—0 |
| മൃഗലക്ഷണം | ... | 0—3—0 |

## തച്ചുശാസ്ത്രപുസ്തകങ്ങൾ

| | | |
|---|---|---|
| മനുഷ്യാലയ ചന്ദ്രിക | ... | 1—0—0 |
| മനുഷ്യാലയഭാഷാ | ... | 0—3—0 |
| തന്ത്രസമുച്ചയം | ... | 1—0—0 |
| ജലപരിജ്ഞാനം | ... | 0—4—0 |

## ഭക്തിമാർഗ്ഗപുസ്തകങ്ങൾ.

| | | |
|---|---|---|
| ധ്യാനശ്ലോകങ്ങൾ | ... | 1—8—0 |
| സ്തോത്രരത്നങ്ങൾ | ... | 0—12—0 |
| ഭഗവൽഗീത പോക്കററ് ബുക്ക് | ... | 0—4—0 |
| സ്വാമി ശ്രദ്ധാനന്ദൻ | ... | 0—6—0 |
| രാമായണം | ... | 0—4—0 |
| മന്ത്രപ്രയോഗങ്ങൾ | ... | 1—0—0 |

പഞ്ചാംഗം പുസ്തകശാല, കുന്നംകുളം.

## വില്പനയ്ക്കുള്ള പുസ്തകങ്ങൾ.

| | | രൂ. അ. പ. |
|---|---|---|
| അഹല്യാമോക്ഷം ആട്ടക്കഥ | ... ... | ൦—൪—൦ |
| പ്രാർത്ഥനാതിലകം (പദ്യം) | ... ... | ൦—൮—൦ |
| ക്രിയാരത്നമാല, ഒന്നാംതരം | ... ... | ൨—൬—൦ |
| ടി രണ്ടാംതരം | ... ... | ൨—൦—൦ |
| പകഴിയം ചടങ്ങ് | ... ... | ൧—൬—൦ |
| ചെറുമുക്കിൽപച്ച (സ്മാർത്തപ്രായശ്ചിത്തം) | ... | ൧—൪—൦ |
| ആശൌചം (ഭാഷാ) | ... ... | ൦-൧൦-൦ |
| ആചാരസംഗ്രഹം | ... ... | ൦-൧൨-൦ |
| സവൂലക്ഷണം | ... ... | ൧—൦—൦ |
| സമുച്ചയം (ശില്പഭാഗം) | ... | ൧—൦—൦ |
| മനുഷ്യാലയ ചന്ദ്രിക | ... ... | ൧—൦—൦ |
| ടി (ഭാഷ) | ... ... | ൦—൮—൦ |
| ജാതകാദേശം | ... ... | ൧—൦—൦ |
| ദശാഫലം | ... ... | ൦—൪—൦ |
| ബലപിണ്ഡം | ... | ൦—൨—൦ |
| പഞ്ചാംഗഫലം | ... ... | ൦—൮—൦ |
| മൃഗലക്ഷണം | ... ... | ൦—൮—൦ |
| പഞ്ചബോധം | ... ... | ൧—൦—൦ |
| ധ്യാനശ്ലോകങ്ങൾ | ... ... | ൧—൬—൦ |
| ഭഗവൽഗീത (പോക്കററബുക്ക്) | ... ... | ൦—൪—൦ |
| സ്തോത്രരത്നം | ... ... | ൦-൧൨-൦ |
| കാളിയമർദ്ദനം തുള്ളൽ | ... ... | ൦—൪—൦ |
| ശ്രദ്ധാനന്ദൻ (ഗദ്യം) | ... ... | ൦—൩—൦ |
| കോന്നക്കാടിന്റെ മന്ത്രക്കേട്ട് | ... ... | ൦—൬—൦ |
| ഉപ്രദക്ഷിണം | ... ... | ൦-൧൦-൦ |
| പാന | ... ... | ൦—൧—൦ |

ജി ശങ്കരൻ പോററി,

എടമന സാഹിതീമന്ദിരം പുസ്തകശാലാ;

വാകത്താനം. കോട്ടയം (പോസ്റ്റ്). തിരുവിതാംകൂർ.

## അച്ചടിപ്പാൻ തയാർചെയ്തവ.

ക്രിയാരത്നമാല 2-ാം ഭാഗം.

ക്രിയാ പ്രകാശം പദ്യം.

തൈത്തരിയ ശാഖ സ്വരസഹിതം.

മംഗളദീപം.

പരിഷ്കരിച്ച് എഴുതപ്പെട്ട പ്രായശ്ചിത്തം.

അപേക്ഷയുടേ ബാഹുല്യാനുസരണം അച്ചടിപ്പിക്കുന്നതാകുന്നു.

എടമന ജീ. ശങ്കരൻ പോററി.
വൈദികകലാലയം, വാകത്താനം.
കോട്ടയം. (പോസ്റ്റ്) തിരുവിതാംകൂർ.

## ശ്രീരാജരാജേശ്വരി ആയുർവ്വേദാശ്രമം

തിരുവിതാംകൂർ ഗവമ്മേൻറ അംഗീകൃതായുർവ്വേദവൈദ്യശാല.

എടമന ഇല്ലം. വാകത്താനം. (A. O.) കോട്ടയം (P. O.)

അഷ്ടവൈദ്യാഗ്രേസരനെന്നു സുപ്രസിദ്ധനായ എൻെറ ഗുരുനാഥൻ ബ്രഹ്മശ്രീ ഒളശയിൽ ചീരട്ടമൺ ഇല്ലത്ത് ധന്വന്തരിദാസ്സ്, സീ. എൻ. നാരായണൻ മൂസ്സ് അവർകളുടെ ഉപദേശ സഹായ സഹകരണങ്ങളോടു കൂടി തയാർ ചെയ്തിട്ടുള്ള സകല ആയുർവ്വേദ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതിനും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനും തയാറായിരിക്കുന്ന വിവരം പൊതുജനങ്ങളെ സാദരം അറിയിച്ചുകൊള്ളുന്നു. വിദ്യാർത്ഥികൾക്കും, ഗർഭിണികൾക്കും, [സൂതികകൾക്കും, വേണ്ടി ചില കൈകണ്ട മരുന്നുകളും വില്പനക്കു തയാറാക്കീട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാകുന്നു.

വൈദ്യൻ,. ഏ എം. നാരായണശമ്മാ.

**KOTTAYAM PUBLIC LIBRARY**
KOTTAYAM.
Cl. No. 294.5 3 Acc. No. 77902
This book should be returned on or before the date last stamped below.

17 JAN 1991
4 JUN 2010
4 OCT 2010
4 NOV 2010
4 DEC 2010

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

294.53 77902
KRI. K.

കൃഷ്ണൻ ഭ. പി. പി.

ക്രിയാസംഗ്രഹം.

KOTTAYAM PUBLIC LIBRARY

Call No. 294.53 Acc. No. 77902
KRI·K.

Author [illegible]

Title [illegible]